# ഡി.എൽഎഡ്. പാഠ്യപദ്ധതി
# സമീപനരേഖ 2017–18

*തയാറാക്കിയത്*

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)**
പൂജപ്പുര, തിരുവനന്തപുരം 695 012

2017

S

# ആമുഖം

'ദേശീയ അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതിരൂപരേഖ 2014' മുന്നോട്ടുവെയ്ക്കുന്ന കാഴ്ചപ്പാടുകളുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ പ്രാഥമിക അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതിയായ ഡി.എഡ്. കാലോചിതമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്. വിദ്യാഭ്യാസ നവീകരണപ്രവർത്തനങ്ങൾ ലക്ഷ്യം കാണണമെങ്കിൽ അധ്യാപക സമൂഹത്തിന് പ്രതിഭയും പ്രതിബദ്ധതയും വർധിപ്പിക്കേണ്ടതുണ്ട്. അധ്യാപകവിദ്യാഭ്യാസത്തിന്റെ നിരന്തരമായ നവീകരണത്തിലൂടെ മാത്രമേ ഇതു സാധ്യമാവൂ. 2013ൽ തയാറാക്കപ്പെട്ടതാണ് നിലവിലുള്ള ഡി.എഡ്. പാഠ്യപദ്ധതി. ഘടനയിലും സമീപനത്തിലും പുതുമകൾ മുന്നോട്ടുവയ്ക്കുന്നുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് വളരെയേറെ നിർദേശങ്ങൾ അധ്യാപകപരിശീലന സ്ഥാപനങ്ങളിൽനിന്നും ദേശീയ അവലോകനസമിതികളിൽനിന്നും ഉയർന്നുവരുകയുണ്ടായി. തുടർന്ന് എസ്.സി.ഇ.ആർ.ടി. 2017 മാർച്ചിൽ 'കേരളത്തിലെ അധ്യാപകവിദ്യാഭ്യാസം ഡി.എഡ്. പാഠ്യപദ്ധതി അടിസ്ഥാനമാക്കിയുള്ള പഠനം' എന്ന പേരിലുള്ള പഠനം നടത്താൻ തീരുമാനിച്ചു. 14 ഡയറ്റുകളുടെ സഹായത്തോടെയാണ് പഠനം നടത്തിയത്. ഇതിന്റെ ഫലമായി നിലവിലുള്ള പാഠ്യപദ്ധതിയുടെ ആശയപരവും പ്രായോഗികവുമായ പരിമിതികളും അവ പരിഹരിക്കുന്നതിനുള്ള വിലപ്പെട്ട നിർദേശങ്ങളും 14 ജില്ലകളിൽനിന്നും ലഭിച്ചു. കൃത്യാന്തര ബാഹുല്യത്തിനിടയിലും ശ്രദ്ധാപൂർവം പഠനം നടത്തി റിപ്പോർട്ടുകൾ സമയബന്ധിതമായി തയാറാക്കിത്തന്ന ഡയറ്റുകളെ പ്രത്യേകം അഭിനന്ദിക്കുന്നു. അധ്യാപകവിദ്യാഭ്യാസരംഗത്തു ദീർഘകാലമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസവിദഗ്ധർ, ഡയറ്റ് ഫാക്കൽറ്റികൾ, ടി.ഇ.ഐകളിലെ ടീച്ചർ എജ്യുക്കേറ്റർമാർ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് ഈ സമീപനരേഖ തയ്യാറാക്കിയിട്ടുള്ളത്. മാനവികതയിലും അറിവിന്റെ ജനാധിപത്യവൽക്കരണത്തിലും ഊന്നിക്കൊണ്ടാണ് അധ്യാപകവിദ്യാഭ്യാസത്തിന്റെ നാനാവശങ്ങൾ പ്രതിപാദിക്കുന്ന ഈ രേഖ രൂപപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ വിദ്യാഭ്യാസവിദഗ്ധർ, അധ്യാപകർ, സാമൂഹിക- രാഷ്ട്രീയ ചിന്തകർ മുതലായവരുടെ പങ്കാളിത്തത്തോടെ ഇതിലെ ആശയങ്ങൾ വികസിപ്പിക്കാനും നൂതനവും കാലോചിതവുമായ അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതി രൂപപ്പെടുത്താനും 2018-19 അധ്യയനവർഷം മുതൽ നടപ്പാക്കാനും കഴിയുമെന്നാണു പ്രതീക്ഷ. ഈ പാഠ്യപദ്ധതി നടപ്പിലാക്കുമ്പോൾ വരുത്തേണ്ട ഘടനാപരമായ മാറ്റങ്ങൾക്കായി പ്രത്യേക രേഖ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതാണ്. എല്ലാ അധ്യാപക പ്രസ്ഥാനങ്ങളുടെയും വിദ്യാഭ്യാസ വിദഗ്ധരുടെയും ക്രിയാത്മകമായ വിലയിരുത്തലുകളും നിർദേശങ്ങളും ഈ സമീപനരേഖയ്ക്കുണ്ടാവണം എന്ന് അഭ്യർഥിക്കുന്നു.

**ഡോ. ജെ പ്രസാദ്**
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി

# ഉള്ളടക്കം

പേജ് നമ്പർ

(1) ആമുഖം ..................... 07

1.1 വിദ്യാഭ്യാസ നവീകരണ പ്രവർത്തനങ്ങൾ
1.2 അധ്യാപക വിദ്യാഭ്യാസത്തിന്റെ നവീകരണം - ആവശ്യകത
1.3. കാലത്തിന് അനുയോജ്യരായ അധ്യാപകർ

(2) മാറുന്ന അധ്യാപകവിദ്യാഭ്യാസ പൊതുസമീപനം ..................... 14

2.1 ഭാവി അധ്യാപകൻ (Prospective teacher)
2.2 ഭാവിയിലെ ടീച്ചർ എഡ്യൂക്കേറ്റർ (Prospective teacher educator)
2.3 പഠനാന്തരീക്ഷം
2.4. പഠനവിഷയങ്ങൾ
2.5 അധ്യാപക നൈതികത
S
2.6 പാഠ്യപദ്ധതി വിശകലനവും ഗവേഷണവും
2.7 തുടർ വിദ്യാഭ്യാസ പരിപാടി
2.8 പിന്തുണാ സംവിധാനം
2.9 മോണിറ്ററിംഗ്
2.10 സാമൂഹികപിന്തുണാ പരിപാടികൾ
2.11 അധ്യാപക പരിശീലന കേന്ദ്രം (Teacher Education Institution)
2.12 മൂല്യനിർണയം
2.13 വിദ്യാലയ അനുഭവ പരിപാടി
2.14 മെന്ററിംഗ്
2.15 വിദ്യാലയ വികസനപദ്ധതിയും വാർഷികകലണ്ടറും
2.16 എജുക്കേഷണൽ ടെക്നോളജി
2.17 പഠനരീതികളും തന്ത്രങ്ങളും
2.18 ഐച്ഛിക വിഷയം
2.19 പ്രവേശനം
2.20 പഠനസമയം
2.21 പഠനസാമഗ്രി
2.22 ടീച്ചർ എജ്യുക്കേറ്റർമാർക്കുള്ള സേവനകാല പരിശീലനം
2.23. മൂല്യനിർണയം
2.24 അധ്യാപക നൈപുണികളും മനോഭാവങ്ങളും

പേജ് നമ്പർ

(3) വിഷയസമീപനം ........ 30

3.1 മാതൃഭാഷാപഠനം
3.2 ഇംഗ്ലീഷ്
3.3 ഗണിതശാസ്ത്രം
3.4.1 പരിസരപഠനം
3.4.2 ശാസ്ത്രപഠനം
3.5 സാമൂഹ്യശാസ്ത്രപഠനം
3.6 കലാവിദ്യാഭ്യാസം
3.7 ആരോഗ്യകായിക വിദ്യാഭ്യാസം
3.8 പ്രവൃത്തി പഠനം
3.9 വിദ്യാലയ അനുഭവ പരിപാടി
3.10 വിദ്യാഭ്യാസത്തിന്റെ ദാർശനികവും സാമൂഹികവുമായ അടിത്തറയും സ്കൂൾ പിന്തുണാസംവിധാനങ്ങളും
3.11 വിദ്യാഭ്യാസ മനഃശാസ്ത്രം
3.12 ഉൾച്ചേർന്ന വിദ്യാഭ്യാസം
3.13 ഐ.സി.ടി.

(4) ഘടനാപരമായ മാറ്റങ്ങൾ ........ 71

4.1 ആമുഖം
4.2 ഭൗതിക - പശ്ചാത്തല സൗകര്യങ്ങൾ
4.3 വിദ്യാർഥി പ്രവേശനം, വിദ്യാഭ്യാസ യോഗ്യത, പ്രക്രിയ
4.4 ടീച്ചർ എഡ്യുക്കേറ്റർമാരുടെ യോഗ്യതയും നിയമനവും
4.5 കോഴ്സിന്റെ സ്വഭാവം
4.6 D.El. Ed. വിദ്യാർത്ഥിയുടെ മികവിനുള്ള അംഗീകാരം
4.7 മൂല്യനിർണയം
4.8 മികവുകളുടെ വ്യാപനവും വിഭവങ്ങളുടെ പങ്കു വയ്ക്കലും മെന്റർ വെബ് പോർട്ടലും
4.9 അധ്യാപകപരിശീലകരുടെ തുടർവിദ്യാഭ്യാസവും പ്രൊഫഷണൽ വളർച്ചയും
4.10 അക്രിഡിറ്റേഷൻ
4.11 മോണിറ്ററിംഗ് / പിന്തുണാ സംവിധാനങ്ങൾ
4.12 മേളകളും പഠനോത്സവങ്ങളും

(5) പാഠ്യപദ്ധതി രൂപീകരണവും നടപ്പാക്കലും ........ 77

(6) പാഠ്യപദ്ധതി അവലോകന സമിതികൾ ........ 78

s

# 1 ആമുഖം

സാർവത്രികവിദ്യാഭ്യാസം, ആയുർദൈർഘ്യം, കുറഞ്ഞ ശിശുമരണനിരക്ക് മുതലായവയിൽ കേരളം ലോകത്തിനു മാതൃകയാണെന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇരുപതാംനൂറ്റാണ്ടിന്റെ ആരംഭദശകങ്ങളിൽ ഉയർന്നുവന്ന നവോത്ഥാനചിന്തകൾ, പുരോഗമനരാഷ്ട്രീയം, ഭൂപരിഷ്കരണം എന്നിവ കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക ജീവിതത്തിൽ വൻ മാറ്റങ്ങൾക്കു വഴിതെളിച്ചു. മാനവികമൂല്യങ്ങളാൽ പ്രചോദിതരായ ഒരു ജനത സാമൂഹികനീതിയിലധിഷ്ഠിതമായ സമത്വസുന്ദരമായ ലോകം സ്വപ്നം കണ്ടു. താഴ്ന്ന വരുമാനമുള്ളവരാണെങ്കിലും ഉയർന്ന മാനസികജീവിതത്തിനുടമകളായിരുന്നു അവർ. സ്വാതന്ത്ര്യാനന്തരം ദേശീയജീവിതത്തിലുണ്ടായ ആദർശനിഷ്ഠയും കേരളത്തിലെ സവിശേഷമായ പുരോഗമനരാഷ്ട്രീയവും വായനയിലൂടെ കൈവന്ന ആശയങ്ങളും സമൂഹത്തെ അഗാധമായി സ്വാധീനിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. പൊതുവിദ്യാലയങ്ങളുടെ വ്യാപനവും സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ളവരുടെ വിദ്യാലയപ്രവേശനവും ഈ ഉണർവിന്റെ ചാലകശക്തിയായി പ്രവർത്തിച്ചു.

സംസ്ഥാനരൂപീകരണം കഴിഞ്ഞ് അധികം കഴിയുന്നതിനു മുമ്പുതന്നെ നാം ചില പ്രശ്നങ്ങൾ അഭിമുഖീകരിച്ചുതുടങ്ങി. കാർഷികരംഗത്തോടുള്ള അവഗണന, വ്യാവസായികരംഗത്തെ വളർച്ചയില്ലായ്മ എന്നിവ കാരണം കേരളത്തിന്റെ സാമ്പത്തികരംഗം മുരടിച്ചു തുടങ്ങി. അഭ്യസ്തവിദ്യർ കടുത്ത തൊഴിയിലില്ലായ്മ നേരിട്ടു. 1970കളോടെ ആരംഭിച്ച ഗൾഫ് കുടിയേറ്റത്തിലൂടെ തൊഴിലില്ലായ്മയെയും ദാരിദ്ര്യത്തെയും അതിജീവിക്കാനുള്ള ശക്തമായ ശ്രമങ്ങൾ ഉണ്ടായി. ഗൾഫ്കുടിയേറ്റം കേരളത്തിന്റെ സാമ്പത്തികരംഗത്തെയും ജീവിതത്തെയും അടിമുടി മാറ്റിമറിച്ചു. ഇന്ത്യയിൽ ഏറ്റവുമധികം വിദേശനാണ്യം നേടിത്തരുന്ന സംസ്ഥാനങ്ങളിലൊന്നായിത്തീർന്നു കേരളം. കൂറ്റൻ വീടുകൾ, വാഹനപ്പെരുപ്പം, വർധിച്ച നഗരവൽക്കരണം എന്നിവ പെട്ടെന്നുണ്ടായ സമ്പൽസമൃദ്ധിയുടെ പ്രത്യക്ഷഫലങ്ങളായിത്തീർന്നു. ജീവിതത്തിന്റെ സമസ്ത മേഖലകളെയും അത് ആർഭാടത്തിൽ മുക്കി. ഗൾഫ് പണത്തോടൊപ്പം അഭ്യസ്തവിദ്യരും ഉദ്യോഗസ്ഥരുമായ മധ്യവർഗത്തിന്റെ പുതുശൈലികളും കൂടിച്ചേർന്നപ്പോൾ എന്തും വിലകൊടുത്തു വാങ്ങാനാകുമെന്ന തോന്നൽ വ്യാപിച്ചു. പൊതുവിദ്യാലയങ്ങളുടെയും പൊതുജനാരോഗ്യകേന്ദ്രങ്ങളുടെയും സ്ഥാനത്ത് അൺ എയ്ഡഡ് വിദ്യാലയങ്ങളും വൻകിട സ്വകാര്യ ആശുപത്രികളും അതിവേഗം വളർന്നു. പണം കൊടുത്താലേ മെച്ചപ്പെട്ട വിദ്യാഭ്യാസവും ചികിത്സയും ലഭിക്കൂ എന്ന തോന്നൽ സമൂഹത്തിൽ ശക്തമായി. നാടിന്റെ നട്ടെല്ലായിരുന്ന പൊതുവിദ്യാലയങ്ങളുടെയും പൊതുജനാരോഗ്യകേന്ദ്രങ്ങളുടെയും നിറം മങ്ങിത്തുടങ്ങി. കേരളവികസനത്തിന്റെ ഫലമായുള്ള മികവുകൾ ഒന്നൊന്നായി നഷ്ടപ്പെടുമോ എന്ന തോന്നലും ശക്തമായി. മത്സരബുദ്ധി, ധനാർജനത്വര, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവ പെരുകി. പ്രകൃതിവിഭവങ്ങൾ കൊള്ളയടിച്ചതുകൊണ്ടുള്ള ദുരന്തഫലങ്ങൾ വെളിപ്പെട്ടു തുടങ്ങി. ക്ഷുബ്ധവും കലുഷവുമായ ഈ പ്രവാഹത്തിനിടയിൽ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഒട്ടേറെ വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കുകയും ചെയ്തു. അടിസ്ഥാന വിഭവവികസനം, ദാരിദ്ര്യനിർമാർജനം, വിദ്യാഭ്യാസനവീകരണം എന്നിവ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ ഇതിൽ പ്രധാനപ്പെട്ടതാണ്.

## 1.1 വിദ്യാഭ്യാസ നവീകരണപ്രവർത്തനങ്ങൾ

1990 കളോടെ പാഠ്യപദ്ധതിപരിഷ്കരണത്തിനു പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വിദ്യാഭ്യാസ നവീകരണപ്രവർത്തനങ്ങൾ ആരംഭിച്ചു. കേരളവിദ്യാഭ്യാസച്ചട്ടങ്ങൾ (കെ.ഇ.ആർ.) സാർവത്രിക വിദ്യാലയപ്രവേശനത്തിന് ശക്തിപകർന്നെങ്കിൽ എം.എൽ.എ. പദ്ധതി മുതൽക്കാരംഭിക്കുന്ന സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണങ്ങൾ വിദ്യാഭ്യാസത്തിന്റെ സാർവത്രിക ഗുണമേന്മ എന്ന രണ്ടാംതലമുറ പ്രശ്നം

പരിഹരിക്കുന്നതിനാണു ശ്രമിച്ചത്. സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ള കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കിക്കൊണ്ടുമാത്രമേ വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽക്കരണം സാധ്യമാവുകയുള്ളൂ. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005, കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007, അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതി 2009 എന്നിവയുമായി ബന്ധപ്പെട്ട് തയ്യാറാക്കപ്പെട്ട പാഠ്യപദ്ധതിപരിപ്രേക്ഷ്യങ്ങൾ വിദ്യാഭ്യാസ പരിഷ്കരണത്തിനുള്ള ആശയപരമായ മേൽപ്പുര ഒരുക്കി. ഈ രേഖകളൊക്കെയും ഭാവി സമൂഹത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വിഭാവനചെയ്തു.

- സാമൂഹികനീതി, തുല്യത, ഗുണത എന്നിവയിലധിഷ്ഠിതമായ ജനാധിപത്യ-മതേതര വീക്ഷണം.
- ജീവന്റെ നിലനിൽപ്പിനും സുസ്ഥിതിക്കും ആവശ്യമായ പരിസ്ഥിതി.
- കൃഷിയോടുള്ള ആഭിമുഖ്യം, ശാസ്ത്രബോധം, സുസ്ഥിര വികസനകാഴ്ചപ്പാട്

  എന്നിവയിലൂന്നിയ ഭാവികേരളമാണ് അവയിലാവിഷ്കരിക്കപ്പെട്ടത്.

ഭാവികേരളം ക്ലാസ്മുറികളിൽനിന്നാണ് രൂപപ്പെടാൻ പോകുന്നത് എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസ നവീകരണപ്രവർത്തനങ്ങൾ ശക്തമായത്.

- പഠനം ശിശുകേന്ദ്രീകൃതമായിരിക്കണം. അത് ആഹ്ലാദകരമായ അനുഭവമാകണം.
- കുട്ടി അറിവിന്റെ നിർമാതാവാണ്.
- പഠനത്തിന് ഒരു സാമൂഹികതലം വേണം

എന്ന് ആവർത്തിച്ചു പ്രഖ്യാപിച്ചുകൊണ്ട് സമഗ്രഗുണമേന്മാവിദ്യാലയങ്ങൾ യാഥാർഥ്യമാക്കാൻ പൊതുവിദ്യാഭ്യാസവകുപ്പ് യത്നിച്ചു. പഠനഭാരം ഇല്ലാതാക്കുന്നതിനും കുട്ടിയുടെ സർഗാത്മകതയും ആനന്ദവും തിരിച്ചുകിട്ടുന്നതിനുമുള്ള ശക്തമായ ആശയപ്രചാരണങ്ങളും പ്രവർത്തനങ്ങളുമാണ് പാഠ്യപദ്ധതിപരിഷ്കരണങ്ങളിലൂടെ നടത്തിയത്. ഇതിന്റെ ഫലമായി പൊതുവിദ്യാലയങ്ങൾ അക്കാദമികമായും ഭൗതികമായും മെച്ചപ്പെട്ടു. വിദ്യാലയങ്ങൾക്കുള്ള സാമൂഹികപിന്തുണ വർധിച്ചു. അനുഭവാധിഷ്ഠിത പരിശീലനങ്ങളിലൂടെ പൊതുവിദ്യാലയങ്ങളിലെ അധ്യാപകരിൽ ഭൂരിഭാഗവും പ്രൊഫഷണലുകളായി മാറി.

**പ്രശ്നങ്ങൾ, വെല്ലുവിളികൾ**

ഒരുവശത്ത് പൊതുവിദ്യാഭ്യാസത്തിന്റെ നവീകരണത്തിനും വികസനത്തിനും വേണ്ടി പരിശ്രമം നടക്കുമ്പോൾ മറുവശത്ത് ഇതിനെ നിഷ്ഫലമാക്കുന്ന പ്രവണതകളും പ്രകടമാണ്.

- അൺഎയ്ഡഡ് വിദ്യാലയങ്ങളുടെ വ്യാപനം.
- പ്രൊഫഷണൽ വിദ്യാഭ്യാസത്തോടുള്ള അമിതമായ ആഭിമുഖ്യം.
- വിദ്യാഭ്യാസത്തെ ഭൗതികനേട്ടത്തിനുള്ള ഉപകരണമായിക്കാണൽ

എന്നിങ്ങനെയുള്ള ഒരു ബോധത്തിന്റെ സ്വാധീനം കേരളത്തിൽ ശക്തമാണ്. ഇതിന്റെ ഫലമായി നമ്മുടെ തനതായ മതനിരപേക്ഷ ജനാധിപത്യവിദ്യാഭ്യാസം കടുത്ത വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്.

**നവകേരളസൃഷ്ടിയും അധ്യാപകരും**

കേരളത്തിന്റെ മഹത്തായ പാരമ്പര്യം തിരിച്ചുപിടിക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കാൻ കഴിയുക അധ്യാപകർക്കാണ്. ആയതിനാൽ അധ്യാപകരെ രൂപപ്പെടുത്തുന്ന അധ്യാപകവിദ്യാഭ്യാസം നിർണായകമാണ്. സംസ്ഥാനത്തെ അധ്യാപകവിദ്യാഭ്യാസം കാലോചിതവും ശക്തവുമാക്കി മാറ്റിയാൽ മാത്രമേ ഭാവിയുടെ അധ്യാപകരെ വാർത്തെടുക്കാൻ കഴിയുകയുള്ളൂ. കേരളത്തിന്റെ ആവശ്യങ്ങൾ അനുസരിച്ച് നാളത്തെ അധ്യാപകൻ എങ്ങനെയുള്ളവരായിരിക്കണം എന്ന കാഴ്ചപ്പാട് നമുക്കുണ്ടായിരിക്കണം.

- കേരളത്തിന്റെ നവോത്ഥാന പാരമ്പര്യത്തെക്കുറിച്ചും സാമൂഹികവികാസത്തെക്കുറിച്ചും ആഴത്തിലുള്ള അവബോധം.
- വിദ്യാഭ്യാസത്തെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാട്.
- മുഴുവൻ കുട്ടികൾക്കും ഗുണമേന്മയുള്ള പഠനാന്തരീക്ഷം ഒരുക്കുന്നതിനുള്ള ശേഷിയും മനോഭാവവും.

- പഠനത്തിനായി ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കാനുള്ള ശേഷി.
- പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരെയും പ്രത്യേക പരിഗണന അർഹിക്കുന്നവരെയും പിന്തുണയ്ക്കുന്നതിനുള്ള ശേഷി.
- ജനാധിപത്യപരമായി ഇടപെടുന്നതിൽ താൽപ്പര്യം.
- ബോധനതന്ത്രങ്ങളിലും വിലയിരുത്തലിലും വിദഗ്ധർ
- നിരന്തര പഠിതാക്കൾ ഗവേഷകർ
- മാറുന്നതിനും വികസിക്കുന്നതിനും സദാ സന്നദ്ധർ
- നവ സമൂഹസൃഷ്ടിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ തൽപ്പരർ
- കുട്ടികളുടെ പുരോഗതിക്കായി സാമൂഹികബന്ധം സ്ഥാപിക്കുന്നവർ.

ഇങ്ങനെയുള്ള സർഗാത്മകവ്യക്തിത്വത്തിനുടമകളായിരിക്കണം അധ്യാപകർ. ഇത്തരത്തിലുള്ള മികവു പുലർത്തണമെങ്കിൽ അയാൾക്ക് അർഥപൂർണമായ ലക്ഷ്യപ്രാപ്തിയോടുകൂടിയ ഔപചാരികവിദ്യാഭ്യാസം ലഭിച്ചിരിക്കണം. എൻ.സി.എഫ്. 2005 ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതയിലൂന്നിക്കൊണ്ടു പറയുന്ന വിശാലമായ വിദ്യാഭ്യാസലക്ഷ്യങ്ങൾ നോക്കുക: “സാമൂഹികനീതിയിലും സമത്വത്തിലും അധിഷ്ഠിതമായ, മതേതരവും വൈവിധ്യത്തെ അംഗീകരിക്കുന്നതും തുല്യാവകാശങ്ങളോടുകൂടിയതുമായ ഒരു സമൂഹമായാണ് ഭരണഘടന ഇന്ത്യയെ കാണുന്നത്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വിശാലമായ ചില വിദ്യാഭ്യാസലക്ഷ്യങ്ങൾ ഈ രേഖയിൽ കൊടുത്തിട്ടുണ്ട്. സ്വതന്ത്രമായ ചിന്തയും പ്രവർത്തനവും മറ്റുള്ളവരുടെ സൗഖ്യത്തോടും വികാരങ്ങളോടുമുള്ള ബഹുമാനം, പുതിയ സന്ദർഭങ്ങളോട് സർഗ്ഗാത്മകമായും വഴക്കത്തോടുകൂടിയും പ്രതികരിക്കാനുള്ള കഴിവ്, ജനാധിപത്യ പ്രക്രിയകളിൽ പങ്കാളികളാകാനുള്ള സന്നദ്ധത, സാമൂഹികമാറ്റത്തിനും സാമ്പത്തികപുരോഗതിക്കും വേണ്ടി പ്രവർത്തിക്കാനുള്ള കഴിവ് മുതലായവയൊക്കെ ഇതിൽ പെടും” (എൻ.സി.എഫ്. 2005, പുറം 10). ശേഷിയിലും മനോഭാവത്തിലും ഇപ്രകാരത്തിലുള്ള മികവു പുലർത്തുന്നവരാണ് അധ്യാപകവിദ്യാഭ്യാസം നേടാൻ എത്തിച്ചേരേണ്ടത്.

## 1.2 അധ്യാപകവിദ്യാഭ്യാസത്തിന്റെ നവീകരണം - ആവശ്യകത

ഏതൊരു പാഠ്യപദ്ധതിയും കാലോചിതമായി നവീകരിക്കപ്പെട്ടില്ലെങ്കിൽ അതിന്റെ ചലനാത്മകത (Dynamism) നഷ്ടപ്പെടും. സാമൂഹികവും വിദ്യാഭ്യാസപരവും തൊഴിൽപരവുമായ ആവശ്യങ്ങളോട് ഫലപ്രദമായി പ്രതികരിക്കാനുള്ള അതിന്റെ ശേഷി ഇല്ലാതാവും. 2013-14ൽ നടപ്പാക്കപ്പെട്ട D.Ed. പാഠ്യപദ്ധതി അതുവരെ നിലവിലിരുന്ന പാഠ്യപദ്ധതിയിൽനിന്നു ഘടനാപരമായി വ്യത്യസ്തത പുലർത്തുന്നുണ്ടെങ്കിലും അതിന് വളരെയേറെ പരിമിതികളുണ്ടെന്ന് അന്വേഷണങ്ങൾ വെളിപ്പെടുത്തുന്നു. ‘ജോയിന്റ് റിവ്യൂ മിഷൻ 2014’ ഈ പാഠ്യപദ്ധതി ഒട്ടും പ്രക്രിയാബന്ധിതമല്ലെന്നും പൊതുപരീക്ഷകൾ മനപ്പാഠരീതിയെ പ്രോത്സാഹിപ്പിക്കുന്നുവെന്നും പറയുന്നു. ചേഷ്ടാവാദ (Behaviourism) രീതിയിലേക്കുള്ള തിരിച്ചുപോക്കായിട്ടാണ് മിഷൻ പാഠ്യപദ്ധതിയെ വിലയിരുത്തുന്നത്. മാത്രമല്ല, ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് 2005, കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 എന്നിവ മുന്നോട്ടു വയ്ക്കുന്ന അടിസ്ഥാനാശയങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തമാണ് ഈ പാഠ്യപദ്ധതിസമീപനമെന്നും വിലയിരുത്തുന്നു. എൻ.സി.ഇ.ആർ.ടി. 2015ൽ നടത്തിയ പഠനത്തിലും പാഠ്യപദ്ധതിയുടെ ഉള്ളടക്കം, സമയക്രമം എന്നിവ ഒട്ടും അനുയോജ്യമല്ല എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. പാഠ്യപദ്ധതിപ്രവർത്തനങ്ങൾ ഭൂരിഭാഗവും വിദ്യാലയങ്ങൾക്ക് ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന് പരീക്ഷാ ബോർഡ് അംഗങ്ങളുടെ റിപ്പോർട്ടുകൾ സാധൂകരിക്കുന്നു. തുടർമൂല്യനിർണയസാമഗ്രികളുടെ പെരുപ്പവും അതിനനുസൃതമായി ക്ലാസ്റൂം പ്രവർത്തനങ്ങൾ സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യാൻ കഴിയാതെ വന്നതും അധ്യാപകവിദ്യാർഥികളിൽ പഠനഭാരം വർധിപ്പിക്കുകയുണ്ടായി. പലവിഷയങ്ങളുടേയും ഉള്ളടക്കം നിശ്ചയിച്ചത് കുട്ടിയുടെ പഠനസമയമോ പ്രവർത്തനസമയമോ പരിഗണിച്ചുകൊണ്ടായിരുന്നില്ല. അധ്യാപകർക്ക് റഫറൻസിനു നൽകിയ പഠനസഹായി ഇൻഫർമേഷൻ ബാങ്കായി പരിമിതപ്പെട്ടു. എൻ.സി.ടി.ഇ. നിർദേശിച്ച 100 ദിവസത്തെ അധ്യാപകപരിശീലനം പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടില്ല.

കേരളത്തിലെ അധ്യാപകവിദ്യാഭ്യാസം – 'ഡി.എഡ് പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കിയുള്ള പഠനം' എന്ന പേരിൽ എസ്.സി.ഇ.ആർ.ടി. 2017ൽ സമഗ്രപഠനം നടത്തുകയുണ്ടായി. പഠനത്തിലെ കണ്ടെത്തലുകൾ താഴെ പറയുന്നവയാണ്.

- സ്കൂൾപാഠ്യപദ്ധതി കാഴ്ചപ്പാടുകൾ, പഠനരീതികൾ എന്നിവ നിരന്തരം ചർച്ച ചെയ്യപ്പെടുകയും നവീകരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതി നവീകരിക്കപ്പെടുന്നില്ല.
- നിലവിലുള്ള പാഠ്യപദ്ധതിരേഖ വിഭാവനചെയ്യുന്ന ഭൗതിക – അക്കാദമിക അന്തരീക്ഷമോ പ്രവർത്തനസംഘാടനമോ ഉറപ്പാക്കാനുള്ള സംവിധാനമില്ല.
- പ്രൈമറി ക്ലാസുകളിലെ പഠനതന്ത്രങ്ങളെക്കുറിച്ച് ടീച്ചർ എജ്യുക്കേറ്റർമാർക്ക് ധാരണ ലഭിക്കുന്നതിനുള്ള പരിശീലനങ്ങൾ ഇല്ല. ഇവരെ സേവനകാല അധ്യാപകപരിശീലന രംഗത്ത് പങ്കാളികളായോ വിദഗ്ധരായോ പങ്കെടുപ്പിക്കുന്നില്ല.
- അവശ്യ അക്കാദമികധാരണകൾ നേടിയ, യുവത്വത്തിലേക്കു പ്രവേശിച്ച പഠിതാക്കൾക്ക് മികച്ച അധ്യാപകർക്കുവേണ്ട മനോഭാവവും കഴിവും വളർത്താനുള്ള അനുഭവങ്ങളാണ് അധ്യാപകവിദ്യാഭ്യാസത്തിലൂടെ ലഭ്യമാക്കേണ്ടത്. ഇതിനു സഹായകമായ ധാരണകൾ നൽകുകയും അവ ഉറപ്പാക്കുന്നതിനുള്ള രേഖകൾ തയാറാക്കുകയും മാത്രം ചെയ്താൽ മതിയാവും. ധാരണകൾക്കും രേഖകൾക്കും അതുറപ്പുവരുത്താനുള്ള പരീക്ഷാതന്ത്രങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകുകയും മികച്ച അധ്യാപകരാവുക എന്ന പ്രാഥമികലക്ഷ്യം വേണ്ടത്ര പരിഗണിക്കപ്പെടാതെപോവുകയും ചെയ്യുന്നു.
- അക്കാദമികമികവു പുലർത്തുന്ന വിദ്യാർഥികൾ അധ്യാപകവിദ്യാഭ്യാസ കോഴ്സുകൾ തിരഞ്ഞെടുക്കുന്നില്ല എന്നത് സാമൂഹികവിശകലനത്തിനു വിധേയമാകേണ്ട കാര്യമാണ്. മികച്ച വിദ്യാഭ്യാസനിലവാരമുള്ള രക്ഷിതാക്കൾപോലും മക്കളെ അധ്യാപകരാവാൻ പ്രേരിപ്പിക്കുന്നില്ല. അതിനാൽ കോഴ്സിൽ എത്തിച്ചേരുന്നതിൽ നല്ലൊരു വിഭാഗം പാഠ്യപദ്ധതി ഉള്ളടക്കം സ്വാംശീകരിക്കാൻ കഴിയാത്തവരോ താൽപ്പര്യമില്ലാത്തവരോ ആയിരിക്കും.
- അധ്യാപകപരിശീലന കേന്ദ്രങ്ങളിലധികവും നിശ്ചിത പാഠ്യപദ്ധതിപ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൗതികസൗകര്യങ്ങൾ, പഠനോപകരണങ്ങൾ, യോഗ്യരായ അധ്യാപകർ എന്നിവയില്ലാതെയാണ് പ്രവർത്തിക്കുന്നത്. പല സ്ഥാപനങ്ങളിലും സ്ഥിരം അധ്യാപകരില്ല.
- ഭൗതിക – അക്കാദമികസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി ജനപ്രതിനിധികൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, മറ്റു സാമൂഹിക പിന്തുണാസംവിധാനങ്ങൾ എന്നിവരെ സമീപിക്കാനോ പിന്തുണ ഉറപ്പുവരുത്താനോ കഴിയുന്നില്ല.
- സമയബന്ധിതമായി പഠിതാക്കളുടെ പ്രവേശനം ആവശ്യമായത്രയും അധ്യാപകരെ നിയമിക്കൽ, പഠനസഹായസാമഗ്രികൾ എത്തിക്കൽ തുടങ്ങിയ അവശ്യകാര്യങ്ങളിൽ പോലും ബന്ധപ്പെട്ട സ്ഥാപനങ്ങൾ ജാഗ്രത കാണിക്കുന്നില്ല. കോഴ്സിന് അപേക്ഷ ക്ഷണിക്കൽ മുതൽ പ്രവേശനം വരെയുള്ള നടപടികൾ അനാവശ്യ സങ്കീർണതകളിലും അഭിലഷണീയമല്ലാത്ത താൽപ്പര്യങ്ങളിലും കുടുങ്ങിക്കിടക്കുയാണ്.
- നിരന്തരമൂല്യനിർണയം, യൂണിറ്റ് ടേം പരീക്ഷകൾ, ഇന്റേൺഷിപ്പ്, വാർഷികപ്പരീക്ഷ തുടങ്ങിയ മൂല്യനിർണയസങ്കേതങ്ങളെല്ലാം ലക്ഷ്യത്തിൽനിന്ന് അകലെയാണ്. നടത്തിപ്പിന്റെ സൗകര്യമാണ് ഏറെ പരിഗണിക്കപ്പെടുന്നത്.
- പാഠ്യപദ്ധതി നിർദേശിക്കുന്ന വിഷയങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയുന്നതല്ല. ലഭ്യമായ സമയത്തിനുള്ളിൽ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്താനുള്ള ആസൂത്രണമോ അക്കാദമിക സമിതികളോ സ്ഥാപനങ്ങളിൽ ഇല്ല.
- പാഠ്യപദ്ധതിനിർവഹണത്തിനായി ആസൂത്രിതമായ ശ്രമങ്ങളോ മോണിറ്ററിങ് സമിതികളോ ഇല്ല. പ്രവർത്തനമാനകീകരണത്തിനായി നടത്തുന്ന പ്രാക്ടിക്കൽ എക്സാമിനേഷൻ ബോർഡ് സന്ദർശനം ഒരു തിരുത്തൽസങ്കേതമായി മാറുന്നില്ല. അവശ്യം നടത്തേണ്ട പ്രവർത്തനങ്ങൾ പോലും

നടത്താത്ത സ്ഥാപനങ്ങളിലെ പഠിതാക്കളും പൊതുപരീക്ഷയെഴുതി സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്നു. ശക്തമായ മോണിറ്ററിങ് ശൃംഖലയില്ലാത്തതാണ് പ്രധാന കാരണം.

- കച്ചവടമനസ്ഥിതിയോടെ മാത്രം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കാനോ അംഗീകാരം പുനപ്പരിശോധിക്കാനോ ഭരണപരമായ സംവിധാനങ്ങളില്ല.
- നിരവധി വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന 'അധ്യാപകപരിശീലന കേന്ദ്രങ്ങൾ' ശീലങ്ങളുടെ തടവുകാരാണ്. പാഠ്യപദ്ധതിയുടെ അന്തസ്സത്ത ഉൾക്കൊണ്ട് പ്രവർത്തനങ്ങൾ പുനസ്സംവിധാനം ചെയ്യാൻ 'സ്ഥിരപരിചിതരായ' അധ്യാപകർ തയാറാവുന്നില്ല.
- അധ്യാപനപരിശീലന (Teaching practice) ത്തിന്റെ പ്രായോഗികാനുഭവങ്ങൾ ധാരാളം ലഭിക്കാനും സ്വന്തം ശക്തിദൗർബല്യങ്ങൾ വിശകലനം ചെയ്യാനും നേടിയ ബോധനശാസ്ത്ര ധാരണകളുടെ പ്രായോഗികതലം വിലയിരുത്താനും കൂടുതൽ സമയം ലഭിക്കേണ്ടതുണ്ട്. അധ്യാപനപരിശീലനം ഒരു പ്രവർത്തനം എന്ന രീതിയിൽ വല്ലവിധേനയും നടത്തിത്തീർക്കുന്നുണ്ടെങ്കിലും ആരുടെയും ഫലപ്രദമായ ഇടപെടലോ തിരുത്തലോ വിശകലനമോ നടക്കുന്നില്ല. വിദ്യാലയത്തിൽ ചെന്ന് അധ്യാപനപരിശീലനം നേടുന്നതിനു മുമ്പായി നേടേണ്ട അനിവാര്യമായ ധാരണകൾ കൈവരിച്ചല്ല പരിശീലനത്തിനു പോകുന്നത്. നിലവിലുള്ള സെമസ്റ്റർ ഘടന ശാസ്ത്രീയമായ വിശകലനത്തിന് തടസ്സവുമാണ്.
- എൽ.പി. ക്ലാസുകളിലെ അധ്യാപനപരിശീലനത്തിന് കുറേക്കൂടി പ്രാധാന്യം നൽകണം. യു.പി. ക്ലാസുകളിലെ ഐച്ഛികരീതി വിദ്യാർഥികളുടെ തിരഞ്ഞെടുപ്പ് മുതൽ പരിഗണന നൽകേണ്ട കാര്യമാണ്.
- ഇംഗ്ലീഷ് മീഡിയം ക്ലാസിൽ എങ്ങനെയാണ് പഠന-ബോധന പ്രവർത്തനങ്ങൾ നൽകേണ്ടത് എന്നതിനെക്കുറിച്ച് അധ്യാപകവിദ്യാർഥിക്കു ധാരണ നൽകുന്നില്ല. ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനുള്ള ആത്മവിശ്വാസം പഠിതാവിന് കുറവാണുതാനും. ഇതു പരിഗണിച്ചുകൊണ്ട് പഠിതാക്കൾക്ക് ഇംഗ്ലീഷിൽ സവിശേഷപിന്തുണ ലഭിക്കേണ്ടതുണ്ട്.
- അധ്യാപകവിദ്യാഭ്യാസമേഖലയിൽ കാര്യമായ ധാരണകളോ താൽപ്പര്യമോ ഇല്ലാത്ത ഹൈസ്കൂൾ അധ്യാപകർ സ്ഥലംമാറ്റം നേടി ടീച്ചർ എജ്യുക്കേറ്റർമാരായി വരുകയും അധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതി സ്വാംശീകരിക്കാൻ ശ്രമിക്കാതിരിക്കുകയും ചെയ്യുന്നതാണ് സർക്കാർ സ്ഥാപനങ്ങളുടെ ഒരു പ്രധാന പരിമിതി. പ്രൈമറി വിദ്യാലയത്തിൽ അധ്യാപനപരിചയമില്ലാത്തവർ നേരിട്ട് ടീച്ചർ എജ്യുക്കേറ്റർമാരായി വരുന്നതാണ് സ്വകാര്യസ്ഥാപനങ്ങളുടെ ഗുണനിലവാരത്തെ ബാധിക്കുന്നത്.
- അധ്യാപകവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കാഴ്ചപ്പാട്, തൊഴിൽപരമായ വൈദഗ്ധ്യം എന്നിവ മെച്ചപ്പെടുത്താനാവശ്യമായ ഗവേഷണമോ ശില്പശാലകളോ തുടർവിദ്യാഭ്യാസ പരിപാടികളോ ഇല്ല.
- പാഠ്യപദ്ധതി നിർദേശിക്കുന്ന ഉള്ളടക്കം, അതിന്റെ വിനിമയം എന്നിവയെ പിന്തുണയ്ക്കുന്ന കൈപ്പുസ്തകങ്ങൾ, റഫറൻസ് എന്നിവ ലഭ്യമല്ലാത്തതിനാൽ ടീച്ചർ എജ്യുക്കേറ്റർമാർക്ക് പഠിതാക്കളെ ശരിയായി നയിക്കാനാവുന്നില്ല.
- വിവരവിനിമയ സാങ്കേതികവിദ്യയിൽ പ്രായോഗികധാരണയും അധ്യാപനത്തിൽ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താനുള്ള കഴിവും ഇനിയും നേടിയെടുക്കേണ്ടതുണ്ട്.
- പഠനയാത്ര, ക്യാമ്പ്, ഇന്റേൺഷിപ്പ് തുടങ്ങി അധ്യാപകവിദ്യാഭ്യാസകേന്ദ്രത്തിൽ നടക്കുന്ന പ്രവർത്തനങ്ങളിലധികവും ലക്ഷ്യം മറന്നാണ് സംഘടിപ്പിക്കപ്പെടുന്നത്.
- ഇന്റേൺഷിപ്പ് പ്രവർത്തനങ്ങൾക്ക് വിദ്യാലയങ്ങളുടെ സഹകരണം കുറവാണ്. ക്ലാസ്, സമയം എന്നിവ അനുവദിക്കുക, ടീച്ചിങ് മാന്വൽ, പഠനോപകരണങ്ങൾ എന്നിവ വിലയിരുത്തുക, ക്ലാസ് നിരീക്ഷിക്കുകയും വിശകലനം നടത്തുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങളിൽ വിദ്യാലയത്തിന് ആരെങ്കിലും കൃത്യമായ നിർദേശം നൽകുകയോ അത് വിലയിരുത്തുകയോ ചെയ്യുന്നില്ല.
- മെന്ററിങ് എന്ന ആശയത്തെ പ്രായോഗികമായി വിജയിപ്പിക്കാൻ കഴിഞ്ഞിട്ടില്ല.
- 'ഉൾച്ചേർന്ന വിദ്യാഭ്യാസം' എന്ന നിലപാട് സ്വീകരിക്കാനോ പ്രയോഗിച്ച് വിശകലനം ചെയ്യാനോ ആവശ്യമായ പിന്തുണയും അവസരവും ലഭിക്കുന്നില്ല.

- അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഉള്ളടക്കം വിനിമയം ചെയ്യുന്നതിനായി സ്വീകരിച്ച തന്ത്രങ്ങൾ, സങ്കേതങ്ങൾ എന്നിവ പാഠ്യപദ്ധതിയുടെ വിശാല ലക്ഷ്യങ്ങൾ, അധ്യാപനനൈപുണികൾ എന്നിവ നേടാൻ പര്യാപ്തമല്ല.
- പാഠ്യപദ്ധതി നിർദേശിക്കുന്ന റഫറൻസ് പുസ്തകങ്ങളധികവും പഠിതാക്കളുടെ പഠന നിലവാരത്തിൽനിന്ന് ഏറെ ഉയരത്തിലുള്ളതും സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്തതുമാണ് (ടീച്ചർ എജ്യുക്കേറ്റർക്കു നൽകിയ കൈപ്പുസ്തകത്തിന്റെ കോപ്പി പഠിതാക്കൾക്കു നൽകുകയാണ് പലരും ചെയ്തത്).
- ഉചിതമായ പഠനോപകരണങ്ങളുടെ തിരഞ്ഞെടുപ്പ്, സൂക്ഷ്മതയോടുകൂടിയ പ്രയോഗം, ഗ്രൂപ്പ്പ്രവർത്തനം, സെമിനാർ തുടങ്ങിയ സങ്കേതങ്ങൾ ശരിയായി പ്രയോജനപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളിൽ പഠിതാക്കൾക്ക് മതിയായ മാർഗ ദർശനം ലഭിക്കുന്നില്ല.
- അധ്യാപകവിദ്യാർഥി അവശ്യം നേടിയിരിക്കേണ്ട അധ്യാപനനൈപുണികൾക്ക് ഊന്നൽ കൊടുക്കുന്ന പഠനരീതിയോ പ്രായോഗികാനുഭവങ്ങളോ ലഭിക്കുന്നില്ല.
- സ്ഥാപനനടത്തിപ്പിന് ജനകീയ തലമില്ല.

## 1.3. കാലത്തിന് അനുയോജ്യരായ അധ്യാപകർ

അധ്യാപകവിദ്യാഭ്യാസത്തിലൂടെ രൂപപ്പെട്ടുവരേണ്ട അധ്യാപകനെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ വികസിപ്പിച്ചുകൊണ്ടു മാത്രമേ അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതി രൂപപ്പെടുത്താൻ കഴിയൂ. ഇതിന് സ്കൂൾ വിദ്യാഭ്യാസത്തെ നിർണയിക്കുന്ന ബോധശാസ്ത്രം, ദർശനം, പഠിതാവ്, വിദ്യാലയം, സമൂഹം എന്നിവയുടെ നിലവിലുള്ള അവസ്ഥ ക്രോഡീകരിക്കേണ്ടതുണ്ട്.

**അറിവു നിർമിക്കുന്ന കുട്ടി**

അധ്യാപകവിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് വികസിപ്പിക്കേണ്ടത് പഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളിൽനിന്നാണ്. രണ്ടു ദശകമായി കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പാഠ്യപദ്ധതികൾ സാമൂഹിക ജ്ഞാനനിർമിതിവാദത്തി ലധിഷ്ഠിതമാണ്. സാമൂഹികമായ അന്തരീക്ഷത്തിൽ കുട്ടി അറിവു നിർമിക്കുന്നു എന്ന കാഴ്ചപ്പാടാണ് ഇതിനുള്ളത്. കുട്ടികൾ തമ്മിലും കുട്ടികളും അധ്യാപകനും തമ്മിലും കുട്ടികളും സമൂഹവും തമ്മിലുമുള്ള കൊടുക്കൽ വാങ്ങലുകളിലൂടെയാണ് കുട്ടി അറിവു നിർമിക്കുന്നത്. അനുഭവാധിഷ്ഠിതമായ അന്തരീക്ഷത്തിലാണ് പഠനം നടക്കേണ്ടത്. സ്കൂൾ പാഠ്യപദ്ധതിയുടെ പ്രധാന പരിഗണനകൾ ഇനി പറയുന്നവയാണ്.

- കുട്ടിയുടെ പ്രകൃതം, പഠനപ്രക്രിയ എന്നിവ പരിഗണിക്കുന്നു.
- പഠനം ജനാധിപത്യപരമായ അന്തരീക്ഷത്തിലാണു നടക്കേണ്ടത്. തിരഞ്ഞെടുക്കൽ നടത്തുന്നതിന് കുട്ടികൾക്ക് അവസരമുണ്ടായിരിക്കും.
- കണ്ടെത്തൽപഠന (Discovery learning) ത്തിന് പ്രാധാന്യം നൽകുന്നു.
- സഹവർത്തിതപഠനത്തിന് അവസരം.
- സ്വയം വിലയിരുത്തലിനും പരസ്പര വിലയിരുത്തലിനും അവസരം.

കുട്ടികളുടെ സാമൂഹികവും ബുദ്ധിപരവുമായ വ്യത്യസ്തതകൾ, ശാരീരിക പരിമിതികൾ, പഠനവൈകല്യങ്ങൾ എന്നിവയെ സംബോധനചെയ്യുന്ന അങ്ങേയറ്റം മാനവികമായ കാഴ്ചപ്പാടാണ് സ്കൂൾ പാഠ്യപദ്ധതി സ്വീകരിച്ചിട്ടുള്ളത്. ഇതനുസരിച്ച് ക്ലാസിലുള്ള ഒരു കുട്ടിക്കെങ്കിലും വിഭാവനചെയ്യുന്ന പഠനനേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നില്ലെങ്കിൽ വിദ്യാഭ്യാസലക്ഷ്യങ്ങൾ പരാജയപ്പെടുന്നു എന്നു വിലയിരുത്താവുന്നതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിലൂടെ സുസ്ഥിരവികസനം കൈവരിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. രാഷ്ട്രത്തിന്റെ വികസനത്തിന് സംഭാവനചെയ്യാൻ കഴിയുന്നതും സ്വന്തം നിലയിൽ ജീവിതായോധനത്തിനു പ്രാപ്തിയുള്ളതുമായ തലമുറയാണ് വിദ്യാഭ്യാസത്തിലൂടെ രൂപപ്പെട്ടു വരേണ്ടത്. ഇത്തരത്തിലുള്ള പാഠ്യപദ്ധതി നടപ്പാക്കുന്നതിനു പ്രതിബദ്ധതയുള്ള അധ്യാപകരെയാണ് അധ്യാപകവിദ്യാഭ്യാസത്തിലൂടെ രൂപപ്പെടുത്തേണ്ടത്.

**അനുയോജ്യരായ അധ്യാപകർ**

പുതിയ കാലവും സമൂഹവും അനുഭവിക്കുന്ന പ്രതിസന്ധികളെയും ഉത്കണ്ഠകളെയും മറികടക്കാനുള്ള അനുയോജ്യവിദ്യാഭ്യാസമാണ് നമുക്കു വേണ്ടത്. ലോകത്തെവിടെയും മനുഷ്യർ അനുഭവിക്കുന്ന അവസ്ഥകൾക്ക് സമാനതകളുണ്ട്. എന്നാൽ പ്രകൃതി, കാലാവസ്ഥ, വിഭവങ്ങൾ, ഭരണസംവിധാനം, സംസ്കാരം തുടങ്ങിയ നിരവധി ഘടകങ്ങളിൽ ഓരോ രാജ്യവും അതിനുള്ളിലെ ഭൂപ്രദേശങ്ങളും വ്യത്യസ്തമാണ്. കാലം മുന്നോട്ടു പോകുന്തോറും പുതിയ സാധ്യതകളും പ്രതിസന്ധികളും വളർന്നുവരുന്നു. പഠിക്കേണ്ട വിഷയം, പഠിക്കുന്ന രീതി, പഠന സങ്കേതങ്ങൾ, പഠനവിഷയത്തിന്റെ പ്രയോജനപരത എന്നിവയിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കും. ഇങ്ങനെ മാറ്റത്തിനു വിധേയമാക്കുന്ന വിദ്യാഭ്യാസലക്ഷ്യം, ഉള്ളടക്കം, രീതി എന്നിവ മനസ്സിലാക്കാനും അതനുസരിച്ചു സ്വയം നവീകരിക്കാനുമുള്ള ധാരണയും മനോഭാവവും കഴിവുമുള്ള അധ്യാപകരെയാണ് നമുക്കു വേണ്ടത്.

**അനുയോജ്യരായ അധ്യാപകർ ആരാണ്?**

- സമൂഹമാറ്റത്തിന് വിദ്യാഭ്യാസത്തിലൂടെ നേതൃത്വം നൽകാൻ കഴിയുന്നവർ.
- ആത്മവിശ്വാസവും ആശയവിനിമയശേഷിയുമുള്ളവർ.
- തൊഴിൽപരമായ വൈദഗ്ധ്യം നിലനിർത്തുന്നതിനായി നിരന്തരം നവീകരിക്കാൻ ശ്രമിക്കുന്നവർ.
- അറിവിനെയും ആശയങ്ങളെയും വിമർശനാത്മകമായി സമീപിക്കുകയും തനതായ ആശയരൂപീകരണം നടത്തുകയും ചെയ്യുന്നവർ.
- വിദ്യാലയപ്രവർത്തനങ്ങളെ പരമാവധി ജനാധിപത്യവൽക്കരിക്കുന്നവർ.
- എല്ലാ സാമൂഹിക വിഭാഗങ്ങളെയും അവരുടെ സവിശേഷതകളെയും ഉൾക്കൊള്ളുന്നവർ.
- എല്ലാ കഴിവുകളെയും അംഗീകരിക്കുകയും എല്ലാവർക്കും അവസരം നൽകുകയും ചെയ്യുന്നവർ.
- മാനവികതയാണ് വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യം എന്നു തിരിച്ചറിഞ്ഞു പ്രവർത്തിക്കുന്നവർ
- ഉചിതമായ ചോദ്യങ്ങളുന്നയിക്കാനും ചോദ്യങ്ങളിലൂടെ പ്രചോദിപ്പിക്കാനും കഴിയുന്ന, ചോദ്യങ്ങളുയർത്താൻ പ്രേരണയും സ്വാതന്ത്ര്യവും നൽകുന്നവർ.
- കുട്ടിയുടെ പഠനപരവും വൈയക്തികവുമായ പ്രതിസന്ധികൾ തിരിച്ചറിഞ്ഞ് സഹായങ്ങൾ നൽകാൻ കഴിയുന്നവർ.
- ശാരീരിക - മാനസികപരിമിതികൾ അനുഭവിക്കുന്നവർക്ക് വ്യക്തിഗത ശ്രദ്ധയും പിന്തുണയും നൽകുന്നവർ.
- ഓരോരുത്തരുടെയും ബൗദ്ധിക - സാംസ്കാരിക തലങ്ങൾ പരിഗണിച്ച് ഉചിതമായ പഠനോപാധികളും തന്ത്രങ്ങളും സ്വീകരിക്കുന്നവർ.
- അധ്യാപനരീതികളിൽ നിരന്തരം അന്വേഷണം, പഠനം, ഗവേഷണം എന്നിവ നടത്തുകയും അവയിലെ കണ്ടെത്തലുകൾ തൊഴിലുമായി ബന്ധപ്പെടുത്തുകയും ചെയ്യുന്നവർ.
- വിദ്യാഭ്യാസവിനിമയത്തിനായി ലഭ്യമായ എല്ലാ സാങ്കേതികവിദ്യയും പ്രയോജന പ്പെടുത്തുന്നവർ.
- സാങ്കേതികവിദ്യയുടെ സാധ്യതകൾകൂടി പ്രയോജനപ്പെടുത്തി സാമൂഹ്യബന്ധങ്ങളും പഠനസംഘങ്ങളും രൂപീകരിക്കുകയും കണ്ടെത്തലുകൾ വിനിമയം നടത്തുകയും ചെയ്യുന്നവർ.
- അറിവിന്റെ ഉൽപ്പാദനം, വിതരണം, അന്വേഷണം, ജനാധിപത്യവൽക്കരണം എന്നിവയ്ക്കു സഹായകമായ എല്ലാ സങ്കേതങ്ങളും പ്രയോജനപ്പെടുത്തുന്നവർ
- വിദ്യാഭ്യാസത്തെയും പഠിതാവിന്റെ വിദ്യാഭ്യാസപ്രക്രിയയെയും ഉൽപ്പാദന മേഖലകളുമായി ബന്ധപ്പെടുത്തുകയും തൊഴിലിന്റെ പ്രാധാന്യം തിരിച്ചറിയുകയും ചെയ്യുന്നവർ.
- വ്യക്തിയുടെയും സമൂഹത്തിന്റെയും സർഗാത്മക ആവിഷ്കരണങ്ങൾക്കും ആനന്ദത്തിനും അവസരം നൽകുന്നവർ.
- പ്രകൃതിയോടു പരമാവധി ഇണങ്ങിജീവിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നവർ.

# 2 മാറുന്ന അധ്യാപകവിദ്യാഭ്യാസം - പൊതുസമീപനം

പുതിയ കാലത്തിന്റെ ആവശ്യങ്ങളും സാധ്യതകളും തിരിച്ചറിഞ്ഞ് പഠിതാക്കളുടെ ബുദ്ധിപരവും സർഗാത്മകവുമായ വളർച്ചയ്ക്ക് നേതൃത്വം നൽകാൻ കഴിയുന്ന അധ്യാപകസമൂഹത്തെയാണ് നാം വിഭാവന ചെയ്യുന്നത്. ഉൾച്ചേർന്നതും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന പ്രതിബദ്ധതയുള്ള അധ്യാപകസമൂഹമാണ് വളർന്നുവരേണ്ടത്. ഇതിനായി അധ്യാപകവിദ്യാഭ്യാസത്തെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

## 2.1 ഭാവി അധ്യാപകർ (Prospective teachers)

6 മുതൽ 14 വയസ്സുവരെ പ്രായത്തിലുള്ള എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള ധാരണയും മനോഭാവവും ഉള്ളവരാണ് അധ്യാപകപരിശീലനത്തിലൂടെ രൂപപ്പെട്ടുവരേണ്ടത്. വിഷയപരമായ ജ്ഞാനവും അത് പകർന്നു നൽകുന്നതിനുള്ള മനശ്ശാസ്ത്രപരവും ബോധനശാസ്ത്രപരവുമായ അറിവും അവരിൽ ഒത്തിണങ്ങണം. വിഷയങ്ങൾ വിനിമയം ചെയ്യുന്നതിനുള്ള തന്ത്രങ്ങളും സങ്കേതങ്ങളും പ്രധാനപ്പെട്ടതാണ്. ഐ.ടി. അടക്കമുള്ള സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്താനുള്ള ശേഷിയും മനോഭാവവും ഭാവി അധ്യാപകരിൽ വളർത്തിയെടുക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തെ സാമൂഹികവും സാംസ്കാരികവുമായ പ്രവർത്തനമായിക്കണ്ട് സ്വന്തം കഴിവുകൾ വിനിയോഗിക്കുന്നതിന് സദാ സന്നദ്ധനാവുകയും ഓരോ കുട്ടിയുടെയും പഠനനിലവാരം അറിഞ്ഞ് പിന്തുണയിക്കുകയും ചെയ്യുന്ന സ്നേഹവും കാരുണ്യവും ഉള്ള ആളായിരിക്കണം അധ്യാപകൻ. ഇങ്ങനെയുള്ള അധ്യാപകന് അവകാശാധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഘടകങ്ങളായ പങ്കാളിത്തം (participation), ലഭ്യത (provision), സംരക്ഷണം (protection) എന്നിവയെക്കുറിച്ച് ശരിയായി മനസ്സിലാക്കാനും ഇതിന്റെ അടിസ്ഥാനത്തിൽ നിലപാടുകൾ സ്വീകരിക്കാനും കഴിയണം. മാനവികമൂല്യങ്ങൾ, ഭരണഘടനാമൂല്യങ്ങൾ, പുരോഗമനപരമായ സാമൂഹികബോധം എന്നിവയിലധിഷ്ഠിതമായ കാഴ്ചപ്പാട് വളർത്തിയെടുക്കുന്നതിനു സഹായകമായ ഉള്ളടക്കവും പ്രവർത്തനവും അധ്യാപകവിദ്യാഭ്യാസത്തിനുണ്ടായിരിക്കണം. സുസ്ഥിരവികസന കാഴ്ചപ്പാട്, ജനാധിപത്യബോധം, സഹിഷ്ണുത, പ്രകൃതിവിഭവസംരക്ഷണം, വ്യത്യസ്ത സംസ്കാരങ്ങളോടും ജീവിതരീതികളോടുമുള്ള ആദരവ്, ഉപഭോഗസംസ്കാരത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചുള്ള അവബോധം, സൈബർ സാക്ഷരത, ലിംഗനീതി മുതലായ മേഖലകളുമായി ബന്ധപ്പെട്ട ആരോഗ്യകരമായ മൂല്യങ്ങളും മനോഭാവങ്ങളുമുള്ള ഉത്തമപൗരരായിരിക്കണം ഭാവിയിലെ അധ്യാപകർ.

## 2.2 ഭാവിയിലെ ടീച്ചർ എജ്യൂക്കേറ്റർ (Prospective teacher educator)

സ്വന്തം ധാരണകളും കഴിവുകളും അധ്യാപകസമൂഹത്തെ രൂപപ്പെടുത്താൻ വേണ്ടി ഉപയോഗിക്കുന്നതിനു സന്നദ്ധതയുള്ള സർഗാത്മകവ്യക്തിത്വത്തിനുടമകളാണ് ടീച്ചർ എജ്യൂക്കേറ്റർമാരാകേണ്ടത്. അധ്യാപകരുടെ അധ്യാപകരായ ഇവർ വിഷയമേഖലകളിൽ ആഴത്തിലുള്ള അറിവും ബോധനരീതിയിലുള്ള നൈപുണിയും ഒത്തിണങ്ങിയ പ്രതിഭാശാലികളായിരിക്കണം. ഇങ്ങനെയുള്ളവരെ കണ്ടെത്തി അധ്യാപകപരിശീലന സ്ഥാപനങ്ങളിൽ നിയമിക്കുന്നതിനുള്ള സംവിധാനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പ് രൂപപ്പെടുത്തണം. അധ്യാപകപരിശീലന സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുന്നവരെ കാലാനുസൃതമായി വൈജ്ഞാനികരംഗത്തും ബോധനസമ്പ്രദായങ്ങളിലുമുണ്ടാകുന്ന മാറ്റങ്ങൾ പരിചയപ്പെടുത്തുന്ന സേവനകാലപരിശീലനം നൽകി മെച്ചപ്പെടുത്തിക്കൊണ്ടിരിക്കണം.

സ്കൂൾ, കോളേജ് വിദ്യാഭ്യാസത്തിനുശേഷം അധ്യാപകനാകണമെന്ന താൽപ്പര്യത്തോടെ വരുന്നവർക്ക് വിദ്യാഭ്യാസം, പഠനമനശ്ശാസ്ത്രം, ബോധനസമ്പ്രദായങ്ങൾ, സാമൂഹികജീവിതം എന്നിവയെ

ക്കുറിച്ചുള്ള കാഴ്ചപ്പാടുണ്ടാക്കുകയും കുട്ടികൾക്ക് ഉൾച്ചേർന്നതും തുല്യതയിലധിഷ്ഠിതവുമായ ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകലാണ് സ്വന്തം ലക്ഷ്യം എന്ന മനോഭാവമുണ്ടാക്കുകയും ചെയ്യുക എന്ന ഗൗരവതരമായ ഉത്തരവാദിത്തമാണ് ടീച്ചർ എജ്യൂക്കേറ്റർക്കുള്ളത്. അധ്യാപകവിദ്യാർഥിയെ നിരന്തരം വിലയിരുത്തി മെച്ചപ്പെടുത്താനും ഒരു മെന്ററായി പിന്തുണയ്ക്കാനും അയാൾക്ക് കഴിയണം. നിരന്തരപഠിതാവ്, ഗവേഷകൻ, ജനാധിപത്യവാദി, പാഠ്യപദ്ധതിവിനിമയത്തിനായി നൂതന സാങ്കേതികവിദ്യകൾ പ്രയോഗിക്കാൻ കഴിവുള്ളയാൾ എന്നിങ്ങനെയുള്ള ഗുണങ്ങൾ ഇവരിൽ ഒത്തിണങ്ങിയിരിക്കണം. കൂടാതെ അധ്യാപകപരിശീലന സ്ഥാപനങ്ങളിൽ നിയമിക്കപ്പെടുന്നവർ എൻ.സി.ടി.ഇ. നിർദേശിക്കുന്ന യോഗ്യതകൾ ഉള്ളവരായിരിക്കണം.

## 2.3 പഠനാന്തരീക്ഷം

നിലനിൽക്കുന്ന വിദ്യാഭ്യാസരീതി, ഉള്ളടക്കം, നടത്തിപ്പുസംവിധാനം എന്നിവയുടെ ശക്തിദൗർബല്യങ്ങൾ തിരിച്ചറിയാനും സ്വതന്ത്രമായി അഭിപ്രായപ്രകടനം നടത്താനും അവസരം നൽകുന്ന പഠനാന്തരീക്ഷം ഉണ്ടാകണം. സിദ്ധാന്തങ്ങൾ പഠിക്കുകമാത്രമല്ല, അവ പ്രയോഗിക്കുകയും സ്വാംശീകരിക്കുകയുമാണു വേണ്ടത്. വിമർശനാത്മക വിലയിരുത്തൽ, നവീനചിന്ത, സംവാദാത്മക സംഘപ്രവർത്തനങ്ങൾ, വിദ്യാലയാനുഭവങ്ങൾ, സർഗാത്മകവേദികൾ എന്നിവയിലൂടെ തന്റെ കഴിവുകൾ തിരിച്ചറിയുകയും പഠനസംസ്കാരം വളർത്തിയെടുക്കുകയും ചെയ്ത് ആത്മവിശ്വാസമുള്ള അധ്യാപകരായി വളരാനുള്ള സാഹചര്യമാണ് ലഭിക്കേണ്ടത്.

ചർച്ചകൾ, പഠനോപകരണനിർമാണം, ഫീൽഡ് ട്രിപ്പ്, വിദഗ്ധരുമായി അഭിമുഖം, ശില്പശാലകൾ, അനുയോജ്യമായ സാങ്കേതികവിദ്യയുടെ പ്രയോഗം, റഫറൻസിങ്, സമകാലിക പ്രശ്നങ്ങളോട് പ്രതികരിക്കൽ, പാഠപുസ്തകവിശകലനം, ഗവേഷണാത്മക അന്വേഷണങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ പഠനത്തിന്റെ സ്വതന്ത്രവും സ്വാഭാവികവുമായ രീതിശാസ്ത്രം പരിചയിക്കാനുള്ള അവസരമാണ് ലഭിക്കേണ്ടത്.

ഓരോ വർഷവും ഭാവി അധ്യാപകരെ സ്വാധീനിക്കാൻ കഴിയുന്ന തരത്തിലുള്ള പുസ്തകങ്ങൾ, ആശയങ്ങൾ, പഠനോപകരണങ്ങൾ, സങ്കേതങ്ങൾ, ഉൽപ്പന്നങ്ങൾ എന്നിവയുടെ പ്രദർശനം അധ്യാപക പരിശീലന കേന്ദ്രത്തിൽ ഒരുക്കണം. അതോടൊപ്പം നവീനാശയങ്ങൾ പ്രയോഗിച്ചുനോക്കാനും വിലയിരുത്തി മെച്ചപ്പെടുത്താനുമുള്ള സാഹചര്യങ്ങളും ലഭിക്കണം.

പഠനസങ്കേതങ്ങൾ, തന്ത്രങ്ങൾ, സഹായകസാമഗ്രികൾ എന്നിവ വികസിപ്പിക്കുകയും പ്രയോഗിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ശില്പശാലകളും ക്യാമ്പുകളുമാണ് പഠനാനുഭവങ്ങളായി ലഭിക്കേണ്ടത്. സമൂഹത്തിൽ ഇറങ്ങിയും ഇടപെട്ടും പ്രവർത്തിച്ചാണ് സാമൂഹികമൂല്യങ്ങളും നൈപുണികളും വളർത്തേണ്ടത്. പ്രാദേശികവിഭവങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്താനും വിദ്യാഭ്യാസ രംഗത്തെ പുതിയ ചലനങ്ങൾ അടുത്തറിയാനും അവസരം ലഭിക്കണം. ഉൾച്ചേർന്ന വിദ്യാഭ്യാസം, നിരന്തരമൂല്യനിർണയം, സാങ്കേതികവിദ്യയുടെ ഉപയോഗം എന്നിവ പ്രയോഗത്തിലൂടെ പഠിക്കുന്നതിനുള്ള സാഹചര്യങ്ങളും സാമഗ്രികളും ഒരുക്കണം.

## 2.4. പഠനവിഷയങ്ങൾ

എലിമെന്ററി വിദ്യാഭ്യാസത്തിന്റെ പൊതുവിഷയങ്ങളായ മാതൃഭാഷ, ഇംഗ്ലീഷ്, ഗണിതം, സാമൂഹ്യശാസ്ത്രം, അടിസ്ഥാനശാസ്ത്രം, പരിസരപഠനം, ഗണിതശാസ്ത്രം, കലാപഠനം, കായികവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നിവ പഠനവിഷയങ്ങളായിരിക്കും. ഈ വിഷയങ്ങളുടെ 10-ാം ക്ലാസ് വരെയുള്ള ഉള്ളടക്കത്തെക്കുറിച്ചുള്ള സാമാന്യധാരണ, പഠനരീതി, തന്ത്രങ്ങൾ, പഠനോപാധികൾ, വിലയിരുത്തൽ തുടങ്ങിയ തലങ്ങളാണ് പാഠ്യവസ്തുവായി സ്വീകരിക്കേണ്ടത്. എങ്ങനെ പഠിക്കണം? എന്തു പഠിക്കണം? ഏതുതരം സമൂഹത്തെയാണ് വിദ്യാഭ്യാസത്തിലൂടെ വിഭാവനചെയ്യുന്നത് തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാൻ സഹായകമായ രീതിയിൽ പഠനമനശ്ശാസ്ത്രം, ദർശനം, ബോധനശാസ്ത്രം എന്നീ വിഷയങ്ങളെ ഉൾച്ചേർക്കണം.

കേരളത്തിന്റെ സാമൂഹികവും-വിദ്യാഭ്യാസപരവുമായ വളർച്ചയുടെ വിശകലനത്തിനു സഹായകമായ രീതിയിൽ 'കേരളവിദ്യാഭ്യാസചരിത്രം' സാമാന്യമായി പരിചയപ്പെടണം. വിദ്യാഭ്യാസസംവിധാനത്തിന്റെ ഘടന, വിദ്യാലയം എന്ന സ്ഥാപനത്തിന്റെ നടത്തിപ്പ്, മാനേജ്മെന്റ്, നിയമപരമായ പിന്തുണകൾ എന്നിവയെക്കുറിച്ച് ധാരണ ലഭിക്കുന്നതിനു സഹായകമായ ഉള്ളടക്കം ഉചിതമായ പേപ്പറുകളിൽ ഉൾക്കൊള്ളിക്കണം.

അനുയോജ്യമായ സാങ്കേതികവിദ്യയുടെ പ്രയോഗം, ഓരോ വിഷയത്തിന്റെയും പഠനാസൂത്രണം, പഠനോപാധികൾ, പ്രയോഗം എന്നിവയുമായി ബന്ധപ്പെട്ടതാണെങ്കിലും വിവരവിനിമയ സാങ്കേതിക വിദ്യയിൽ എല്ലാവർക്കും സാമാന്യനൈപുണി ഉറപ്പുവരുത്തുന്നതിനായി ഇത് ഒരു പഠനവിഷയമായി സ്വീകരിക്കാവുന്നതാണ്.

6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികളുടെ ആവശ്യങ്ങൾ, സവിശേഷതകൾ എന്നിവ പരിഗണിച്ച് വികാസ മനശ്ശാസ്ത്ര ധാരണകളുടെ അടിസ്ഥാനത്തിൽ പഠന-ബോധനതന്ത്രങ്ങൾ രൂപീകരിക്കുന്നതിന് ആവശ്യമായ വിദ്യാഭ്യാസ മനശ്ശാസ്ത്രമാണ് പാഠ്യവസ്തുവായി സ്വീകരിക്കേണ്ടത്. മനശ്ശാസ്ത്രത്തിന്റെ വിദ്യാഭ്യാസവുമായി ബന്ധമില്ലാത്ത ഭാഗങ്ങൾ, പഠനമനശ്ശാസ്ത്രത്തിന്റെ ചരിത്രം തുടങ്ങിയവ സമയക്കുറവു പരിഗണിച്ച് മാറ്റിവയ്ക്കാവുന്നതാണ്. വിദ്യാലയം, വിദ്യാഭ്യാസം, പഠനരീതി എന്നിവയുടെ സാമൂഹികമാനവികതലങ്ങളിൽ നിലപാട് സ്വീകരിക്കാനാവശ്യമായ സാമൂഹ്യശാസ്ത്രം, ദർശനം എന്നിവ മതിയാകും. വിവിധ ദാർശനിക ചിന്താധാരകളെക്കുറിച്ചുള്ള വിശദപഠനം തുടങ്ങിയ ഭാഗങ്ങൾ സമയത്തിന്റെ നീതിപൂർവമായ വിനിയോഗം പരിഗണിച്ച് ഒഴിവാക്കാവുന്നതാണ്.

പരിമിതികൾ അനുഭവിക്കുന്നവർക്കും വിവിധ കാരണങ്ങളാൽ പഠനത്തിൽ പിന്നാക്കമായി (backward) പ്പോയ കുട്ടികൾക്കുമാണ് അധ്യാപകരുടെ പിന്തുണ ഏറ്റവും കൂടുതൽ വേണ്ടത്. ഇവരുടെ പ്രശ്നങ്ങൾ വിശകലനം ചെയ്യാനും അനുയോജ്യപഠനതന്ത്രങ്ങൾ രൂപീകരിക്കാനും മികച്ച ആശയ-പ്രയോഗ ധാരണകൾ ആവശ്യമാണ്. അതിനാൽ 'ഉൾച്ചേർന്ന വിദ്യാഭ്യാസം' (Inclusive Education) ഒരു സവിശേഷ വിഷയമായി പഠിക്കാൻ അവസരം ലഭിക്കണം. പ്രതിഭാശാലികളായ കുട്ടികൾക്കു നൽകേണ്ട സവിശേഷ പിന്തുണയും ഇതോടൊപ്പം പഠനവിധേയമാക്കാം.

## 2.5 അധ്യാപകനൈതികത

അധ്യാപകനെ സ്നേഹാദരങ്ങളോടെ മാത്രം കാണുന്ന പാരമ്പര്യമാണ് നമ്മുടേത്. "മാതാപിതാഗുരു ദൈവം" എന്ന വചനം ഭാരതീയർ അധ്യാപകരെ എപ്രകാരമാണ് കണ്ടിരുന്നതെന്നു വ്യക്തമാക്കുന്നു. മറ്റു തൊഴിലുകളിൽനിന്നു ഭിന്നമായ അധ്യാപകന്റെ ഈ നില അവരിൽ വലിയ ഉത്തരവാദിത്തമാണ് ഉണ്ടാക്കുന്നത്. അതുകൊണ്ടുതന്നെ നൈതികതയിലൂന്നി നിന്നുകൊണ്ട് സ്വന്തം തൊഴിലുമായി ബന്ധപ്പെട്ട ചില പെരുമാറ്റമര്യാദകൾ അധ്യാപകൻ പാലിക്കേണ്ടതുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ കുട്ടികളുടെ അവകാശങ്ങൾ, മനുഷ്യാവകാശങ്ങൾ എന്നിവ പാലിച്ചുകൊണ്ടായിരിക്കണമെന്ന പൊതുകാഴ്ചപ്പാടിലുറച്ചു നിന്നുകൊണ്ടായിരിക്കണം ഈ വിഷയത്തെക്കുറിച്ച് ആലോചിക്കുന്നത്.

**അധ്യാപകരും വിദ്യാർഥികളുമായുള്ള ബന്ധം**

- സ്കൂളിലെ ചുമതലകൾ നിർവഹിക്കുന്നതിൽ സമയനിഷ്ഠപാലിക്കുക.
- ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയതിനുശേഷം മാത്രം പഠിപ്പിക്കുക.
- ജാതി, മതം, ലിംഗം, സാമൂഹിക-സാമ്പത്തികനില, ഭാഷ എന്നിവ പരിഗണിക്കാതെ എല്ലാ കുട്ടികളെയും സ്നേഹത്തോടെയും സമഭാവനയോടെയും കാണുക.
- കുട്ടികളുടെ ശാരീരികവും ബുദ്ധിപരവും സാമൂഹികവും വൈകാരികവും ആത്മീയവും നൈതികവുമായ വികസനത്തിന് ആവശ്യമായ മാർഗദർശനം നൽകുക.
- ഓരോ കുട്ടിയുടെയും ആവശ്യങ്ങൾ വ്യത്യസ്തമാണെന്നു മനസ്സിലാക്കി അതിനനുസരിച്ച് അവസരം നൽകുക.
- പഠിപ്പിക്കുന്നതിനോ പരിഹാരബോധനം നടത്തുന്നതിനോ കുട്ടികളിൽ നിന്നു പ്രതിഫലം കൈപ്പറ്ററുത്.

- കുട്ടികളെ സംബന്ധിച്ച് രഹസ്യമായി സൂക്ഷിക്കേണ്ട വിവരങ്ങൾ പരസ്യപ്പെടുത്തരുത്.
- കുട്ടികൾ തമ്മിലും കുട്ടികളും അധ്യാപകനും തമ്മിലും കുട്ടികളും വിദ്യാലയവും തമ്മിലും അകൽച്ച യുണ്ടാക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടരുത്.
- മാതൃകാപരവും മാന്യവുമായ വേഷം, ഭാഷ, പെരുമാറ്റം എന്നിവ പാലിക്കുക.
- അച്ചടക്കത്തിന്റെ ഭാഗമായി കുട്ടികളുടെ മനുഷ്യാവകാശങ്ങൾ ലംഘിക്കാതിരിക്കുക.

**സ്ഥാപനവും കുട്ടികളും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം**

- രക്ഷിതാക്കളുമായി സൗഹാർദം വളർത്തുക.
- കുട്ടികളുടെ മികവുകളും പരിമിതികളും യഥാസമയം രക്ഷിതാക്കളെ അറിയിക്കുക.
- കുട്ടികളുടെ ആത്മവിശ്വാസം നഷ്ടപ്പെടുത്തുന്ന രീതിയിൽ രക്ഷിതാക്കളോടു പരാതി പറയാതി രിക്കുക.

**അധ്യാപകർക്ക് സമൂഹം, രാഷ്ട്രം എന്നിവയുമായുള്ള ബന്ധം**

- ദേശീയോദ്ഗ്രഥനത്തിനും ഐക്യത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി പങ്കെ ടുക്കുക.
- വിദ്യാലയം, സമൂഹം, സംസ്ഥാനം, രാഷ്ട്രം എന്നിവയോട് കൂറും ബഹുമാനവും പുലർത്തുക.
- ഇന്ത്യയുടെ സംസ്കാരത്തെ ബഹുമാനിക്കുകയും കുട്ടികളുടെ ഉള്ളിൽ അതിനോട് അനുകൂല മനോഭാവം വളർത്തുകയും ചെയ്യുക.
- മതം, ജാതി, ഭാഷാവിഭാഗങ്ങൾ എന്നിവയ്ക്കിടയിൽ വേദനയോ ശത്രുതാമനോഭാവമോ ഉണ്ടാ ക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാതിരിക്കുക.
- സമൂഹത്തിനാവശ്യമായ വിജ്ഞാനം, വിവരം, നൈപുണി, മനോഭാവം എന്നിവ വളർത്തുന്നതി നുള്ള മനുഷ്യവിഭവവികസനകേന്ദ്രമായി വിദ്യാലയത്തെ വളർത്തുക.

**സഹപ്രവർത്തകരുമായുള്ള ബന്ധം**

- മറ്റുള്ളവരിൽനിന്നും തന്നോട് എപ്രകാരമുള്ള പെരുമാറ്റമാണോ ആഗ്രഹിക്കുന്നത് അതുപോലെ സഹപ്രവർത്തകരോടും പെരുമാറുക.
- സഹപ്രവർത്തകരെക്കുറിച്ചോ മേലധികാരികളെക്കുറിച്ചോ അടിസ്ഥാനരഹിതമായ ആരോപണ ങ്ങൾ ഉന്നയിക്കരുത്.
- തൊഴിൽപരമായ വികസനത്തിനു സഹായകമായ ഇൻസർവീസ് പരിശീലനങ്ങൾ, സെമിനാറു കൾ, ശില്പശാലകൾ മുതലായവയിൽ പങ്കെടുക്കുക.
- കുട്ടികൾ, അധ്യാപകർ, മേലധികാരികൾ, രക്ഷിതാക്കൾ എന്നിവരുടെ മുന്നിൽ വച്ച് സഹപ്രവർത്ത കനെക്കുറിച്ച് മോശമായ പരാമർശങ്ങൾ നടത്തരുത്.
- സ്കൂളിന്റെ ആവശ്യങ്ങൾക്കുവേണ്ടി മേലധികാരികൾ, സഹപ്രവർത്തകർ എന്നിവരുമായി സ്കൂളിലും പുറത്തും സഹകരിച്ചു പ്രവർത്തിക്കുക.
- കുട്ടികളുടെ നന്മയ്ക്കും സ്ഥാപനത്തിന്റെ വികസനത്തിനും ആവശ്യമായ വിവരങ്ങൾ ബന്ധപ്പെട്ട അധികാരികൾക്കു റിപ്പോർട്ട് ചെയ്യുന്നതിൽ പ്രൊഫഷണലിസം പാലിക്കുക.

## 2.6 പാഠ്യപദ്ധതി വിശകലനവും ഗവേഷണവും

പാഠ്യപദ്ധതി നവീകരണത്തിൽ നാം സ്വീകരിക്കുന്ന നിലപാടുകളും നടത്തിപ്പു ഫലപ്രമാക്കുന്നതി നായി കൈക്കൊണ്ട നടപടികളും നിരന്തരം ഗവേഷണബുദ്ധിയോടെ വിലയിരുത്തുകയും പോരായ്മ കൾ തിരുത്തി മുന്നേറുകയും കാലോചിതമായ പുതിയ കാഴ്ചപ്പാടുകൾ കൂട്ടിച്ചേർക്കുകയും വേണം. ഇതിനായി വിലയിരുത്തൽ രീതികളും സാമഗ്രികളും തയാറാക്കുകയും പ്രതികരണങ്ങൾ ശാസ്ത്രീയ മായി വിശകലനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ സജ്ജമാക്കുകയും ചെയ്യണം.

'ഗവേഷണാത്മക അധ്യാപനം, ഗവേഷണാത്മക പഠനം' എന്നിവ പുതിയ കാലത്തിന്റെ അനിവാര്യ മായ മുദ്രാവാക്യമാണ്. അധ്യാപനപ്രക്രിയയിലും പഠനപ്രക്രിയയിലും നേരിടുന്ന ചെറുതും വലുതു

മായ പ്രശ്നങ്ങൾക്ക് കാരണങ്ങൾ സൂക്ഷ്മമായി കണ്ടെത്തി പരിഹാരപ്രവർത്തനങ്ങൾ നിർദേശിക്കുകയും നടപ്പിലാക്കി ബോധ്യപ്പെടുകയും വേണം. അധ്യാപകവിദ്യാർഥികൾ നേരിടുന്ന പ്രശ്നങ്ങളും ടീച്ചർ എജ്യുക്കേറ്റർമാർ നേരിടുന്ന പ്രശ്നങ്ങളും ഇവയിൽ പെടും. ഇത്തരം ഗവേഷണങ്ങൾ നടത്തുന്നതിന് ടീച്ചർ എജ്യുക്കേറ്റർമാർക്കും പഠിതാക്കൾക്കും ഡയറ്റുകളുടെ നേതൃത്വത്തിൽ പരിശീലനങ്ങൾ നടക്കണം. റിപ്പോർട്ടുകൾ ജില്ലാതല സെമിനാറിൽ അവതരിപ്പിക്കണം. ഇത് മറ്റ് ടീച്ചർ എജ്യുക്കേറ്റർമാരുടെയും പഠിതാക്കളുടെയും നവീനകാഴ്ചപ്പാടുകൾ വികസിപ്പിക്കാൻ സഹായിക്കും.

## 2.7 തുടർവിദ്യാഭ്യാസ പരിപാടി

രണ്ടുവർഷത്തെ പ്രീസർവീസ് പരിശീലത്തോടെ അധ്യാപകവിദ്യാഭ്യാസം പൂർണമാകുന്നില്ല. അപ്രന്റീസ് അനുഭവത്തിനായി വിദ്യാലയത്തിൽ പോകുകയും അവിടെയുള്ള അധ്യാപകരുടെ മെന്ററിങ്ങിൽ പ്രായോഗികാനുഭവം, വിശകലനം എന്നിവയ്ക്ക് അവസരം ലഭിക്കുകയും വേണം. അധ്യാപകരായി ജോലിയിൽ പ്രവേശിക്കുന്നതുവരെ വർഷത്തിൽ ചുരുങ്ങിയത് മൂന്നു ദിവസത്തെ റിഫ്രഷർ പരിശീലനത്തിനുള്ള അവസരം ഒരുക്കിക്കൊടുക്കണം. പ്രീസർവീസ് പരിശീലന സർട്ടിഫിക്കറ്റ് നേടിയതിനുശേഷം വർഷംതോറും റിഫ്രഷർ പരിശീലനത്തിൽ പങ്കെടുത്തതു കൂടി ജോലിപ്രവേശനത്തിനുള്ള യോഗ്യതയായി പരിഗണിക്കപ്പെടുണം. സർവീസിൽ പ്രവേശിച്ചതിനുശേഷം പാഠ്യപദ്ധതി, പാഠപുസ്തകം, സഹായകസാമഗ്രികൾ എന്നിവ ശരിയായി പരിചയപ്പെടാനും പഠനാസൂത്രണം, ഉൾച്ചേർന്ന വിദ്യാഭ്യാസം, നിരന്തര മൂല്യനിർണയം തുടങ്ങിയ ആശയങ്ങളിൽ പ്രായോഗികാനുഭവങ്ങൾ നൽകാനുമായി 5 വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ട സേവനകാല അധ്യാപകപരിശീലന പാഠ്യപദ്ധതി തയ്യാറാക്കണം. ഇത് വിജയകരമായി പൂർത്തീകരിക്കാൻ പ്രേരിപ്പിക്കുന്ന വകുപ്പുതല നിർദേശങ്ങൾ പുറപ്പെടുവിക്കേണ്ടിവരും.

പാഠ്യപദ്ധതിപരിഷ്കരണങ്ങൾ നടക്കുമ്പോൾ അതിന്റെ വിനിമയരീതിയിൽ പ്രസക്തിയും പ്രായോഗികവുമായ അനുഭവം നൽകുന്നതിന് 20-40 ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പാക്കേജിലൂടെ എല്ലാവരെയും കടത്തിവിടണം. ഇങ്ങനെ വിജയകരമായി പരിശീലനം പൂർത്തിയാക്കിയവർ അധ്യാപകപരിശീലന സ്ഥാപനത്തിൽത്തന്നെ തുടർന്നും ജോലിചെയ്യുന്നു എന്നു ഉറപ്പുവരുത്തണം. എസ്.സി.ഇ.ആർ.ടി.യുടെ പ്രീസർവീസ് പരിശീലനവിഭാഗം, ഡയറ്റ്, ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷ് തുടങ്ങിയ സ്ഥാപനങ്ങളിലൂടെ ഈ പരിശീലന പാക്കേജ് നടപ്പിലാക്കാൻ സാധിക്കും.

## 2.8 പിന്തുണാസംവിധാനം

പാഠ്യപദ്ധതി വിഭാവനചെയ്യുന്ന ഭൗതിക-അക്കാദമികാന്തരീക്ഷവും പഠന-ബോധന പരിപാടികളും ഉറപ്പുവരുത്താൻ ആഭ്യന്തരവും ബാഹ്യവുമായ നിരവധി പിന്തുണാസംവിധാനങ്ങൾ ആവശ്യമുണ്ട്.

- ആവശ്യമായ ഭൗതികസൗകര്യങ്ങൾ, ഉപകരണങ്ങൾ, വികസനപരിപാടികൾ, പരിശീലനങ്ങൾ എന്നിവ ഉറപ്പുവരുത്താൻ സംസ്ഥാനതലത്തിലും പ്രാദേശികതലത്തിലും പദ്ധതികൾ തയാറാക്കണം.
- ടീച്ചർ എജ്യുക്കേറ്റർമാരുടെ ധാരണ, കഴിവുകൾ എന്നിവ മെച്ചപ്പെടുത്താനും കൂടുതൽ ഊർജസ്വലമായും രചനാത്മകമായും അധ്യാപക വിദ്യാഭ്യാസത്തെ സമീപിക്കാനും സഹായകമായ റഫറൻസ് പുസ്തകങ്ങൾ, സാമഗ്രികൾ, അനുഭവപരിപാടികൾ, ശില്പശാലകൾ, പരിശീലനങ്ങൾ എന്നിവ ഒരുക്കിക്കൊടുക്കാൻ സംസ്ഥാനതലത്തിൽ എസ്.സി.ഇ.ആർ.ടി.യും ജില്ലാതലത്തിൽ ഡയറ്റും പ്രവർത്തനപരിപാടികൾ ആവിഷ്കരിക്കണം.
- ടീച്ചർ എജ്യുക്കേറ്റർമാർക്കായി ജില്ലാതലത്തിലും വിദ്യാലയത്തിലും റിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും പുതിയ പാഠ്യപദ്ധതി, അനുബന്ധസാമഗ്രികൾ എന്നിവ നിരന്തരമായി വിലയിരുത്തുകയും വേണം.
- പാഠ്യപദ്ധതിയെ ആധാരമാക്കി വാർഷിക പ്രവർത്തനാസൂത്രണം നടത്തുകയും ടീച്ചിങ് മാന്വൽ തയാറാക്കുകയും ചെയ്യുന്നത് ആന്തരികമായ പിന്തുണാസംവിധാനമായി മാറും. ഇതിനു സഹാ

യകമായ സപ്പോർട്ട് ഗ്രൂപ്പും രൂപീകരിക്കാം. രക്ഷാകർത്തൃസംഘടനകൾ, വിദ്യാർഥി കൗൺസിൽ, പൂർവവിദ്യാർഥി സംഘടനകൾ എന്നിവയും സജീവമാക്കണം.

## 2.9 മോണിറ്ററിങ്

പാഠ്യപദ്ധതി നടത്തിപ്പിനായി തയാറാക്കുന്ന സമയബന്ധിതമായ പ്രവർത്തനപരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്നു എന്നുറപ്പുവരുത്താനായി ഓരോ ഘട്ടത്തിലും മോണിറ്ററിങ് നടക്കണം. ഡയറ്റിന്റെ നേതൃത്വത്തിൽ വിദഗ്ധരായ അധ്യാപകരെ ഉൾപ്പെടുത്തി മോണിറ്ററിങ് സമിതി രൂപീകരിക്കുകയും റിപ്പോർട്ടുകൾ തയാറാക്കി വിശകലനവിധേയമാക്കുകയും ചെയ്യണം. ജില്ലാതല മോണിറ്ററിങ് സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നു എന്നുറപ്പുവരുത്താനായി എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ സംസ്ഥാനതല മോണിറ്ററിങ് സമിതി ആവശ്യമാണ്. നിലവിലുള്ള പ്രാക്ടിക്കൽ ബോർഡ് സമ്പ്രദായം പുനപ്പരിശോധിക്കണം. ഇത് ഉൽപ്പന്നങ്ങളെയും രേഖകളെയും വിശകലനവിധേയമാക്കുന്നതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുകയും സ്ഥാപനത്തിന്റെ പ്രവർത്തന പരിമിതികൾ തിരുത്തുന്നതിൽ നിസ്സഹായരായി നിൽക്കുകയും ചെയ്യുകയാണ്. മോണിറ്ററിങ് ഒരു മെച്ചപ്പെടുത്തൽ നടപടിയായി മാറണം. ഇതിനായി കണ്ടെത്തലുകൾ പങ്കുവയ്ക്കാനും ഇടപെട്ടു തിരുത്താനുമുള്ള സംവിധാനങ്ങൾ രൂപീകരിക്കണം.

## 2.10 സാമൂഹികപിന്തുണാ പരിപാടികൾ

അധ്യാപകപരിശീലന കേന്ദ്രം ഒരു സാമൂഹികസ്ഥാപനമായി നിലനിൽക്കുകയും വളരുകയും ചെയ്യണം. ഇതിനായി എല്ലാ സാമൂഹികസ്ഥാപനങ്ങളുമായുള്ള ബന്ധം മെച്ചപ്പെടുത്തുകയും വ്യവസ്ഥാപിതമാക്കാൻ ശ്രമിക്കുകയും ചെയ്യണം. ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ പദ്ധതികളിൽ ഉൾപ്പെടുത്തി ഭൗതികവും അക്കാദമികവുമായ അന്തരീക്ഷം മെച്ചപ്പെടുത്താം. സ്ഥാപനത്തിലെ പൂർവവിദ്യാർഥികൾ, പൂർവഅധ്യാപകർ, രക്ഷാകർതൃസമിതി, അഭ്യുദയകാംക്ഷികൾ എന്നിവരുടെയെല്ലാം സഹായസഹകരണങ്ങൾ തേടുകയും ഇവയെ വിവിധ പരിപാടികളുമായി ഏകോപിപ്പിക്കുകയും ചെയ്യാം. പ്രാദേശിക വൈദഗ്ധ്യങ്ങൾ, സ്ഥാപനങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി പഠനം കൂടുതൽ കാര്യക്ഷമമാക്കാം. പഠിതാക്കളുടെ സാമൂഹികബന്ധ പരിപാടികൾ വഴി സമൂഹവുമായുള്ള ബന്ധം ദൃഢപ്പെടുത്തുകയും ചെയ്യാം.

## 2.11 അധ്യാപകപരിശീലന കേന്ദ്രം (Teacher Education Institution)

അധ്യാപകപരിശീലന കേന്ദ്രം 50 പേർക്ക് പഠന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നതും എൻ.സി.ടി.ഇ. നിർദേശിച്ച സൗകര്യങ്ങൾ ഉള്ളതുമാവണം. സംഘപ്രവർത്തനങ്ങൾ നടത്തുന്നതിനും പഠനസാമഗ്രികൾ നിർമിക്കുന്നതിനുമുള്ള സൗകര്യം ക്ലാസിൽ ഉണ്ടാകണം. സ്മാർട്ട് ക്ലാസ്മുറികളായി ഓരോ ക്ലാസും മാറണം. ഇത്തരത്തിലുള്ള രണ്ടു ക്ലാസ്മുറികൾ എല്ലാ ടി.ഇ.ഐ.യിലും ഉറപ്പാക്കണം. കൂടാതെ സെമിനാർ ഹാൾ, കോൺഫറൻസ് ഹാൾ, പ്രിൻസിപ്പൽ മുറി, ഓഫീസ്മുറി, സ്റ്റാഫ്റൂം, പ്രവൃത്തിപരിചയ പഠനമുറി, കലാപഠനമുറി, കായികപഠനത്തിന് സഹായകമായ ഹാളുകൾ, കളിസ്ഥലം, ലൈബ്രറി കെട്ടിടം, ആർട്ട്ഗാലറി, പെഡഗോഗി പാർക്ക് എന്നിവയും വേണം. 50 പേർക്ക് സഞ്ചരിക്കാവുന്ന വാഹനം ഉണ്ടെങ്കിൽ അത് പഠനപ്രക്രിയയുടെ ഭാഗമായ ലഘുയാത്രകൾക്ക് സഹായകമാകും.

## 2.12 മൂല്യനിർണയം

നിരന്തരവും സമഗ്രവുമായ മൂല്യനിർണയമാണ് സ്കൂൾപാഠ്യപദ്ധതി വിഭാവനചെയ്യുന്നത്. അതുകൊണ്ടുതന്നെ ഡി.എഡ്. പഠനത്തിലും നിരന്തരവും സമഗ്രവുമായ വിലയിരുത്തലാണ് അഭികാമ്യം. തത്സമയം പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് മെച്ചപ്പെടുന്നതിനും ഈ രീതി സഹായിക്കും. ഓരോ സെമസ്റ്ററിന്റെ അവസാനത്തിലും പൊതു എഴുത്തുപരീക്ഷയും ജില്ലാ തലത്തിൽ നിരന്തര വിലയിരുത്തലിന്റെ സ്കോറുകൾ മാനകീകരണം നടത്തുന്നതിനുള്ള സംവിധാനവും ഉണ്ടാകണം. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മാനകീകരണം നടത്തുന്ന സംഘം പഠനപ്രക്രിയയിലെ പരിമിതികൾ കണ്ടെത്തി പരിഹരി

ക്കാനുള്ള നിർദേശങ്ങൾ രൂപപ്പെടുത്തണം. അവ വിവിധതലങ്ങളിൽ പരിഹരിക്കുന്നതിനുള്ള അവസരം ഉറപ്പാക്കണം. മൂല്യനിർണയത്തിൽ വിദ്യാലയപരിപാടിക്ക് കൂടുതൽ പ്രാധാന്യം നൽകണം.

## 2.13 വിദ്യാലയാനുഭവ പരിപാടി

100 ദിവസത്തെ വിദ്യാലയാനുഭവ പരിപാടിയാണ് വിഭാവന ചെയ്യുന്നത്. 2, 3, 4, സെമസ്റ്ററുകളിലായി ഇത് നടപ്പിലാക്കാം. രണ്ടാം സെമസ്റ്ററിൽ 10 ദിവസം വിദ്യാലയനിരീക്ഷണം, 3–ാം സെമസ്റ്ററിൽ 40 ദിവസം അധ്യാപനപരിശീലനം, 4–ാം സെമസ്റ്ററിൽ 45 ദിവസം അധ്യാപനപരിശീലനം, 5 ദിവസം ട്രൈഔട്ട്.

മെന്റർ ടീച്ചർക്കും പ്രഥമാധ്യാപകർക്കും 2 ദിവസത്തെ സബ് ജില്ലാതല പരിശീലനം, ടീച്ചർ എജ്യുക്കേറ്റർമാർക്കും പ്രിൻസിപ്പൽമാർക്കും 2 ദിവസത്തെ ജില്ലാതല പരിശീലനം എന്നിവ ഡയറ്റിന്റെ നേതൃത്വത്തിൽ നടക്കണം. വിദ്യാഭ്യാസ ഓഫീസർമാർ, ഡയറ്റ് ഫാക്കൽറ്റി, ടീച്ചർ എജ്യുക്കേറ്റർമാർ, പ്രിൻസിപ്പൽമാർ എന്നിവരുടെയും നിരന്തര സന്ദർശനവും വിലയിരുത്തലും സ്കൂൾ അനുഭവപരിപാടിയുടെ നില മെച്ചപ്പെടുത്തും. പ്രതിവാരം അധ്യാപകപരിശീലന കേന്ദ്രത്തിൽ വിലയിരുത്തലും ആസൂത്രണവും നടക്കണം. റെക്കോർഡുകൾ കൃത്യതയോടെ സമർപ്പിക്കുകയും വിലയിരുത്തുകയും വേണം.

## 2.14 മെന്ററിങ്

മികച്ച അധ്യാപകരും ഭൗതികസൗകര്യങ്ങളുമുള്ള വിദ്യാലയങ്ങളാണ് വിദ്യാലയ അനുഭവപരിപാടികൾക്കായി തിരഞ്ഞെടുക്കേണ്ടത്. ആ വിദ്യാലയത്തിലെ മികച്ച അധ്യാപകരെ മെന്ററായി തിരഞ്ഞെടുക്കണം. അവരുടെ ക്ലാസുകളിലാണ് അധ്യാപകവിദ്യാർഥികൾ ക്ലാസുകളെടുക്കുക. തൽസ്ഥല പിന്തുണയും നിർദേശങ്ങളും നൽകി അധ്യാപക വിദ്യാർഥിയെ മികച്ച അധ്യാപികയാക്കാനുള്ള ചുമതലയാണ് തിരഞ്ഞെടുക്കുന്ന മെന്റർക്കുള്ളത്. മെന്റർമാർക്ക് അവരുടെ റോൾ വ്യക്തമാക്കാൻ സഹായകമായ പരിശീലനം ഡയറ്റ് നൽകണം.

## 2.15 വിദ്യാലയ വികസനപദ്ധതിയും വാർഷികകലണ്ടറും

കേരളത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന പരിപാടി സർക്കാരിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും പൊതുസമൂഹത്തിന്റെയും നേതൃത്വത്തിൽ നടക്കുന്ന കാലമാണിത്. പൊതുവിദ്യാലയങ്ങളുടെ അക്കാദമികമികവിന് അടിസ്ഥാനഘടകമായ അധ്യാപകർ രൂപപ്പെടുന്ന അധ്യാപക പരിശീലനകേന്ദ്രങ്ങളും ഈ യജ്ഞത്തിന്റെ അവിഭാജ്യഘടകമാണ്. ഗുണമേന്മയുള്ള അധ്യാപകരെ രൂപപ്പെടുത്തണമെങ്കിൽ അതിനു സഹായകമായ കാഴ്ചപ്പാടുകളും പദ്ധതികളും വികസിപ്പിക്കണം. അധ്യാപകപരിശീലനകേന്ദ്രങ്ങളും സമഗ്രഗുണമേന്മാ വികസനപദ്ധതി ദീർഘവീക്ഷണത്തോടെ വികസിപ്പിക്കണം. ഇതിന്റെ ഭാഗമായി വാർഷികപദ്ധതിയും വാർഷികകലണ്ടറും തയാറാക്കി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കണം.

## 2.16 വിദ്യാഭ്യാസ സാങ്കേതികവിദ്യ

പഠനപ്രക്രിയയെ ഗുണമേന്മയുള്ളതാക്കുന്നതിന് സാങ്കേതികവിദ്യയുടെ ഉപയോഗം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഐ.ടി. സാങ്കേതികവിദ്യയുടെ സാധ്യത വളരെ കൂടുതൽ ആവശ്യപ്പെടുന്ന കാലമാണിത്. പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി ഹൈടെക് വിദ്യാലയങ്ങളും ഐ.സി.ടി. അധിഷ്ഠിത പഠനവും ഏറെ മുന്നേറിയിട്ടുണ്ട്. അധ്യാപകവിദ്യാഭ്യാസത്തിലും ഈ മാറ്റം പ്രതിഫലിച്ചേ പറ്റൂ. നാളത്തെ അധ്യാപകൻ നിർബന്ധമായും ഐ.സി.ടി. അധിഷ്ഠിത പഠനത്തിന് പ്രാപ്തിയുള്ളവരാകണം. ഇതിനാവശ്യമായ പാഠ്യപദ്ധതിയും അനുബന്ധസൗകര്യങ്ങളും അധ്യാപകപരിശീലന കേന്ദ്രങ്ങളിൽ ഉറപ്പാക്കണം.

അതോടൊപ്പം വിദ്യാഭ്യാസ സാങ്കേതികവിദ്യ എന്നുപറയുമ്പോൾ ഐ.ടി. സാധ്യതയിലേക്ക് പരിമിതപ്പെട്ടുപോകരുത്. പഠനപ്രക്രിയയിലും മാനേജ്മെന്റിലും ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിലും പഠനപ്രശ്നങ്ങൾ പരിഹരിക്കുന്നതിലും സാങ്കേതികവിദ്യ (Technology) ഉപയോഗപ്പെടുത്തണം. ഗ്രൂപ്പുപ്രവർത്തനങ്ങൾ, വ്യക്തിഗതപഠനം, ക്ലാസ് ക്രമീകരണം തുടങ്ങിയ മേഖലകളിലും പഠനസാങ്കേത

ങ്ങൾ വികസിപ്പിക്കുന്നതിലും പഠനോപകരണങ്ങൾ രൂപപ്പെടുത്തുന്നതിലും വിദ്യാഭ്യാസ സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗപ്പെടുത്തണം.

ഐ.ടി. അധിഷ്ഠിത പഠനം സംബന്ധിച്ച കാഴ്ചപ്പാടും നേരനുഭവവും വികസിക്കുന്നതോടൊപ്പം ഭാവി അധ്യാപകർക്കും പരിശീലകർക്കും ഐ.ടി. നൈപുണി വികസിപ്പിക്കുന്നതിനുള്ള പരിപാടികളും വേണം.

## 2.17 പഠനരീതികളും തന്ത്രങ്ങളും

സാമൂഹികജ്ഞാനനിർമിതിയിലധിഷ്ഠിതമായ പാഠ്യപദ്ധതിയും പഠനരീതിയുമാണ് നിലനിൽക്കുന്നത്. സ്വാഭാവികമായും പാഠ്യപദ്ധതിക്കനുസൃതമായ പഠനം ഫലപ്രദമായി വിനിമയം ചെയ്യാനുള്ള ശേഷിയാണ് ഭാവി അധ്യാപകർക്ക് ഉണ്ടാകേണ്ടത്. എങ്കിൽ അധ്യാപകവിദ്യാർഥിയും അത്തരം ഒരു പ്രക്രിയയിലൂടെ അനുഭവങ്ങൾ സ്വാംശീകരിക്കുന്ന പഠനരീതിയിലൂടെ കടന്നുപോകുന്നതായിരിക്കും അഭികാമ്യം. ഇത് സ്വയം അറിവുനിർമിച്ച് മുന്നേറുന്നതിന്റെ നേരനുഭവം പ്രദാനം ചെയ്യുന്നതോടൊപ്പം എലിമെന്ററി ക്ലാസുകളിൽ അത്തരം പഠനരീതി അവലംബിക്കുന്നതിനുള്ള മനോഭാവവും നൈപുണിയും വികസിപ്പിക്കാനും സഹായിക്കും.

എല്ലാ കുട്ടികളെയും പരിഗണിക്കുന്നതും എല്ലാവർക്കും പങ്കാളിത്തം ഉറപ്പാക്കുന്നതുമായിരിക്കും ഇത്തരം പഠനരീതി. ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ, സംഘപ്രവർത്തനങ്ങൾ, പഠനയാത്രകൾ, ശില്പശാലകൾ, അരങ്ങുകൾ, സർവേകൾ, അഭിമുഖങ്ങൾ, റഫറൻസിങ് തുടങ്ങിയ നിരവധി പഠനതന്ത്രങ്ങൾ ഇതിനായി പ്രയോജനപ്പെടുത്തണം. ഓരോ പഠനമേഖലയ്ക്കും അനുയോജ്യമായ പഠനരീതി തിരഞ്ഞെടുക്കാൻ കുട്ടികൾക്കും ടീച്ചർ എജ്യുക്കേറ്റർമാർക്കും അവസരം നൽകുന്ന ജനാധിപത്യരീതി ഐ.ടി.ഇ.കളിൽ ഉറപ്പാക്കാൻ കഴിയണം. അവയുടെ ഗുണതയും അനുയോജ്യതയും വിലയിരുത്താനുള്ള സംവിധാനം ഉറപ്പാക്കുകയും വേണം. കുട്ടികളുടെ പഠനവേഗം, പഠനശൈലി എന്നിവയിലുള്ള വൈവിധ്യത്തെ പരിഗണിക്കാൻ ഇത്തരം പഠനതന്ത്രങ്ങൾ സഹായിക്കും. മുൻകൂട്ടിയുള്ള ആസൂത്രണവും സമയബന്ധിതമായ നിർവഹണവും ഉറപ്പാക്കണം. അതോടൊപ്പം നൂതനമായ പഠനരീതികളും തന്ത്രങ്ങളും വികസിപ്പിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സമീപനവും നാം സ്വീകരിക്കണം.

## 2.18 ഐച്ഛികവിഷയം

നിലവിൽ ഗണിതം, അടിസ്ഥാനശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ മൂന്നു വിഷയങ്ങളാണ് ഐച്ഛികവിഷയങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ എലിമെന്ററി മേഖലയിൽ എല്ലാ വിഷയങ്ങളുടെയും ആഴത്തിലുള്ള പഠനം ഉറപ്പാക്കുന്നതിലൂടെ മാത്രമേ പഠനപ്രക്രിയയുടെ ഗുണത മെച്ചപ്പെടുത്താനാവൂ. ഐച്ഛികവിഷയ സമ്പ്രദായം വരുമ്പോൾ ഗണിതം, സാമൂഹ്യശാസ്ത്രം, സയൻസ് എന്നീ വിഷയങ്ങളിൽ ചിലതിൽ പ്രവേശനം നേടാൻ അധ്യാപകവിദ്യാർഥികൾ ആഗ്രഹിക്കുന്നില്ല. ഇതുമൂലം അപ്പർപ്രൈമറിയിൽ ഭാവിയിൽ ശാസ്ത്ര-ഗണിത വിഷയങ്ങൾ കൈകാര്യം ചെയ്യാൻ വിഷയപ്രാഗൽഭ്യമുള്ള അധ്യാപകർ ഇല്ലാതെ വരും. ഇക്കാരണത്താൽ ഐച്ഛികവിഷയ സമ്പ്രദായം പുനപരിശോധിക്കേണ്ടതാണ്. മാത്രമല്ല എലിമെന്ററി തലത്തിൽ അധ്യാപക തസ്തികകൾ വിഷയാടിസ്ഥാനത്തിലല്ല നിശ്ചയിക്കപ്പെടുന്നത്.

## 2.19 പ്രവേശനം

ഓരോ വർഷവും 40 അധ്യാപകവിദ്യാർഥികളെയാണ് ഒരു സ്ഥാപനത്തിലേക്ക് പ്രവേശിപ്പിക്കേണ്ടത്. ഭാവി അധ്യാപകരുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് പ്രവേശനം മുതൽതന്നെ അവരെ സംബന്ധിച്ച കാഴ്ചപ്പാടുകൾ വികസിപ്പിക്കുകയും നടപടികൾ സ്വീകരിക്കുകയും വേണം.

സാമൂഹികമായും സാമ്പത്തികമായും ഉയർന്ന തലത്തിലുള്ള പദവി അധ്യാപനം എന്ന തൊഴിലിന് നൽകി ആകർഷകമാക്കണം. മികവു പ്രകടിപ്പിച്ചവരെ കണ്ടെത്തി പ്രവേശനം നൽകുന്നതിനു സഹായകമായ തിരഞ്ഞെടുപ്പുപ്രക്രിയ ഉറപ്പാക്കണം. പ്രവേശനത്തിന് നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ പാലിക്കണം. പൊതുപ്രവേശന പരിക്ഷ സംസ്ഥാനത്തിൽ നടത്തുകയും പ്രവേശനം ജില്ലാതലത്തിൽ ക്രമീകരിക്കുകയും വേണം. യോഗ്യതാപരീക്ഷയ്ക്ക് 40% വും പ്രവേശനപ്പരീക്ഷക്ക് 60% വും വെയിറ്റേജ് നൽകണം. പ്രവേശനത്തിന് സംഭാവനയോ കാപ്പിറ്റേഷൻ ഫീസോ പാടില്ല.

ഓരോ വർഷവും മാർച്ച് മാസത്തിൽ അപേക്ഷ ക്ഷണിക്കുകയും ഏപ്രിലിൽ പ്രവേശനപ്പരീക്ഷ നടത്തി മെയ് 15 ന് മുമ്പായി പ്രവേശനം പൂർത്തിയാക്കുകയും വേണം. പ്രവേശനത്തിനുള്ള സാങ്കേതികതടസ്സങ്ങൾ ഒഴിവാക്കി ഓൺലൈനായി പ്രവേശനം സുതാര്യമായി നടക്കുന്നു എന്നുറപ്പാക്കണം. ജൂൺ 1 മുതൽ തന്നെ ക്ലാസുകൾ തുടങ്ങാൻ കഴിയണം. രണ്ടുവർഷമാണ് പഠനകാലം. എന്നാൽ 5 വർഷത്തിനുള്ളിൽ കുട്ടി കോഴ്സ് പൂർത്തിയാക്കിയിരിക്കണം.

## 2.20 പഠനസമയം

പ്പരീക്ഷകൾ, ആസൂത്രിത പഠനയാത്രകൾ എന്നിവയ്ക്കു പുറമെ ഒരു സെമസ്റ്ററിൽ 6 പിരീഡുകളുള്ള 100 പ്രവൃത്തിദിവസങ്ങൾ ലഭ്യമാക്കണം. 100 പ്രവൃത്തിദിവസങ്ങൾ പൂർത്തിയായശേഷമേ ഒന്നാം സെമസ്റ്റർ പരീക്ഷ നടത്താൻ കഴിയൂ. ഇത് ഉറപ്പാക്കണമെങ്കിൽ പ്രവേശനം പൂർത്തിയാക്കി എല്ലാ പരിശീലനസ്ഥാപനങ്ങളിലും ഒരേ ദിവസം ക്ലാസുകൾ ആരംഭിക്കണം. ഓരോ മാസവും ലഭിക്കേണ്ട പഠനസമയവും ലഭിച്ച പഠനസമയവും കണ്ടെത്തണം. പ്രതീക്ഷിത പഠനസമയം ലഭിക്കാത്ത സ്ഥാപനങ്ങളിൽ അടുത്തമാസം തന്നെ കൂടുതൽ സമയം കണ്ടെത്തി ക്ലാസുകൾ പൂർത്തിയാക്കണം. കുട്ടിക്ക് കോഴ്സ് വർക്കിൽ 85% ഹാജരും വിദ്യാലയ അനുഭവപരിപാടിയിൽ 90% ഹാജരും ഉറപ്പാക്കണം.

## 2.21 പഠനസാമഗ്രി

പ്രക്രിയാബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമായ പഠനമാണ് ഡി.എഡ്. പാഠ്യപദ്ധതി വിഭാവന ചെയ്യുന്നത്. അറിവ് സ്വയം നിർമിക്കുന്നതിന് സഹായകമായ ഈ പ്രക്രിയക്ക് ഉതകുന്ന പഠനസാമഗ്രികൾ ഉറപ്പാക്കാൻ സംവിധാനത്തിന് കഴിയണം. ഐ.സി.ടി. സാധ്യതകൾ, സ്വയംപഠന സാമഗ്രികൾ, റഫറൻസിങ്ങിന് സഹായകമായ ക്ലാസ്‌ലൈബ്രറി, പൊതുലൈബ്രറി, അധ്യാപകവിദ്യാർഥികളും ടീച്ചർ എജ്യുക്കേറ്റർമാരും വികസിപ്പിച്ച ചാർട്ടുകൾ, റിപ്പോർട്ടുകൾ, വിവിധ കാലങ്ങളിലെ പാഠ്യപദ്ധതികൾ, സമീപനരേഖകൾ, ഗണിത, ശാസ്ത്ര, സാമൂഹ്യശാസ്ത്ര ലാബുകൾ എന്നിവ ഉറപ്പാക്കണം.

## 2.22 ടീച്ചർ എജ്യുക്കേറ്റർമാർക്കുള്ള സേവനകാല പരിശീലനം

ഡി.എഡ്. പാഠ്യപദ്ധതി കാര്യക്ഷമമായി വിനിമയം ചെയ്യണമെങ്കിൽ ടീച്ചർ എജ്യുക്കേറ്റർ ഒരു സാധാരണ അധ്യാപകനുള്ളതിനേക്കാൾ വളരെയധികം കഴിവുകൾ ആർജിക്കേണ്ടതുണ്ട്. പ്രൈമറി പാഠ്യപദ്ധതിയിലും അധ്യാപകപരിശീലന പാഠ്യപദ്ധതിയിലും ആയാൾ നിഷ്ണാതനായിരിക്കണം. പ്രൈമറി പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടു നടക്കുന്ന പ്രവർത്തനങ്ങളിൽ ടീച്ചർ എജ്യുക്കേറ്റർമാർക്ക് യാതൊരു ബന്ധവുമില്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. പ്രൈമറി പാഠ്യപദ്ധതിയുടെ വികസനം, പരിശീ

ലനം എന്നിവയുമായി ടീച്ചർ എജ്യുക്കേറ്റർമാരെ ബന്ധിപ്പിച്ചാൽ മാത്രമേ അവർക്ക് സ്വന്തം കടമകൾ വിജയകരമായി നിർവഹിക്കാൻ കഴിയൂ. അതുപോലെ ടീച്ചർ എജ്യുക്കേറ്റർമാർക്ക് സേവനകാല പരിശീലനം കൃത്യമായി ആസൂത്രണം ചെയ്യണം. പ്രതിമാസ ക്ലസ്റ്റർ കൂടിച്ചേരലുകളുടെയും അവധിക്കാല പരിശീലനങ്ങളിലൂടെയും പാഠ്യപദ്ധതിയുടെ സൈദ്ധാന്തികവും പ്രായോഗികവുമായ വശങ്ങൾ അനുഭവാധിഷ്ഠിതമായി പരിചയപ്പെടുത്തണം. ഇതിനുള്ള നേതൃത്വം സംസ്ഥാനതലത്തിൽ എസ്.സി.ഇ.ആർ.ടി.ക്കും ജില്ലാ തലത്തിൽ ഡയറ്റിനുമായിരിക്കണം. വിവരവിനിമയവിദ്യയുടെ സാധ്യതകൾ ഉപയോഗിച്ചും ടീച്ചർ എജ്യുക്കേറ്റർമാർമാരെ ശാക്തീകരിക്കാൻ കഴിയും. ഓൺലൈൻ പരിശീലനങ്ങൾ, ബ്ലോഗുകൾ എന്നിവയ്ക്കാവശ്യമായ സാമഗ്രികൾ തുടർച്ചയായി വികസിപ്പിക്കാൻ ഡയറ്റുകളെയും ഐ.ടി@സ്കൂളിനെയും ചുമതലപ്പെടുത്തുന്നതിന് വിദ്യാഭ്യാസവകുപ്പ് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

## 2.23 അധ്യാപകനൈപുണികളും മനോഭാവങ്ങളും

വിദ്യാഭ്യാസത്തെ ജനകീയമാക്കുകയും മനുഷ്യത്വവൽക്കരിക്കുകയും ആസ്വാദ്യകരമായ അനുഭവമാക്കിത്തീർക്കുകയും ചെയ്യുന്ന വിദ്യാഭ്യസപ്രക്രിയയാവണം. അധ്യാപകവിദ്യാഭ്യാസം 12 വർഷത്തെ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർഥിയെ അധ്യാപനപ്രക്രിയയിലേക്കു പരിവർത്തിപ്പിക്കുകയെന്ന പ്രക്രിയയാണ് അധ്യാപക വിദ്യാഭ്യാസത്തിലൂടെ നടക്കുന്നത്. ഈ പരിവർത്തനത്തിന് ആവശ്യമായ അറിവും മനോഭാവവും നൈപുണിയുമാണ് വികസിപ്പിക്കേണ്ടത്. പഠന-ബോധന പ്രക്രിയയ്ക്ക് ആവശ്യമായ പ്രധാന നൈപുണികൾ: വിഭവങ്ങൾ കണ്ടെത്തൽ, ആസൂത്രണമികവ്, പ്രശ്ന വിശകലനശേഷി, വിഭവവിനിയോഗശേഷി, സമയവിനിയോഗം, കേസ് വിശകലനം, കലാനൈപുണികൾ, ഫീഡ്ബാക്ക് നൽകൽ, സാമൂഹികനൈപുണികൾ, ആശയവിനിയമശേഷി, ആത്മവിശ്വാസം, പ്രശ്നപരിഹരണശേഷി, പഠനപ്രശ്നപരിഹരണശേഷി, പരിഹാരബോധന മികവ്, സർഗശേഷി, കൗൺസലർ/മെന്റർ എന്ന നിലയിലുള്ള കഴിവ്, സിദ്ധാന്തങ്ങളുടെ ക്ലാസ്റൂം പ്രയോഗവൽക്കരണശേഷി, നിരന്തരമൂല്യനിർണയ പാടവം, ഐ.സി.ടി. മികവ്, വ്യക്തിത്വവികാസം, സ്വതന്ത്രമായ അധ്യാപനശേഷീ വികാസം.

### 1. സ്വതന്ത്രമായ അധ്യാപനശൈലിയുടെ വികാസം

സ്വതന്ത്രമായ അധ്യാപനശൈലി വികസിപ്പിക്കുക എന്ന ലക്ഷ്യത്തിലൂന്നിയായിരിക്കണം ഓരോ പ്രവർത്തനവും ചെയ്യേണ്ടത്. ഭാവി അധ്യാപകർക്ക് നൂതനവും ഗവേഷണാത്മകവുമായ പ്രായോഗികാനുഭവങ്ങളിലൂടെ കടന്നുപോകാനും സ്വതന്ത്രമായ അധ്യാപനശൈലി രൂപപ്പെടുത്താനും കഴിയണം. ഇതിനു സഹായകമായ നൈപുണികൾ ആർജിക്കാനും സ്വയം വിലയിരുത്താനും അവസരമൊരുക്കിക്കൊടുക്കണം.

### 2. തൊഴിൽപരമായ മികവുകളുടെ പ്രകാശനം-വ്യാപനം

എല്ലാ വിദ്യാർഥികളുടെയും സമഗ്രവികസനത്തിൽ ഊന്നൽ നൽകാനും മികവുകൾ പ്രകാശിപ്പിക്കാനും പഠനപ്രക്രിയയിൽ അവസരങ്ങൾ സൃഷ്ടിക്കണം. ശാരീരികവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പരിമിതികളെ പരിഗണിച്ചുകൊണ്ട് ഉൾച്ചേർന്ന വിദ്യാഭ്യാസം (Inclusive Education) നടപ്പാക്കുന്നതിനുള്ള ശേഷികളും മനോഭാവങ്ങളും അധ്യാപകവിദ്യാർഥി ആർജിക്കണം. ഇതിനായി സ്വതന്ത്രമായ അനുരൂപീകരണ മാതൃകകൾ വികസിപ്പിക്കാൻ അവസരം നൽകേണ്ടതാണ്. സ്കൂൾ ആസൂത്രണവുമായി ബന്ധപ്പെട്ട വ്യത്യസ്ത ചുമതലകൾ വഹിക്കുന്നതിനുള്ള സന്നദ്ധതയും മനോഭാവവും വളർത്താൻ അവസരങ്ങൾ വേണം.

തൊഴിൽപരമായ ശേഷികളുടെ വികസനത്തിൽ താഴെ കുറിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തണം.

- സ്കൂൾ പിന്തുണാസംവിധാനങ്ങളെക്കുറിച്ച് അറിവുണ്ടായിരിക്കുക.
- ഓരോ പ്രശ്നവും പരിഹരിക്കുന്നതിന് ഏതേതു തലങ്ങളിൽ നിന്നു സഹായം ലഭിക്കുമെന്നതിനെക്കുറിച്ചുള്ള ധാരണയും അതു നേടിയെടുക്കുന്നതിനുള്ള ശേഷിയും മനോഭാവവും ഉണ്ടായിരിക്കുക.

- സ്വന്തം പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും സ്വയം മെച്ചപ്പെടുന്നതിനും ഉള്ള സന്നദ്ധത.
- ജീവിതകാലം മുഴുവൻ പഠിക്കുന്നതും പ്രൊഫഷണൽ വികാസം നേടുന്നതും സ്വന്തം ചുമതല യാണെന്നു തിരിച്ചറിയുക.
- ആവശ്യാനുസരണം റഫറൻസിനായി വിവരശേഖരണം നടത്തുന്നതിനുള്ള ശേഷിയും മനോഭാ വവും ആർജിക്കുക.

**3. വിജ്ഞാനസമ്പാദനവും പ്രായോഗികമാതൃകകളുടെ രൂപീകരണവും**

പ്രൈമറിതലത്തിലെ പഠനവിഷയങ്ങളിലുള്ള വിജ്ഞാനവും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യു ന്നതിനുള്ള ശേഷിയും വിഷയസമീപനങ്ങൾ, ബോധനസിദ്ധാന്തങ്ങൾ, പഠനോപകരണങ്ങൾ എന്നി വയെക്കുറിച്ചുള്ള ധാരണയും വികസിപ്പിക്കാൻ പാഠ്യപദ്ധതി വഴി സാധ്യമാകണം. ബോധനപ്രക്രിയ ഫലപ്രദമാക്കുന്നതിന് വിവരവിനിമയ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനുള്ള നൈപുണിയും മനോഭാവവും വളർത്തേണ്ടതുണ്ട്. ഒപ്പം പ്രത്യേക പഠനാവശ്യങ്ങളുള്ള കുട്ടികളുടെ പഠനപ്രശ്നങ്ങ ളെക്കുറിച്ചും അവർക്കു നൽകേണ്ട സഹായങ്ങളെക്കുറിച്ചുമുള്ള ധാരണയും ഫലപ്രദമായി ആശയ വിനിമയം നടത്തുന്നതിനുള്ള ഭാഷാനൈപുണിയും ഓരോ അധ്യാപകവിദ്യാർഥിയും ആർജിക്കണം.

**4. ബോധനശാസ്ത്രപരമായ ശേഷിയും മനോഭാവങ്ങളും**

താഴെ കുറിക്കുന്ന ഘടകങ്ങളെ പരിഗണിച്ചുകൊണ്ട് ബോധനശാസ്ത്രപരമായ ശേഷിയും മനോഭാവങ്ങളും വികസിപ്പിക്കേണ്ടതാണ്.

- പാഠ്യപദ്ധതിവിനിമയത്തിന് യോജിച്ച പഠനസാമഗ്രികൾ, പഠനാനുഭവങ്ങൾ എന്നിവയെക്കുറി ച്ചുള്ള ധാരണയും അവ തയാറാക്കുന്നതിനുള്ള നൈപുണിയും.

s

- പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സവിശേഷമായ ശ്രദ്ധയും രീതികളും വികസിപ്പിക്കുന്നതിനുള്ള കഴിവ്.
- വിദ്യാർഥികൾക്ക് സ്നേഹത്തിന്റെയും അംഗീകാരത്തിന്റെയും സംരക്ഷണം നൽകുന്ന പഠനാ ന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ശേഷിയും മനോഭാവവും.
- വിദ്യാർഥികളുടെ ഭിന്നനിലവാരം പരിഗണിച്ചുകൊണ്ട് പഠനപ്രവർത്തനങ്ങൾ രൂപപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള ശേഷി.
- വിദ്യാഭ്യാസലക്ഷ്യങ്ങൾ, പഠനനേട്ടങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണ.

**5. വിലയിരുത്തൽശേഷികൾ**

നിരന്തരവും സമഗ്രവുമായ മൂല്യനിർണയത്തെക്കുറിച്ചും അതു നടപ്പിലാക്കുന്നതിനുള്ള സങ്കേതങ്ങ ളെക്കുറിച്ചും അധ്യാപകവിദ്യാർഥി ധാരണ രൂപപ്പെടുത്തേണ്ടതുണ്ട്. ഇതോടൊപ്പം വിദ്യാർഥികളുടെ സ്വയംവിലയിരുത്തൽ, പരസ്പരവിലയിരുത്തൽ എന്നിവയ്ക്ക് അവസരമൊരുക്കുന്നതിനും വിലയി രുത്തലിനുശേഷം വിദ്യാർഥികൾക്ക് ഫീഡ് ബാക്ക് (Feed back) നൽകുന്നതിനും ഉള്ള ശേഷി അധ്യാപകവിദ്യാർഥി ആർജിക്കണം. അതേ സമയം ഒരു അധ്യാപകൻ/ അധ്യാപിക എന്ന നിലയിൽ തന്റെ കഴിവുകൾ എങ്ങനെ മെച്ചപ്പെടുത്തണം എന്നതു സംബന്ധിച്ച സ്വയം വിലയിരുത്തലും സാധ്യ മാക്കണം.

സ്വതന്ത്രമായ കാഴ്ചപ്പാടും ആശയവിനിമയം നടത്താനുള്ള കഴിവും ശേഷികളും മനോഭാവങ്ങളും വളർത്തുന്നതിനുതകുന്ന ഉള്ളടക്കവും വിനിമയരീതിയുമുള്ളതായിരിക്കണം അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതി. ഇതിൽ സൈദ്ധാന്തികപഠനത്തിനും പ്രായോഗികപ്രവർത്തനങ്ങൾക്കും ആപേക്ഷികപ്രാധാന്യം ഉണ്ടായിരിക്കണം.

## അധ്യാപകനൈപുണികളുടെ/മനോഭാവങ്ങളുടെ വിലയിരുത്തൽ

അനേകം നൈപുണികളും മനോഭാവങ്ങളും ആർജിക്കേണ്ട അധ്യാപകപരിശീലന പരിപാടിയിൽ ഫലപ്രദമായി അവ വിലയിരുത്തപ്പെടുന്നില്ല എന്നതാണ് പഠനങ്ങൾ കാണിക്കുന്നത്. പുതുതായി രൂപപ്പെടുന്ന പാഠ്യരീതിയിൽ ഈ പരിമിതി പരിഹരിക്കപ്പെടണം. ഇതിനായി;

- അധ്യാപകവിദ്യാഭ്യാസ കാലത്ത് ഒരു വിദ്യാർഥി നേടേണ്ട പ്രധാനപ്പെട്ട നൈപുണികളും മനോഭാവങ്ങളും സൂക്ഷ്മമായി കണ്ടെത്തണം.
- ഭാവി അധ്യാപകരുടെ നൈപുണികൾ, മനോഭാവം, പെരുമാറ്റം തുടങ്ങിയ കാര്യങ്ങൾ വിലയിരുത്തപ്പെടുകയും അവ സ്വയം വിശകലന വിധേയമാക്കാൻ അവസരം നൽകുകയും വേണം.
- അധ്യാപകപരിശീലന സ്ഥാപനത്തിൽ വച്ചും ഇന്റേൺഷിപ്പ് സമയത്തും നൈപുണികളുമായി ബന്ധപ്പെട്ട പ്രകടനങ്ങൾ (Performances), മനോഭാവങ്ങളുമായി ബന്ധപ്പെട്ട പെരുമാറ്റങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സഞ്ചിതരേഖ (Cumulative record) തയാറാക്കി സൂക്ഷിക്കണം.

അധ്യാപകവിദ്യാഭ്യാസ സ്ഥാപനത്തിലും സ്കൂൾ അനുഭവപരിപാടിയിലും വിലയിരുത്തേണ്ട നൈപുണികൾ, മനോഭാവങ്ങൾ, നിലപാടുകൾ.

| **സ്കൂൾ അനുഭവപരിപാടിയുടെ ഭാഗമായി വിലയിരുത്തുന്നത്** | **സമഗ്രവും നിരന്തരവുമായ വിലയിരുത്തലിന്റെ ഭാഗമായി അധ്യാപകർ വിദ്യാഭ്യാസ സ്ഥാപനത്തിൽ വിലയിരുത്തുന്നത്** |
|---|---|
| രചനാത്മകമായ അധ്യാപനസങ്കേതങ്ങൾ (Productive teaching techniques)<br>• ഫലപ്രദമായ ആസൂത്രണപാടവം<br>• ആസൂത്രണം ചെയ്ത കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള ശേഷി<br>• വിദ്യാർഥികളുമായി ഫലപ്രദമായ ആശയ വിനിമയം<br>• അനുയോജ്യമായ മൂല്യനിർണയ പ്രവർത്തനങ്ങൾ തയാറാക്കൽ<br>• പഠിതാക്കൾക്ക് മൂല്യനിർണയവുമായി ബന്ധപ്പെട്ട അനുയോജ്യ ഫീഡ്ബാക്ക് നൽകൽ<br>• പാഠ്യപദ്ധതി, വിഷയപരമായ ഉള്ളടക്കം എന്നിവയിൽ പരിപൂർണമായ അറിവ്<br>• നിശ്ചയിച്ച പാഠ്യപദ്ധതിക്ക് അനുസൃതമായ പാഠ്യവസ്തു തിരഞ്ഞെടുപ്പ്<br>• വ്യക്തിവ്യത്യാസം പരിഗണിച്ചുകൊണ്ട് അവസരങ്ങൾ നൽകൽ.<br>• നിശ്ചിത പഠനപ്രവർത്തനത്തിന് ആവശ്യ മായ സമയം ഉറപ്പുവരുത്തൽ<br>• കാര്യക്ഷമമായ വ്യക്തിബന്ധം സ്ഥാപിക്കൽ<br>• ഉത്തരവാദിത്തനിർവഹണം<br>• തൊഴിൽമേഖലയിലെ മികവ്<br>• പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളെ പരിഗണിക്കാനും അനുരൂപീ കരണപ്രവർത്തനങ്ങൾ നടത്താനുമുള്ള കഴിവ്. | • സാമൂഹികനൈപുണികൾ<br>• ദൈനംദിന സ്കൂൾപ്രവർത്തനത്തിൽ ക്രിയാത്മക പങ്കാളിത്തം<br>• പിന്തുണാസംവിധാനങ്ങൾ ഉപയോഗപ്പെടുത്തൽ<br>• രചനാത്മകകഴിവുകൾ<br>• വാചികമായ കഴിവുകൾ<br>• കലാകായികപ്രകടനങ്ങൾ<br>• നിർമാണപ്രവർത്തനങ്ങൾ<br>• ക്ലാസ്റൂം തിയേറ്റർ സങ്കേതങ്ങൾ<br>• സെമിനാർ അവതരണം<br>• പ്രഭാഷണം<br>• പ്രസംഗം<br>• കവിതാലാപനം<br>• ഐ.സി.ടി. പാടവം<br>• കൃത്യനിഷ്ഠ<br>• ജനാധിപത്യമൂല്യങ്ങൾ<br>• സാമൂഹികസന്നദ്ധതാപ്രവർത്തനങ്ങൾ<br>• ലൈബ്രറിറൂം റീഡിംഗ്<br>• വാദപ്രതിവാദങ്ങളിലെ (ഡിബേറ്റ്) മികവ്<br>• ക്ലബ്ബ് പ്രവർത്തനങ്ങൾ<br>• വിവിധങ്ങളായ മാർഗങ്ങളിലൂടെ വിവരശേഖരണം നടത്തി ഉപയോഗിക്കാനുള്ള റഫറൻസിങ് കഴിവ് |

# 3 വിഷയസമീപനം

## 3.1 മാതൃഭാഷാപഠനം

ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ നിരവധി തലങ്ങളുള്ള ഒരു സാംസ്കാരികോപകരണ മാണ്. നാം ലോകത്തെ കാണുന്നതും നിർവചിക്കുന്നതും ഭാഷ ഉപയോഗിച്ചാണ്. വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തിൽ വാമൊഴിവഴക്കങ്ങളായും മനുഷ്യന്റെ സർഗാത്മകതയുടെയും സൗന്ദര്യബോധത്തിന്റെയും വാഹകമായും ഭാഷ നിലനിൽക്കുന്നു. തലമുറകളുടെ സർഗാത്മകതയും ചിന്താസമ്പത്തും ഈടുവയ്പുകളായി സൂക്ഷിക്കുന്നത് ഭാഷയിലാണ്. അതിനാൽ സമൂഹത്തിൽ ജനിച്ചു വീഴുന്ന കുട്ടി ഭാഷ പഠിക്കുകയെന്നാൽ ആ സമൂഹത്തിന്റെ സൗന്ദര്യബോധത്തെയും സംസ്കാര ത്തെയും പാരമ്പര്യത്തെയും അറിയുകയാണ്. ഏതൊരാളും ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും സഞ്ചിതമായ സംസ്കാരത്തിൽ നിന്നുകൊണ്ടാണ്. സംസ്കാരത്തിന്റെ സ്വാംശീകരണം നടത്തുന്ന താകട്ടെ, ഭാഷയിലൂടെയും. ഇതിലൂടെ ഭാഷയിൽ നിന്ന് ആർക്കും രക്ഷപ്പെടാനാകില്ലെന്നും ഭാഷയി ല്ലാതെ ജീവിതമില്ലെന്നും കാണാവുന്നതാണ്.

**സ്കൂൾ പാഠ്യപദ്ധതി**

കുട്ടി നടക്കാൻ പഠിക്കുന്നതു പോലെ നൈസർഗികമായും ക്രമമായും മാതൃഭാഷ ഉപയോഗിക്കാനും പഠിക്കുന്നു. മനുഷ്യനുള്ള സവിശേഷമായ ഈ കഴിവിനെ വികസിപ്പിക്കുകയും പുഷ്ടിപ്പെടുത്തുക യുമാണ് ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഒരു ലക്ഷ്യം. കൃത്യമായും കാര്യക്ഷമമായും ഭാഷ ഉപ യോഗിക്കുന്നവർ ജീവിതത്തിൽ വ്യക്തിമുദ്ര പതിപ്പിക്കുകയും ഉയരങ്ങളിലെത്തുകയും ചെയ്യുന്നു. സമൂ ഹത്തിലെ ജാതിമതവർഗവ്യത്യാസങ്ങളെയും അസമത്വങ്ങളെയും ഇല്ലാതാക്കുന്നതിനും പ്രതിരോധി ക്കുന്നതിനും ഭാഷ വേണം. സമൂഹത്തിലെ പാർശ്വവൽകൃതരെ മോചിപ്പിക്കുന്നതിനുള്ള ഒരു മാർഗം അവർക്ക് ശക്തമായും കാര്യക്ഷമമായും ആശയവിനിമയം നടത്തുന്നതിനും വികാരവിചാരങ്ങളെ ആവി ഷ്കരിക്കുന്നതിനും കഴിവുണ്ടാക്കുകയാണ്. എല്ലാവർക്കും ഗുണമേന്മ എന്ന ലക്ഷ്യത്തോടെയുള്ള വിദ്യാഭ്യാസത്തിന്റെ സാമൂഹികമായ കടമയാണിത്.

നമ്മുടെ മാതൃഭാഷയായ മലയാളത്തിന് സമ്പന്നമായ പാരമ്പര്യമുണ്ട്. ദേശത്തിന്റെ ജീവിതത്തെയും സംസ്കാരത്തെയും ആവിഷ്കരിക്കുന്ന നിരവധി സാഹിത്യകൃതികളും വൈജ്ഞാനിക ഗ്രന്ഥങ്ങളും നമുക്കുണ്ട്. ഇവ വായിക്കുന്നതിനും അറിയുന്നതിനും ഉള്ള ഏറ്റവും നല്ല ഇടങ്ങൾ കൂടിയാണ് നാം മാതൃഭാഷാ ക്ലാസിനെ വിഭാവനചെയ്തിട്ടുള്ളത്. ഇപ്രകാരം ശക്തമായ സാമൂഹികാടിത്തറയുള്ള ഭാഷാപഠന സമീപനമാണ് സ്കൂൾ പാഠ്യപദ്ധതിയിൽ സ്വീകരിച്ചിട്ടുള്ളത്. സ്കൂൾ പാഠ്യപദ്ധതി നിഷ്കർഷിക്കുന്ന ഭാഷാപഠനലക്ഷ്യങ്ങൾ ഇനിപ്പറയുന്നവയാണ്.

മറ്റുള്ളവർക്കു മനസ്സിലാക്കും വിധം ശക്തവും സ്പഷ്ടവുമായി ശ്രാവ്യവായന നടത്തൽ.

- കേട്ടു മനസ്സിലാക്കൽ
- വായിച്ച് ആശയം ഗ്രഹിക്കൽ
- ആസ്വദിക്കൽ
- ആശയപ്രകാശനം ഫലപ്രദമായി നടത്തുന്നതിനുള്ള രചനാതന്ത്രങ്ങൾ പരിചയപ്പെടൽ
- രചനകളുടെ അർഥതലങ്ങൾ വ്യാഖ്യാനിക്കൽ
- ആശയങ്ങളും അനുഭവങ്ങളും വിവിധ മാധ്യമങ്ങളിൽ ആവിഷ്കരിക്കൽ
- സർഗാത്മകരചന
- പദാവലി വികസിപ്പിക്കൽ

- അക്ഷരബോധം
- സാഹിത്യരൂപങ്ങളെയും കലാരൂപങ്ങളെയും വിലയിരുത്തൽ
- ഐ.ടി. അടക്കമുള്ള വിവരശേഖരണ രീതി ഉപയോഗിക്കുന്നതിൽ പ്രാവീണ്യം നേടൽ

ഇത്തരം ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന പാഠ്യപദ്ധതി വിനിമയം ചെയ്യേണ്ടവരാണ് ഡി.എഡ്. അധ്യാപകവിദ്യാർഥികൾ.

**ഡി.എഡ്. (D.Ed.) പാഠ്യപദ്ധതി**

നാലു സെമസ്റ്ററുകളിലായി 19 യൂണിറ്റുകൾ 355 മണിക്കൂർ കൊണ്ടു വിനിമയം ചെയ്യുംവിധമാണ് നിലവിലുള്ള ഭാഷാപാഠ്യപദ്ധതിയുടെ ഉള്ളടക്കം ക്രമീകരിച്ചിരിക്കുന്നത്. ഇതിന്റെ പരിമിതികൾ ഇനി പറയുന്നവയാണ്.

- ഒന്നാം സെമസ്റ്ററിൽ പൂർണമായും ഭാഷാശാസ്ത്രവും വ്യാകരണവുമാണ്. ഇത് വിരസവും ശുഷ്കവുമാണ്. സ്കൂൾ പാഠ്യപദ്ധതിയിൽ അനുവർത്തിച്ചിരിക്കുന്ന പ്രായോഗിക വ്യാകരണസമീപനവുമായി ഇത് പൊരുത്തപ്പെടുന്നില്ല.
- യൂണിറ്റുകളുടെ ക്രമം സ്കൂൾ അനുഭവപരിപാടിയെ സഹായിക്കുന്നില്ല. സ്കൂൾ അനുഭവപരിപാടിക്കുള്ള തയാറെടുപ്പ് മുൻകൂട്ടി നടത്താനുള്ള അവസരം ലഭിക്കുന്നില്ല.
- സെമിനാർ, ചർച്ച തുടങ്ങിയ വിനിമയതന്ത്രങ്ങൾ ആവർത്തിക്കുന്നു.
- നിരന്തരമൂല്യനിർണയം രേഖപ്പെടുത്തലിന്റെ യാന്ത്രികതയിലേക്കു തരംതാണുപോയി. അധ്യാപകവിദ്യാർഥിയുടെ മികവുകളും പരിമിതികളും തുടർച്ചയായി രേഖപ്പെടുത്തുകയും മികവിലേക്കു നയിക്കുകയും ചെയ്യുന്നതിന് ടീച്ചർ എജ്യൂക്കേറ്റർക്കു കഴിയുന്നില്ല.
- അധ്യാപനാഭിരുചി വളർത്താൻ ഡി.എഡ്. പാഠ്യപദ്ധതി വേണ്ടത്ര സഹായകമല്ല.

**ഡി.എഡ്. മാതൃഭാഷാ പാഠ്യപദ്ധതി - സമീപനം**

പ്രൈമറി തലത്തിലുള്ള ഭാഷാപാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിനുള്ള അറിവും പ്രാപ്തിയുമുള്ളവരാണ് ഡി.എഡ്. പരിശീലനത്തിലൂടെ രൂപപ്പെട്ടുവരേണ്ടത്. ആശവിനിമയശേഷി. പ്രായോഗിക വ്യാകരണബോധം, ഭാഷയുടെ ചരിത്രം, സാഹിത്യം എന്നിവയെക്കുറിച്ച് അനുഭവാധിഷ്ഠിതമായ അറിവു നേടാൻ പരിശീലനകാലത്ത് അവസരം ലഭിക്കണം.

**പ്രധാന ലക്ഷ്യങ്ങൾ**

- പ്രൈമറിക്ലാസുകളിൽ ഭാഷാക്ലാസുകൾ കാര്യക്ഷമമായി നടത്തുന്നതിനുള്ള നൈപുണിയും മനോഭാവവും ആർജിക്കുക.
- ഭാഷാസമീപനം, ഭാഷാബോധനതന്ത്രങ്ങൾ എന്നിവയെക്കുറിച്ചു അനുഭവാധിഷ്ഠിതമായ അറിവ് കൈവരിക്കുക.
- ഭാഷയുടെ ചരിത്രം, സാഹിത്യം, സംസ്കാരം എന്നിവയെക്കുറിച്ച് ആഴത്തിലുള്ള ധാരണ കൈവരിക്കുക.
- ഭിന്നശേഷിയുള്ള വിദ്യാർഥികൾ, സാമൂഹികവും സാമ്പത്തികവും സാംസ്കാരികുവമായി പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവർക്ക് പിന്തുണ നൽകുന്ന ഉൾച്ചേർന്ന വിദ്യാഭ്യാസം (Inclusive education) നടപ്പാക്കുന്നതിനുള്ള ശേഷിയും ധാരണയും കൈവരിക്കുക.
- ഭാഷാപഠനത്തിനും അധ്യാപനത്തിനും ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്താനുള്ള ധാരണകൾ നേടുക.
- പ്രൈമറി ഭാഷാപാഠപുസ്തകങ്ങൾ വിശകലനം ചെയ്യാനും പ്രാദേശിക വഴക്കമുള്ള പാഠ്യപദ്ധതി രൂപപ്പെടുത്താനും ധാരണ നേടുക.
- മലയാളം അധ്യാപകന് അവശ്യം ഉണ്ടായിരിക്കേണ്ട ഭാഷാപരമായ നൈപുണികൾ - (കഥപറയൽ, കവിതാലാപനം, ആവിഷ്കാരപരം, പ്രകടനപരം മുതലായവ) വളർന്നുവരണം.

- സ്കൂൾ അനുഭവപരിപാടികൾ ആകെയുള്ള 12 [5+1] ക്ലാസുകൾ അപര്യാപ്തമായതിനാൽ മലയാളം ക്ലാസുകളുടെ എണ്ണം കൂട്ടേണ്ടതുണ്ട്. അങ്ങനെ നല്ല അധ്യാപകരാവാൻ ശേഷി നേണം.
- പാഠപുസ്തകത്തിന് പുറത്ത് റഫറൻസിന് വേണ്ടിയുള്ള വായനയ്ക്ക് അപ്പുറത്തേക്ക് ഒരു വായനാ സംസ്കാരം വളർത്തുന്നവിധം പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്യണം.

ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഇനിപ്പറയുന്ന ഉള്ളടക്കമേഖലകൾ ഉൾപ്പെടുത്തേണ്ടതുണ്ട്.

- മലയാളഭാഷ, സാഹിത്യം, സംസ്കാരം
- പ്രായോഗികവ്യാകരണം
- റഫറൻസ് നൈപുണി വളർത്തൽ - നിഘണ്ടു, വിജ്ഞാനകോശം, സാഹിത്യചരിത്രം, പുരാണനിഘണ്ടുക്കൾ
- ഭാഷാപുസ്തകങ്ങളുടെ വിശകലനവും വിലയിരുത്തലും
- ഭാഷാസമീപനം, വിലയിരുത്തൽ എന്നിവയിൽ വ്യക്തത നേടുക.
- പ്രാദേശിക പാഠ്യപദ്ധതി രൂപീകരണം, സാധ്യതകൾ, വിവരവിനിമയ സാധ്യത - ബ്ലോഗെഴുത്ത്, ഇ-മാഗസിനുകൾ, ഇ-ലൈബ്രറി മുതലായവ.
- ഭാഷ, ബോധനതന്ത്രങ്ങളും സാധ്യതകളും
- ഭാഷാപഠനം സർഗാത്മകമാക്കൽ - തിയറ്റർ ക്യാമ്പുകൾ, വിദ്യാരംഗം, സാഹിത്യക്യാമ്പുകൾ എന്നിവയുടെ സാധ്യതകൾ തിരിച്ചറിയൽ.
- പാഠാസൂത്രണവും വിനിമയവും
- ഭാഷാപഠനസാമഗ്രികളുടെ ശേഖരണവും വികസനവും
- ഭാഷാപഠനം കാര്യക്ഷമമാക്കുന്നതിനു വേണ്ടിയുള്ള ശ്രദ്ധേയമായ പ്രവർത്തനങ്ങൾ പരിചയപ്പെടൽ
- ഭാഷാ ക്ലാസിലെ വിലയിരുത്തൽ
- ഉൾച്ചേർന്ന വിദ്യാഭ്യാസം (Inclusive Education)

അധ്യാപകവിദ്യാർഥിയുടെ മാതൃഭാഷയിലും സാഹിത്യത്തിലുമുള്ള മെച്ചപ്പെട്ട ധാരണ, സർഗാത്മകത, നൈപുണിവികസനം എന്നിവയ്ക്ക് ഉതകുന്നതാകണം മാതൃഭാഷാ പഠനത്തിന്റെ പാഠ്യപദ്ധതി. ഇതിനായി വായന, ചർച്ച, സർഗാത്മകപ്രകടനങ്ങൾ, പ്രായോഗിക പരിശീലനം എന്നിവയ്ക്ക് ആപേക്ഷികപ്രാധാന്യം നൽകേണ്ടതുണ്ട്. പ്രവർത്തനങ്ങളുടെ പ്രക്രിയകൾ അവതരിപ്പിക്കുമ്പോൾ അധ്യാപകവിദ്യാർഥിയുടെ സ്വയംവിലയിരുത്തലിനും പരസ്പരവിലയിരുത്തലിനും അർഹമായ പ്രാധാന്യം നൽകുന്ന സമീപനമായിരിക്കണം സ്വീകരിക്കുന്നത്. മാതൃഭാഷാപാഠ്യപദ്ധതിയെ സർഗാത്മകമാക്കി മാറ്റാൻ ഇതിലൂടെ കഴിയും.

## 3.2 ഇംഗ്ലീഷ്

English the world's most common language now belongs to the world and increasingly to non-native speakers who outnumber the native speakers. For developing and emerging economies, there is an enormous demand and need for English in public education systems to boost stability, employability and prosperity. "English language skills are an indispensable tool for daily communication with most of the outside world, either in professional or personal life. English in India today is a symbol of people's aspirations for quality in education and fuller participation in national and international life." Therefore teacher education in English Language is a great concern of the hour. Provision for contextual use of english, mastery of English Language systems and giving input rich environment to the student teachers are to be redesigned in tune with the emerging needs and in the light of the new context.

### MULTILINGUAL CONTEXT

All children come to school equipped with a strong foundation of mother tongue, coupled with a variety of learning experiences from home and their environment. Development and learning begin in the first language, and it is in this language children begin to construct their knowledge and form meaningful communicative relationships.

India is massively multilingual, as a country, as a community and in the lives of its citizens. Over recent years, research and scholarship elsewhere regard English language education as one of the important elements of educational purpose, and look multilingualism as a natural human resource, not as an aberrant problem. Student teachers, being multilingual are to be encouraged to tap this potential.

It shall not affect the first language teaching. It is essential that curriculum should be concerned with the cultural realism and maintain a viable delicate balance between the two. Hence, English language teaching should be developed on the 'already acquired skills' of the first language in children. The educated Keralites will have enough communicative ability in English, more passive than active, and more in writing than in fluent speaking. Thus, all Keralites intuitively have multilingual and cross-linguistic susceptibilities, which make acquisition of language and its use fit comfortably into their overall language schema.

"The overwhelming presence and entrenchment of English in public life of Kerala is evident. Even in rural areas, hoardings, signboards and the nameplates of shops and services are all primarily in English." This unique affinity demands teachers of the highest potential.

Recently concluded D.Ed. study on the existing curriculum of Teacher Education in English, recommend to revamp the curriculum with professional practices across the world to bridge the existing division/disjunction between English language-rich and English language-poor environment of teaching, affirming equity and quality. Teacher Education has to be a continuous process and it needs prioritization in various areas to implement alternative paradigm for quality teacher education. Existing D.Ed. curriculum was introduced in 2013 and it's time to redesign it incorporating the new strategies of ELT.

The issues highlighted by the Honourable members of Joint Review Mission on Teacher Education (April 21-24, 2014) like lack of enough PCTK (Pedagogic Content Technological Knowledge),

lack of research exposure, institutional inertia, inequity, quality crisis, overgrowing establishment, rare humane and professional teachers, poor integration of skills, alienated and incompatible modes of teacher education, meager contribution to higher education, domain pedagogy mismatches, stake holders' non-alignment, inadequate technology infusion, vision and mission mismatches non-scientific manpower planning etc. called for revolutionary changes in the curriculum.

NCERT in its position paper (2008) on Teacher Education opined that despite repeated reiterations on Teacher Education programmes, the system continue to train teachers to adjust to the needs of an education system in which education is seen as the transmission of information and learning reproduced from textbooks. This is often reflected in periodic revisions of curriculum framework with little emphasis on revitalizing a largely stagnant teacher education sector. The paper has demanded, the need for enhancing the professional identity of teachers, establishing meaningful links between pre-service and in-service education, maintaining professionally qualified teacher educators, etc.

NCFTE (2009) envisaged development of professional and humane teacher education in the country. Justice Verma Commission report (2012) and its plan of action (2013) suggested that current teacher education programmes (TEPs) may be re-designed keeping in view the recommendations in the National Curriculum Framework for Teacher Education (NCFTE, 2009-10). Pedagogic strategies routed in constructivism is still to be implemented in our teacher education curriculum with due importance. Similarly, the evaluation approaches like CCE are still to be implemented with academic fidelity and reliability in pre-service teacher education programmes.

Kerala curriculum framework developed in (2007) and later revised in 2013 envisioned that "learning takes place by confronting problematic situations and through problem-solving" in constructive mode. Therefore curriculum has to be process-based, activity-related, ensuring mastery learning, suitable to achieve learning objectives, fostering sustainable development, considering values and attitudes, encouraging learner autonomy and integrating evaluation. Kerala as the front runner of the pedagogic innovations in English in India offers "flexibility to carry out various teaching/learning strategies to realize learning outcomes." Our schools have immense resources for developing communicative competence of students. Teachers are encouraged to use acquisition rich, meta-thinking, co-operative, collaborative and reflective thinking strategies for English teaching. In this context pre-service English curriculum needs to be modified for meaningful synchronization with in-service education.

Recently, intake for the D.Ed. course and number prospective novices applying for the same has increased considerably. The inefficiency of teachers to communicate proficiently in English is the current challenge in the teacher education scenario.

The study on D.Ed. English curriculum (2017) has disclosed that many of the ICT slots provided in the existing curriculum were not properly availed. Major reasons attributed for this failure are poor infrastructure, inadequate ICT facility, and lack of enough technical expertise of the teacher educators. Moreover it's surprising to note that there aren't any specific English teaching post and qualified English teaching professionals in most of the elementary teacher education institutions in Kerala. Presently either a graduate teacher in Science or Social Science is forced

to transact the English D.Ed. curriculum. This calls for sweeping changes in certain areas of the language teaching policy. As Kerala has already initiated to rein in the second generation educational issues in school education, these issues are to be dealt with carefully. Time is ripe to weed out second generation issues in teacher education too such as the divide between practice and preach, quality, transparency and management.

## TRENDS, PRACTICES AND INNOVATIONS IN TEACHING ENGLISH

According to Adrian Underhill, networking of ELT professionals, interest and support group formation, promoting learner centeredness and learners needs, engaging in reflective practices, portfolio development for teachers, getting involved in syllabus design/materials development/ local texts, offering criticism on published materials, etc. are the prevailing trends in English language teaching. Many of these trends are seen and reflected in our context in one or the other way. Teacher Education Institutions need to help such innovations and incorporate these positive trends in training programme through various interventions as these changes have contributed significantly to the continuing professional development of teachers of English in Kerala. In addition to the aforesaid trends, integrating ICT tools in teaching can make learning effective and help acquire various linguistic competencies. ICT integration increases international opportunities for video-conferences, webinars, discussions and interactive classroom practices. This will boost the CPD of our ELT professionals.

The NCFTE (2009) clearly mandates that teacher education must be comprehensive and evaluate conceptual and pedagogical aspects along with attitudes, values and dispositions. Methods of testing both qualitatively and quantitatively have strengths and weaknesses and have important functions for both students and teachers. By trying to limit the negative effects of assessment, we can ensure that they are as effective as possible. So choosing a combination of methods of assessment is the fairest and most logical way. Classroom assessment and evaluation suitability of general learning goals, learning outcomes associated with an individual lesson or unit plans, effectiveness of transactional methods, materials and activities used to attain learning outcomes and adequacy of professional practices are to be revisited and reassure.

Inclusive education is a process of strengthening the capacity of the education system to reach out to all learners and can thus be understood as a key strategy to achieve education for all. UNESCO in (1994) stated that inclusive schools were the most effective way to counter discriminatory approaches and attitudes towards students with disability: international legislation and policy has evolved to challenge exclusionary practices and focus attention on equal opportunities for all learners. Inclusion in education is now accepted as a basic right (RTE 2009). So student teachers shall be equipped to handle diversity in the classroom, bringing in flexible teaching and learning methods adapted to different needs and learning styles. They must get hands own experience and exposure in adaption, accommodation and modification to enhance language learning in students.

### Major objectives:-

- To equip the student teachers to use the language effectively and to transact English curriculum in its desired ways.

- To engage the student teachers to analyze various approaches, methods and principles of language acquisition and learning both in local and global context.
- To help the student teachers explore innovative pedagogical techniques that foster higher order thinking skills, support decision making, involve participatory learning etc.
- To nurture the teaching aptitudes of student teachers and lead them to continuing professional development (CPD).
- To empower the teacher educators and the student teachers to apply effective assessment strategies.
- To sensitize the student teachers about the inclusion and revamping processes of general education system.
- To address the diverse challenges in resource management, curriculum transaction, planning, evaluation techniques, internship, infra-structural etc.

Recent researches in ELT and the study on D.Ed. English Curriculum 2017, overwhelmingly proposed the adoption of reflective practices that engage student teachers in teaching learning processes as a vibrant co-learner. Following practices have been identified in the research for implementation.

- A package of 3month intensive preparatory programme and certification.
- Pedagogic content and technological knowledge of various approaches, methods and strategies and techniques.
- Differentiated instructions - adaptation, accommodation and modification.
- Collaborative, co-operative learning strategies.
- Strategies for improving teacher competencies.
- Appropriate knowledge in phonology, morphology, syntax, semantics, and pragmatics of English Language.
- Various discourses, holistic and integrated use of language skills.
- Assessment strategies using projects, peer assessment research based activities etcwith online support and feedback.
- Workshops, camps, art integrated learning, theatre in English, English fest, days celebrations, field trips etc.
- Cluster, workshops/seminars/interactive forum for teacher educators of English.
- Study skills/reference skills.
- Web skills (webinar, surfing, blogging, downloading, uploading, software and hardware and mobile platform customisation and contextualisation of digital materials).
- Language games, activities etc.
- Selection of appropriate material (hard/soft) and its comparison and evaluation.
- Management of English language teacher education through a portal with support from other parts of the globe.
- Blended learning in ELT.

## Conclusion

D.Ed. curriculum offers unique, data-led, evidence-based approach to reflective practices in English language teaching. This brings together theory, research and practice in an accessible

way to demonstrate what reflective practices looks like and how it is undertaken in a wide range of contexts in Kerala. Student teachers learn how to do research reflective practice in their own settings at their own pace. Through the use of data, dialogue and appropriate tools, the student teachers are expected to be proficient in English language teaching.

## References

Position Paper National Focus Group On Teacher Education For Curriculum Renewal, NCERT 2006

*Guidelines and Recommendations for Reorienting Teacher Education to Address Sustainability Education for Sustainable Development in Action Technical Paper* N2 - 2005 UNESCO.

*National Curriculum Framework for Teacher Education Towards Preparing Professional and Humane Teacher* NCTE 2009/10

*National Curriculum Framework* 2005, NCERT, 2005

*Position Paper National Focus Group On Teaching Of English* NCERT New Delhi 2006

*Report of the Joint Review Mission on Teacher Education in Kerala* April 21-27, 2014

*TeachR* A ranking and accreditation framework for TEIs Draft (version 1.0) June 2017

Report of The Committee For Review Of National Policy On Education 1986

*Innovation in English Language Teacher Education* Edited by George Pickering and Professor Paul Gunashekar Selected papers from the fourth International Teacher Educator Conference Hyderabad, India21–23 February 2014

*English as a World Language in Academic Writing: Bilal Genç Inonu University ,Erdoðan Bada University of Çukurova* ABSTRACT The Reading Matrix © 2010 Volume 10, Number 2, September 2010

*Report of the High-Powered Commission on Teacher Education Constituted by the Hon'ble Supreme Court of India vol 1 and 3* MHRD Govt. of India 2012

*The UNESCO Recommendation concerning the Status of Higher-Education Teaching Personnel (1997)* United Nations Educational, Scientific and Cultural Organization and International Labour Organization 2008

Dr. BhaskaranNayar : http://www.tesl-ej.org/wordpress/issues/volume12/ej47/ej47a1/

*Program Evaluation of the Strong Start Curriculum as a Selected Intervention for Early Elementary Students University of Massachusetts 2014*- Amherst ScholarWorks@UMass Amherst Doctoral Dissertations 2014-current

*Teacher Education Scenario In India: Current Problems & Concerns* D.R. Goel and ChhayaGoel, MIER Journal of Educational Studies, Trends & Practices November 2012, Vol. 2, No. 2 pp. 231-242

*Teacher Education In India Today And Recommendations Of Justice Verma Commission With Special Reference To Quality Of Pre-Service Teacher Education*Vinay D. Dhondge Assistant Professor, Azad College of Education, Satara

Pfleiderer, Joanne, Ed. *New Directions for Teacher Assessment*. Proceedings of the ETS Invitational Confeke,1,_e (49th, New York, New York, October 29, 1988

*Policy Guidelines on Inclusion in Education* UNESCO 2009 Published by the United Nations Educational, Scientific and Cultural Organization 7, place de Fontenoy, 75352 Paris 07 SP, France

*Innovative Techniques, Methods & Trends in English Language Teaching* Dr. Vitthal V. Parab Head, Department Of English, K.M.Agrawal College Of Arts,Commerce & Science, Kalyan

*Ict Integration In English Language Teaching: The Why And How Of It*Dr. Ann. Theresa Susan Department of Education, University of Kerala, Thiruvananthapuram-14

*THE ENGLISH EFFECT*The impact of English, what it's worth to the UK and why it matters to the world www.britishcouncil.org British Council 2013 / D096

*The Historical Analysis Of The English Teaching In Kerala* N. Sureshkumar "Evolving a new English language acquisition programme at primary level - A cognitive interactionist approach" Thesis.Department of English, University of Calicut, 2002

*Education For All Towards Quality with Equity 2014*, World Education Forum (Incheon, Republic of Korea, 19 22 May 2015) Report

*Assessing and Evaluating English Language Teacher Education, Teaching and Learning Selected papers from the Second International Conference* of English Language Teacher Educators held in Hyderabad, India 3-5 March 2012 British Council 17 Kasturba Gandhi Marg New Delhi 110 000

*Position Paper On The Teaching Of English In D Ed Course*, DSERT, Karantaka 2012Agnihotri, R. K. 2006. FORTELL.'A Plea for Early Access to Multilingualism'. 16-18

## 3.3 ഗണിതശാസ്ത്രം

### ആമുഖം

തെളിമയുള്ള ചിന്ത, അടിസ്ഥാനപ്രമാണങ്ങളിലൂന്നി യുക്തിപൂർവം നിഗമനങ്ങളിലെത്താനുള്ള കഴിവ്, അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി, പ്രശ്നങ്ങൾ ചിട്ടയായി വിശകലനം ചെയ്യാനും നിർധാരണം ചെയ്യാനുമുള്ള സന്നദ്ധത എന്നിവയാണ് ഗണിതപഠനത്തിലൂടെ നേടേണ്ട ശേഷികളായി ദേശീയപാഠ്യപദ്ധതി ചട്ടക്കൂട് (National Curriculum Framework) വിഭാവന ചെയ്യുന്നത്. ഗണിതപഠനത്തിന്റെ വിവിധഘട്ടങ്ങളിൽ നേടേണ്ട ശേഷികൾ കൃത്യമായും സ്പഷ്ടമായും ആർജിക്കുന്നതിലൂടെയാണ് ഈ ലക്ഷ്യങ്ങൾ കൈവരിക്കാനാവുക.

ക്ലാസ്മുറിയിലെ ഗണിതപഠനത്തിന്റെ ഫലപ്രാപ്തി അധ്യാപകന്റെ വിനിമയനൈപുണിയെ ആശ്രയിച്ചിരിക്കുന്നു. സർഗാത്മകമായ അധ്യാപനം പഠനപ്രക്രിയയെ ആസ്വാദ്യമാക്കുന്നു. അനുയോജ്യമായ വിനിമയരീതികൾ സങ്കീർണമായ ആശയങ്ങളെ ലളിതമാക്കുകയും ചെയ്യുന്നു. ഭയരഹിതമായും ആത്മവിശ്വാസത്തോടെയും ഗണിതത്തെ സമീപിക്കാനും സ്വതന്ത്രമായ യുക്തിസഞ്ചാരങ്ങളിലൂടെ പ്രശ്നപരിഹരണം നടത്താനും നമ്മുടെ കുട്ടികൾക്ക് കഴിയണം. അതിനനുയോജ്യമായ ഗണിതാധ്യാപകവിദ്യാഭ്യാസമാണ് നാം ലക്ഷ്യമിടുന്നത്.

### പാഠ്യപദ്ധതിനവീകരണത്തിന്റെ ആവശ്യകത

- അധ്യാപകവിദ്യാഭ്യാസരംഗത്ത് ലോകവ്യാപകമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന നൂതനപ്രവണതകൾ പാഠ്യപദ്ധതിയുമായി ഉൾച്ചേർക്കേണ്ടതുണ്ട്.
- ഐ.ടി അധിഷ്ഠിതഗണിതപഠനത്തിന് കൈവന്നിരിക്കുന്ന പ്രാധാന്യം അധ്യാപനരംഗത്തും പ്രതിഫലിക്കേണ്ടതുണ്ട്.
- പ്രൈമറി വിദ്യാലയങ്ങളിൽ പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ പശ്ചാത്തലത്തിൽ വരുന്ന മാറ്റങ്ങൾ TE കളിലും പ്രതിഫലിക്കേണ്ടതുണ്ട്.
- ദൃശ്യഗണിതത്തിന് കൈവന്നിരിക്കുന്ന സ്വീകാര്യത.
  ദേശീയതലത്തിൽ അധ്യാപകവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നിർദേശിക്കപ്പെട്ട മാറ്റങ്ങൾ.
- സംസ്ഥാനതലത്തിൽ എസ്.സി.ഇ.ആർ.ടി, ഡയറ്റ് തലങ്ങളിൽ നടന്ന ഗവേഷണപ്രവർത്തനങ്ങളിലെ കണ്ടെത്തലുകളും നിർദേശങ്ങളും
- സ്കൂൾപാഠ്യപദ്ധതിയിൽവന്ന മാറ്റങ്ങൾക്കനുസൃതമായി അധ്യാപകവിദ്യാഭ്യാസത്തിൽവരുത്തേണ്ട മാറ്റങ്ങൾ.
- ജോയിന്റ് റിവ്യൂ മിഷൻ -ജെ.ആർ.എം. റിപ്പോർട്ട് ചൂണ്ടിക്കാണിച്ച മാറ്റങ്ങൾ നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകത.
- വിലയിരുത്തൽ സമ്പ്രദായത്തിലുണ്ടായ മാറ്റങ്ങൾ.

എന്നിവ അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കേണ്ടതുണ്ട്.

പ്രൈമറി അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതി നിലവിൽ വന്നിട്ട് 5 വർഷം പൂർത്തിയാവുകയാണ്. ഈ കാര്യങ്ങളെല്ലാം പരിഗണിച്ച് നിലവിലുള്ള പാഠ്യപദ്ധതിയുടെ ഫലപ്രാപ്തി വിശകലനം ചെയ്യാനും പുതിയപാഠ്യപദ്ധതി രൂപീകരിക്കാനും അനുയോജ്യമായ സമയമാണിത്.

### കാഴ്ചപ്പാടുകൾ

1. **പുതിയ കാലത്തെ ഗണിതാധ്യാപകർ**

   ആത്മവിശ്വാസത്തോടെ, ഭയരഹിതമായി ഗണിതത്തെ സമീപിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നവരാവണം പുതിയ കാലത്തെ ഗണിതാധ്യാപകർ. ബോധനശാസ്ത്രപരമായ ഉള്ളടക്കധാരണ, ഉള്ളടക്കം രസകരമായും ആകർഷകമായും ഫലപ്രദമായും വിനിമയം ചെയ്യാനും ശാസ്ത്രീയമായി വിലയിരുത്താനുമുള്ള ശേഷി, അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യകൾ

പ്രയോജനപ്പെടുത്തിക്കൊണ്ട് തന്റെ അധ്യാപനം അർഥപൂർണമാക്കാനുള്ള കഴിവ്, ഗണിതത്തിലെ പുതിയ പ്രവണതകൾ തിരിച്ചറിയാനും പ്രയോജനപ്പെടുത്താനുമുള്ള മനോഭാവം, കുട്ടികൾക്ക് എളുപ്പത്തിൽ സംശയനിവാരണങ്ങൾക്ക് സമീപിക്കാവുന്ന ഒരാൾ എന്നിങ്ങനെ പലതും ഗണിതാധ്യാപകനിൽനിന്ന് സമൂഹം പ്രതീക്ഷിക്കുന്നു.

2. **സുവ്യക്തമായ ആശയധാരണയും വിനിമയരീതികളും**

ഉചിതമായ പഠനതന്ത്രങ്ങളും രീതികളും സമഗ്രവും വ്യക്തവുമായ ആശയധാരണയിൽനിന്ന് ഉരുത്തിരിഞ്ഞുവരണം. നിലവിലുള്ളവയിൽനിന്ന് യോജ്യമായവ തിരഞ്ഞെടുക്കാനും നൂതനങ്ങളായവ രൂപപ്പെടുത്താനുമുള്ള കഴിവ് വികസിപ്പിക്കാനുതകുന്നതാകണം പരിശീലനം.

3. **ഒരു വിഷയമെന്ന നിലയിൽ ഗണിതശാസ്ത്രത്തിനുള്ള സവിശേഷതകളും ഗണിതപഠനവും**

ചിന്തയുടെ ഗണിതവൽക്കരണം എന്ന ഗണിതപഠനലക്ഷ്യം സാക്ഷാൽക്കരിക്കാൻ ആശയങ്ങളുടെപരസ്പരബന്ധം, അമൂർത്തത, കൃത്യത, സൂക്ഷ്മത, ആശയവിനിമയത്തിനുള്ള ഗണിതസാധ്യതകൾ, നിത്യജീവിതത്തിലുള്ള പ്രയോജനം, യുക്തിചിന്ത, വിവേചനചിന്ത എന്നിങ്ങനെയുള്ള ഗണിതവസ്തുതകൾ അധ്യാപകവിദ്യാർഥി സ്വാംശീകരിക്കേണ്ടതുണ്ട്.

4. **പ്രായോഗികപരിശീലനവും വിലയിരുത്തലും**

ഒരു പ്രൊഫഷൻ എന്ന നിലയിൽ അധ്യാപനത്തെ മാറ്റിയെടുക്കാനുതകുന്നതാകണം പ്രായോഗികപരിശീലനം. അധ്യാപനവും അതിനാവശ്യമായ സൂക്ഷ്മശേഷികളും വികസിപ്പിക്കാനുള്ള അവസരമായി മാറണം അത്. വിലയിരുത്തലും ഫീഡ്ബാക്കുകളും ഉറപ്പുവരുത്തണം.

5. **സർഗാത്മകമായ ഗണിതപഠനം**

പുതിയ കാര്യങ്ങൾ കണ്ടെത്താൻ പ്രേരിപ്പിക്കുന്നതും അന്വേഷണത്വര വർധിപ്പിക്കുന്നതുമാകണം അധ്യാപനം. ഗണിതപ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തുമ്പോഴുണ്ടാകുന്ന കേവലാഹ്ലാദം ചെറുതല്ല. ജ്യാമിതിയിലെയും സംഖ്യാബന്ധങ്ങളിലെയും രസികത്വം കുട്ടികൾക്ക് അനുഭവവേദ്യമാക്കാൻ അധ്യാപകവിദ്യാർഥിക്ക് കഴിയണം.

6. **സാങ്കേതികയുഗത്തിലെ ഗണിതപഠനം**

ഗണിതപഠനം പൂർണമാകാൻ സാങ്കേതികവിദ്യ ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഐ.സി.ടി ഉപകരണങ്ങളും സങ്കേതങ്ങളും ഫലപ്രദമായും അനായാസമായും ഉപയോഗിക്കാനുള്ള ശേഷി അധ്യാപകവിദ്യാർഥികൾ ആർജിക്കേണ്ടതുണ്ട്. ടെക്നോ പെഡഗോഗി (Techno Pedagogy) യുടെ സാധ്യതകൾ ക്ലാസിൽ ഫലപ്രദമായി ഉപയോഗിക്കുന്നത് വിനിമയത്തെ കൃത്യതപ്പെടുത്തും.

7. **ഗണിതാധ്യാപനത്തിലെ അടിസ്ഥാനാശയങ്ങൾ**

ആശയങ്ങളുടെ പരസ്പരബന്ധത്തിൽ തുടരുകയും വളരുകയും ചെയ്യുന്ന വിഷയമാണല്ലോ ഗണിതം. ഓരോ ആശയത്തിന്റെ അവതരണത്തിനു മുമ്പും കുട്ടിക്ക് ആവശ്യമായ മുന്നറിവുകളുണ്ടെന്ന് ഉറപ്പുവരുത്തൽ, വിവിധങ്ങളായ മാർഗങ്ങളിലൂടെയുള്ള പ്രശ്നപരിഹരണരീതികൾ, പ്രശ്നപരിഹരണം എങ്ങനെയെന്ന് അവതരിപ്പിക്കാനുള്ള അവസരം നൽകൽ എന്നിങ്ങനെയുള്ള കാര്യങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതുണ്ട്.

8. **പഠനോപകരണങ്ങളുടെ ഉപയോഗം**

ഗണിതാശയങ്ങളിൽ പലതും അമൂർത്തമായതിനാൽ പഠനോപകരണങ്ങൾ പ്രയോജനപ്പെടുത്തിയാവണം വിനിമയം നടക്കേണ്ടത്. അതിനാൽ ദൃശ്യഗണിതം, ഒറിഗാമി എന്നിങ്ങനെയുള്ള കാര്യങ്ങൾക്ക് പാഠ്യപദ്ധതിയിൽ ഊന്നൽ നൽകണം. പഠനം നടക്കുന്നത് പ്രധാനമായും മൂന്ന് രീതിയിലാണല്ലോ-ദൃശ്യപരം, ശ്രാവ്യപരം, ശാരീരികചലനപരം. (Visual, Auditory, Kinesthetic - VAK). പഠനം കാര്യക്ഷമമായി നടക്കുന്നതിനുള്ള ഫലപ്രദമായ രീതിശാസ്ത്രമായി Kinesthetic approach പരിഗണിക്കപ്പെടേണ്ടതുണ്ട്.

9. **ജനകീയഗണിതം**

ഗണിതം പൊതുധാരയിൽ ചർച്ചചെയ്യപ്പെടുകയും നവീകരിക്കപ്പെടുകയും വേണം. നിത്യജീവിത

ത്തിലും അല്ലാതെയും ഗണിതം ഉപയോഗിക്കപ്പെടുന്ന സന്ദർഭങ്ങൾ കുട്ടികൾ പരിചയപ്പെടണം. ഗണിതത്തിന്റെ പ്രയോജനവും സാധ്യതകളും തിരിച്ചറിയാനുള്ള കൂട്ടായ്മകളും ക്യാമ്പുകളും നടത്താനുള്ള പ്രായോഗികാനുഭവം അധ്യാപകവിദ്യാർഥിക്ക് ലഭിക്കണം.

**10. പ്രചോദനാത്മകമായ ഗണിതം**

ഗണിതാധ്യാപനം കൂടുതൽ അന്വേഷണങ്ങൾക്കും പഠനത്തിനുമുള്ള സാധ്യതകൾ നൽകുന്നതാവണം. പ്രതിഭാശാലികളായ കുട്ടികൾക്കുള്ള പ്രോത്സാഹനം, ഭിന്നശേഷിക്കാരുടെ ഗണിതപഠനം, നിരന്തരം ചിന്തിക്കാനും ഉത്തരത്തിലെത്താനുമുള്ള അവസരങ്ങൾ എന്നിങ്ങനെയുള്ള കാര്യങ്ങൾ പരിഗണിക്കപ്പെടണം.

11. നിലവിലുള്ള സ്കൂൾ പാഠ്യപദ്ധതിക്കനുസൃതമായ പഠനസമീപനം

നിലവിലുള്ള സ്കൂൾപാഠ്യപദ്ധതിയിലെ പഠനസമീപനങ്ങൾക്ക് അനുസൃതമായിവേണം ഡി.എഡ് പാഠ്യപദ്ധതിയിലെ പഠനസമീപനവും രൂപപ്പെടുത്തേണ്ടത്.

ഈയൊരു കാഴ്ചപ്പാട്വച്ച് പുതിയ ഗണിതപാഠ്യപദ്ധതി രൂപപ്പെടുത്തുമ്പോൾ എന്തെല്ലാം കാര്യങ്ങൾ പരിഗണിക്കപ്പെടണം?

**നിർദേശങ്ങൾ**

- കേരളത്തിൽ നിലവിലുള്ള സ്കൂൾപാഠ്യപദ്ധതി സമഗ്രമായും വിശദമായും അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതിയുടെ ഭാഗമാകണം.
- അങ്കഗണിതം, ബീജഗണതം, ജ്യാമിതി എന്നീ മേഖലകളുമായി ബന്ധപ്പെട്ട ബോധനശാസ്ത്രപരമായ ഉള്ളടക്കധാരണ (Pedagogic Content Knowledge) വിശദമായി ചർച്ചചെയ്യാനും സ്വാംശീകരിക്കാനും ആവശ്യമായ സമയം നീക്കിവയ്ക്കണം. ഗണിതത്തിന്റെ അടിസ്ഥാന ആശയങ്ങളിൽ തുടങ്ങി വളർച്ച കൃത്യമായി ബോധ്യപ്പെടുത്തുന്നതിനുള്ള രീതിശാസ്ത്രം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
- സംസ്ഥാന-ദേശീയ-അന്തർദേശീയതലങ്ങളിൽ അംഗീകരിക്കപ്പെട്ട നൂതനപഠനരീതികളും തന്ത്രങ്ങളും പാഠ്യപദ്ധതിയുടെ ഭാഗമാകണം. ഇവ ആവശ്യമായ സമയമെടുത്ത് പ്രായോഗികാനുഭവങ്ങളിലൂടെ പഠിക്കാനുള്ള അവസരമുണ്ടാകണം.
- പ്രശ്നപരിഹരണത്തിലൂന്നിക്കൊണ്ടാണ് ഗണിതപഠനം പുരോഗമിക്കേണ്ടത്. അതുകൊണ്ട് നൂതന പ്രശ്നപരിഹരണതന്ത്രങ്ങൾ പഠിക്കാനും ട്രൈഔട്ട് നടത്താനും അവസരം ഒരുക്കണം.
- ഐ.സി.ടി അധിഷ്ഠിത ഗണിതപഠനത്തിനാവശ്യമായ നൈപുണീവികാസത്തിന് പാഠ്യപദ്ധതിയിൽ അവസരം വേണം.
- പരിസരബന്ധിതവും പ്രക്രിയാബന്ധിതവുമയ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകണം.
- സ്കൂൾ പാഠ്യപദ്ധതിയിൽ വരുന്ന മാറ്റങ്ങൾ അതത് സമയത്തുതന്നെ അധ്യാപകവിദ്യാർത്ഥികൾക്ക് പരിചയപ്പെടാനവസരം ലഭിക്കണം.
- ഗണിതശാസ്ത്രത്തിലെ ആധുനികകാഴ്ചപ്പാടുകളും സംഭവങ്ങളും ചർച്ചചെയ്യപ്പെടണം.
- ഗണിതാധ്യാപനനൈപുണി മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണം.
- വിലയിരുത്തൽപ്രക്രിയ ശാസ്ത്രീയമാകണം.
- ഉയർന്ന ചിന്താശേഷി ആവശ്യപ്പെടുന്ന പ്രവർത്തനങ്ങൾ ഓരോ മേഖലയിലും ഉൾപ്പെടുത്തണം. അവയുടെ പ്രശ്നപരിഹണരീതിയും ഉൾപ്പെടുത്തണം.
- Inclusive Education- ഗണിത ക്ലാസിന് അനുയോജ്യമായ അനുരൂപീകരണം, ക്ലാസ്റൂം പ്രക്രിയ എന്നിവയും പാഠ്യപദ്ധതിയുടെ ഭാഗമായി ചേർക്കണം.
- ഇന്റേൺഷിപ്പിന്റെ സമയം വർധിപ്പിക്കണം.
- പഠനപിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് നൽകുന്ന പ്രത്യേക പിന്തുണ, പരിഹാരബോധനം എന്നീ മേഖലകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.

- ഗണിതത്തോട് അനുകൂലമായ മനോഭാവവും താൽപ്പര്യവും വളർത്താനുള്ള പ്രവർത്തനപരിപടികൾ പാഠ്യപദ്ധതിയിൽ ഉൾച്ചേർക്കണം.
- ഗണിതവായന പ്രോത്സാഹിപ്പിക്കപ്പെടണം.
- ഗണിതപഠനം രസകരമാകണം.
- പ്രവർത്തനമാർഗരേഖ വിശദവും സമഗ്രവുമാകണം. ഗണിതത്തിന് സമഗ്രവും വിശദവുമായ പാഠപുസ്തകവും അധ്യാപകസഹായിയും റഫറൻസ് പുസ്തകങ്ങളും ഉണ്ടാവണം.
- അനുബന്ധപഠന സാഹചര്യങ്ങൾ(ഗണിതലാബ്, ലൈബ്രറി, സ്മാർട്ട്ക്ലാസ്മുറി പോലുള്ളവ) പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പഠനത്തിന്/അധ്യാപനത്തിന് അവസരമുണ്ടാകണം.
- ഗണിതപഠനത്തിന് സ്മാർട്ട്ക്ലാസ്റൂം കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ അധ്യാപകവിദ്യാർഥികൾക്ക് കഴിയണം.
- ഗണിതം, ചരിത്രം, ഗണിത ക്ലബ്ബ് എന്നിവയെക്കുറിച്ച് ധാരണ നേടാൻ കഴിയണം.
- മികച്ച ഗണിത പഠനോപകരണങ്ങൾ തയ്യാറാക്കുന്നതിനും, പഠനനേട്ടത്തിന് അനുയോജ്യമായവ കണ്ടെത്തുന്നതിനും അവസരം ലഭിക്കണം.
- 1 മുതൽ 8 വരെ ക്ലാസുകളിലെ ഗണിത ഉള്ളടക്കം ഒന്നാം വർഷത്തിൽ പരിചയപ്പെടാൻ അവസരമുണ്ടാകണം.
- ഗണിതത്തിലെ നൂതന പ്രവണതകളിലൊന്നായ Techomatics പരിചയപ്പെടുന്നതിനും പ്രയോഗവൽക്കരിക്കുന്നതിനും അവസരം വേണം.

പാഠ്യപദ്ധതിപരിഷ്കരണങ്ങളുടെ ഫലമായി ഗണിതം കുട്ടികൾക്ക് ഇഷ്ടപ്പെട്ട വിഷയമായിമാറിയിട്ടുണ്ട്. മുഴുവൻ വിദ്യാർഥികളുടെയും ഗണിതാഭിരുചിയും ഗണിതചിന്തയും വളർത്തുകയും ഗണിതപരമായ അന്വേഷണത്വര വികസിപ്പിക്കുകയും ചെയ്യുക എന്നത് നമ്മുടെ മുന്നിലുള്ള വെല്ലുവിളിയാണ്. ഇതിന് കഴിയുന്ന കാഴ്ചപ്പാടോടുകൂടിയ അധ്യാപകരാണ് ഈ കാലത്തിന്റെ ആവശ്യം. ഇതിന് പര്യാപ്തമായ പാഠ്യപദ്ധതിയാണ് രൂപപ്പെട്ടു വരേണ്ടത്.

## 3.4.1 പരിസരപഠനം

പരിസ്ഥിതിയെക്കുറിച്ചും പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ചും പ്രകൃതിസംരക്ഷണത്തെക്കുറിച്ചും ലോകം മുഴുവൻ ചർച്ചചെയ്യപ്പെടുന്ന സാഹചര്യത്തിൽ സുസ്ഥിരവികസന കാഴ്ചപ്പാടുകളിലേക്ക് പഠിതാവിനെ ക്രമേണ നയിക്കുന്നതിനാവശ്യമായ ആശയങ്ങൾ, പ്രക്രിയാശേഷികൾ, പ്രയോഗസാധ്യതകൾ, മനോഭാവങ്ങൾ, സർഗാത്മകത എന്നീ തലങ്ങളിലുള്ള വികാസമാണ് പരിസരപഠനം ലക്ഷ്യംവയ്ക്കുന്നത്. പരിസ്ഥിതി നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനാവശ്യമായ തീരുമാനമെടുക്കുന്നതിനും അതിനനുസൃതമായി ഉത്തരവാദിത്തത്തോടെ പ്രവർത്തിക്കുന്നതിനും വേണ്ട അറിവുകൾ, ശേഷികൾ, നൈപുണികൾ, മനോഭാവങ്ങൾ, സർഗാത്മകത, പ്രതിബദ്ധത, നിലപാടുകൾ എന്നിവ സ്വാഭാവികമായി വികസിക്കുന്നതിനുള്ള പഠനപ്രക്രിയയാണ് പരിസരപഠനമെന്ന് 1997 ൽ തന്നെ യുനെസ്കോ ടിബിലിസി പ്രഖ്യാപനത്തിൽ മുന്നോട്ടു വച്ചിട്ടുണ്ട് (ടിബിലിസി – ഡിക്ലറേഷൻ, യുനെസ്കോ, 1977).

വിദ്യാർഥികളിൽ പരിസ്ഥിതിബോധവും പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നപരിഹരണശേഷികളും വളർത്തിയെടുക്കാൻ പര്യാപ്തമായ 'പരിസ്ഥിതിബോധനശാസ്ത്രം' പ്രതിഫലിക്കേണ്ട അധ്യാപക വിദ്യാഭ്യാസവും വിദ്യാലയ വിദ്യാഭ്യാസകാഴ്ചപ്പാടും തമ്മിൽ പൊരുത്തമില്ലെന്ന് ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (എൻ.സി.എഫ്, 2005) സൂചിപ്പിക്കുന്നു. അതുകൊണ്ടുതന്നെ പരിസ്ഥിതിസൗഹൃദകാഴ്ചപ്പാടുകളും നിലപാടുകളും സ്വന്തം ജീവിതസന്ദർഭങ്ങളിൽ അനുവർത്തിക്കാൻ കഴിയാത്തവരായി അധ്യാപകരും വിദ്യാർഥികളും മാറുന്നു. ഇതുമൂലം ഉപഭോഗതൃഷ്ണയിലധിഷ്ഠിതമായ ജീവിതശൈലികളും മത്സരജീവിതവും പിന്തുടരുന്ന സമൂഹമായി നാം പരിണമിക്കാനും പരിസ്ഥിതിചൂഷണത്തിന്റെയും പരിസ്ഥിതിമലിനീകരണത്തിന്റെയും ദുരന്തങ്ങൾ ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ടവരായിത്തീരുകയും ചെയ്തിരിക്കുന്നു. ഈ സാഹചര്യത്തിൽ ഉപഭോഗസംസ്കാരത്തിൽ വരുത്തേണ്ട മാറ്റത്തെക്കുറിച്ചും പ്രകൃതിസംരക്ഷണത്തെക്കുറിച്ചും അധ്യാപകവിദ്യാഭ്യാസവും വിദ്യാലയവും വിദ്യാലയവും സമൂഹവും തമ്മിൽ പരസ്പരപൂരകവും ഗൗരവവുമായ സംവാദം നടക്കേണ്ടതുണ്ട്. പ്രകൃതിവിഭവങ്ങളെക്കുറിച്ചും അവയുടെ വിനിയോഗത്തെക്കുറിച്ചും അവയുടെ ഉപയോഗത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും അധ്യാപകർക്കും വിദ്യാർഥികൾക്കും കാലോചിതമായ വിദ്യാഭ്യാസം നൽകേണ്ടതുണ്ടെന്ന ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് (2005) പരാമർശം ഗൗരവമായി ഇനിയെങ്കിലും പരിഗണിക്കപ്പെടേണ്ടതുണ്ട്. മനുഷ്യനും മറ്റു ജീവജാലങ്ങളും പ്രകൃതിയും പരസ്പരം ബഹുമാനിക്കപ്പെടേണ്ടതാണെന്നുള്ള 'പീസ് എജ്യുക്കേഷൻ' കാഴ്ചപ്പാടുകൾ അധ്യാപകവിദ്യാഭ്യാസത്തിലൂടെ അധ്യാപകരിലേക്കും അധ്യാപകരിൽനിന്ന് വിദ്യാർഥികളിലേക്കും രക്ഷിതാക്കളിലേക്കും സമൂഹത്തിലേക്കും വ്യാപിപ്പിക്കാൻ കഴിയുമെന്നും ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് സ്വപ്നം കാണുന്നു.

അധ്യാപകവിദ്യാഭ്യാസത്തിന്റെ പോരായ്മയാണ് വിദ്യാലയഗുണമേന്മയുമായി ബന്ധപ്പെട്ട് നിലവിലുള്ള അസംതൃപ്തിക്ക് കാരണമെന്നതും അധ്യാപകവിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം സ്കൂൾ വിദ്യാഭ്യാസത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി പുനക്രമീകരിക്കണമെന്ന യശ്പാൽ കമ്മിറ്റി (1993) റിപ്പോർട്ടിലെ പരാമർശവും കേരളത്തിലെ വിദ്യാഭ്യാസമേഖലയിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടക്കുന്ന പരിവർത്തനങ്ങളും സൂചിപ്പിക്കുന്നത് സ്കൂൾ വിദ്യാഭ്യാസവും അധ്യാപകവിദ്യാഭ്യാസവും പരസ്പരപൂരകമായി നിരന്തര പരിവർത്തനങ്ങൾക്ക് വിധേയമാകേണ്ട ഒന്നാണെന്നാണ്. അഞ്ചു വർഷം പൂർത്തിയാകുന്ന ഡി.എഡ്. പരിസരപഠന പാഠ്യപദ്ധിയും കാലോചിതമായി പരിഷ്കരണം ആവശ്യപ്പെടുന്നു. ഈ പരിഷ്കരണത്തിന് പരിഗണിക്കേണ്ട വസ്തുതകളാണ് ഈ സമീപനരേഖയിൽ സൂചിപ്പിക്കുന്നത്.

#### പാഠ്യപദ്ധതി നവീകരണത്തിന്റെ ആവശ്യകത

1. അഞ്ചു വർഷം പൂർത്തീകരിക്കുന്ന നിലവിലെ ഡി.എഡ്. പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കണം.
2. ആഗോളതലത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങൾ – വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ, വിദ്യാഭ്യാസമേഖലയിൽ വിവരവിനിമയ സാങ്കേതികവിദ്യയിലുണ്ടായ മാറ്റങ്ങൾ എന്നിവ.

3. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരളത്തിലെ വിദ്യാഭ്യാസമേഖലയിലും വിദ്യാലയങ്ങളിലും സേവനകാല അധ്യാപകപരിശീലനങ്ങളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിഷ്കരണങ്ങൾ.
4. എസ്.സി.ഇ.ആർ.ടി., ഡയറ്റ് എന്നീ സംവിധാനങ്ങൾ നടത്തിയ പഠനങ്ങളും ട്രൈഔട്ടുകളും.
5. 2014 ലെ ജെ.ആർ.എം. സന്ദർശന റിപ്പോർട്ടിലെ പരാമർശങ്ങൾ (നിലവിലെ പാഠ്യപദ്ധതി പ്രക്രിയാധിഷ്ഠിതമല്ല; ചേഷ്ടാവാദത്തിലേക്ക് തിരിച്ചുപോകാനുള്ള പ്രവണത, ...... തുടങ്ങിയവ.).
6. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എജ്യുക്കേഷൻ (എൻ.സി.ടി.ഇ., 2014) ഡി.എഡ്. പാഠ്യപദ്ധതി പരിഷ്കരണത്തിനായി 2014 – ൽ മുന്നോട്ടു വച്ച നിർദേശങ്ങൾ).
7. എൻ.സി.ടി.ഇ. (2014) നിർദേശങ്ങൾക്കനുസൃതമായി നാഷണൽ കൗൺസിൽ ഓഫ് എജ്യുക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിങ് (എൻ.സി.ഇ.ആർ.ടി.) 2016 ൽ പാഠ്യപദ്ധതി പരിഷ്കരണത്തിനായി തയാറാക്കിയ മാർഗരേഖ.
8. ജില്ലാ സംസ്ഥാന പ്രാക്റ്റിക്കൽ ബോർഡ് അംഗങ്ങളുടെ സന്ദർശന അവലോകന റിപ്പോർട്ടുകൾ.

**കാഴ്ചപ്പാട് - നിർദേശങ്ങൾ**

ഒരു 'റിഫ്ളക്റ്റീവ് പ്രാക്റ്റീഷണർ' എന്ന നിലയിൽ അധ്യാപനജീവിതവുമായി ബന്ധപ്പെട്ട് നിരന്തര അന്വേഷണങ്ങൾ നടത്തുകയും കണ്ടെത്തലുകൾ നിരന്തരം പ്രയോഗിക്കുകയും ചെയ്യുന്ന അധ്യാപകരെയാണ് കാലം കാത്തിരിക്കുന്നത്. ഇത്തരമൊരു മാനസികനിലയിലേക്ക് അധ്യാപകവിദ്യാർഥികളെ പ്രതിഷ്ഠിക്കണമെങ്കിൽ അധ്യാപകവിദ്യാഭ്യാസകാലഘട്ടത്തിൽ നടത്തുന്ന പ്രവർത്തനങ്ങളിലെല്ലാം തന്റെ നില സ്വയംവിശകലനം ചെയ്യാനും കണ്ടെത്തൽ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും, നടപ്പിലാക്കാനും തന്റെ കണ്ടെത്തലുകൾ രേഖപ്പെടുത്താനും അവതരിപ്പിക്കാനും തനിക്കുണ്ടായ മാറ്റങ്ങൾ സ്വയംവിലയിരുത്തൽ നടത്തി മെച്ചപ്പെടുത്താനും ഉള്ള അവസരം ഓരോ അധ്യാപകവിദ്യാർഥിക്കും നിരന്തരം ലഭിച്ചുകൊണ്ടിരിക്കണം. കണ്ടെത്തലിന്റെ അനുഭൂതി സ്വയം അനുഭവിച്ച അധ്യാപകർക്ക് മാത്രമേ അന്വേഷണാത്മക പഠനത്തിന്റെ രീതിശാസ്ത്രം സ്വന്തം അധ്യാപക ജീവിതത്തിൽ പ്രയോഗിക്കാൻ കഴിയൂ. സമകാലികജീവിതവുമായി ബന്ധപ്പെട്ട് ആധുനികസമൂഹം നേരിടുന്ന വെല്ലുവിളികളിലും പ്രശ്നപരിഹരണത്തിലും ഓരോ വ്യക്തിയും പുലർത്തേണ്ട നിലപാട് എന്തായിരിക്കണമെന്നതും വളരെ പ്രസക്തമാണെങ്കിലും പ്രസ്തുത കാര്യത്തിൽ പാഠ്യപദ്ധതി മൗനം പാലിക്കുന്നുവെന്ന് പാഠ്യപദ്ധതി വിശകലനത്തിലും പഠനത്തിലും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടു തന്നെ ഒരു നാടിന്റെ സുസ്ഥിരവികസനത്തിൽ നിർണായക പങ്കുവഹിക്കേണ്ട അധ്യാപകൻ നിഷ്ക്രിയനായി വർത്തിച്ചുകൂടാ. അധ്യാപകനിൽ നിന്ന് കുട്ടിയിലേക്കും വിദ്യാർഥികളിലേക്കും അവരിൽനിന്ന് സ്വന്തം വീട്ടിലേക്കും സമൂഹത്തിലേക്കും ഊറിയിറങ്ങുന്ന സുസ്ഥിര വികസന കാഴ്ചപ്പാടുകൾക്ക് ഉൽപ്രേകരമായി വർത്തിക്കാൻ പ്രാപ്തി നൽകുന്ന അനുഭവങ്ങളാണ് പരസരപഠനപാഠ്യപദ്ധതി മുന്നോട്ടു വയ്ക്കുന്നത്. ഇത് പ്രാവർത്തികമാക്കുന്ന ഒരു പാഠ്യപദ്ധതിക്കായി താഴെ പറയുന്ന നിർദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. സുസ്ഥിരവികസന കാഴ്ചപ്പാടുകളിലേക്കു നയിക്കുന്ന അടിസ്ഥാന ആശയമേഖലകൾ മാത്രം പരിഗണിക്കുന്നതാണ് ഉത്തമം.
2. ഡി.എഡ്. പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾക്കനുസരിച്ചും അധ്യാപകവിദ്യാർഥികളുടെ മുന്നറിവ്, യുക്തി എന്നിവ പരിഗണിച്ചും വേണം ആശയമേഖലകൾ വിവിധ യൂണിറ്റുകളിലേക്ക് ക്രമീകരിക്കേണ്ടത്.
3. ബോധനസമീപനങ്ങൾക്കനുസരിച്ച് വിവിധ പഠനരീതികളിലൂടെ (നിരീക്ഷണം, പ്രോജക്ട്, ഫീൽഡ് ട്രിപ്പ്, പരീക്ഷണം, സെമിനാർ) പ്രക്രിയാധിഷ്ഠിതമായി കടന്നുപോകാനും ഇതിലൂടെ പരിസര പഠനഘട്ടങ്ങൾ കൃത്യതപ്പെടുത്താനുമായിരിക്കണം മുൻതൂക്കം നൽകേണ്ടത്. ഇതിനായി ഒരുക്കേണ്ട പ്രശ്നസന്ദർഭങ്ങൾ, പ്രശ്നങ്ങൾ എന്നിവ സൂചിപ്പിച്ച് പരികല്പന രൂപീകരിക്കണത്തിലേക്കും കണ്ടെത്തലിലേക്കും നയിക്കുന്ന രീതിയിലായിരിക്കണം പാഠ്യപദ്ധതി പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടത്.

4. നടന്ന പ്രക്രിയ, രൂപപ്പെട്ട ഉൽപ്പന്നം, നോട്ടുപുസ്തകം (പരിസരപഠനഡയറി) എന്നിവ നിരന്തരം സ്വയം, പരസ്പര വിലയിരുത്തലുകൾ നടത്തി അധ്യാപകവിദ്യാർഥികൾക്ക് തങ്ങളുടെ നില, മെച്ചപ്പെടുത്തേണ്ട തലം എന്നിവ കൃത്യതപ്പെടുത്താനും ഓരോ ഘട്ടം കഴിയുമ്പോഴും തിരിച്ചറിവുകൾക്കനുസരിച്ച് സ്വന്തം ഉത്തരവാദിത്തത്തിൽ മുന്നേറാനും ഓരോ പ്രവർത്തനവുമായി ബന്ധപ്പെട്ടും അവസരമുണ്ടായിരിക്കണം (നിലവിലെ വിലയിരുത്തൽ സമീപനങ്ങളിൽ അവഗാഹം നേടുന്നതിനാണിത്).
5. സമീപനങ്ങൾക്കനുസൃതമായ വിനിമയം ഉറപ്പാക്കാൻ ആവശ്യമായ സമയം പരിഗണിച്ച് ചില പ്രധാന ആശയമേഖലകൾ മാത്രം ഉൾക്കൊള്ളിക്കുന്നതാണ് ഉത്തമം. അധ്യാപക നൈപുണീവികാസം ഇത് ഫലപ്രദമായ സാധ്യമാക്കും.
6. വിവരവിനിമയ സാങ്കേതികവിദ്യയുടെ പരമാവധി പ്രയോഗം ഉറപ്പുവരുത്തുന്ന രീതിയിലായിരിക്കണം പാഠ്യപദ്ധതി ക്രമീകരിക്കേണ്ടത്. പഠനപ്രവർത്തനങ്ങളുടെ കണ്ടെത്തലുകൾ വിനിമയം ചെയ്യുന്നതിനും സെമിനാർ അവതരണത്തിനും അമൂർത്തമായ ആശയങ്ങളുടെ വിനിമയത്തിനും യുടൂബ്, ഇന്റർനെറ്റ് വിഭവങ്ങൾ, ഡിജിറ്റൽ വിഭവങ്ങൾ കണ്ടെത്തൽ, ഇവയുടെ ശേഖരണം, വീഡിയോ-ഓഡിയോ എഡിറ്റിങ്, ഇ-ടീച്ചിങ് മാന്വൽ തുടങ്ങി ഇന്ററാക്ടീവ് ബോർഡ്, എൽ.സി.ഡി. എന്നിവയിലെല്ലാം ഓരോ അധ്യാപകവിദ്യാർഥിക്കും പ്രായോഗികപരിജ്ഞാനം നേടാനുള്ള അവസരങ്ങൾ പാഠ്യപദ്ധതിയിലുണ്ടായിരിക്കണം.
7. ഇന്റേൺഷിപ്പ് സമയത്തിനനുസരിച്ചും ഇന്റേൺഷിപ്പ് തയാറെടുപ്പിന് വേണ്ട സമയത്തിനും പരിഗണന നൽകിക്കൊണ്ടായിരിക്കണം യൂണിറ്റുകളുടെ ക്രമീകരണം.
8. പഠനരീതികളുടെയും സമീപനത്തിന്റെയും ഫലപ്രാപ്തി പരിശോധിച്ച് ബോധ്യപ്പെടാൻ ട്രൈഔട്ട്, ആക്ഷൻ റിസർച്ച് എന്നിവയ്ക്ക് 2014 എൻ.സി.ടി.ഇ. നിർദേശങ്ങളും 2016 എൻ.സി.ഇ.ആർ.ടി. മാർഗരേഖയും അനുസരിച്ച് അർഹിക്കുന്ന പ്രാധാന്യം നൽകണം.
9. പാഠ്യപദ്ധതി സമീപനത്തിനനുസരിച്ച് സ്ഥാപന അന്തരീക്ഷവും ക്ലാസന്തരീക്ഷവും (ഭൗതികം & അക്കാദമികം) രൂപപ്പെടാൻ പ്രേരകശക്തിയായി പാഠ്യപദ്ധതി വർത്തിക്കണം (പൂന്തോട്ടം, പച്ചക്കറിത്തോട്ടം, ഔഷധോദ്യാനം, ജൈവവൈവിധ്യപാർക്ക്, ആവാസവ്യവസ്ഥകൾ, മാലിന്യസംസ്കരണ യൂണിറ്റുകൾ, ജലസംരക്ഷണ-ശുദ്ധീകരണ മാതൃകകൾ, ശാസ്ത്രലാബ്, ഗണിതലാബ്, സാമൂഹ്യശാസ്ത്രലാബ്, കമ്പ്യൂട്ടർ ലാബ് എന്നിവ ക്രമേണ രൂപപ്പെടുന്ന രീതിയിലായിരിക്കണം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടത്).
10. പരിസരപഠനം ഒരു ശാസ്ത്രവിഷയമെന്ന നിലയ്ക്ക് ശാസ്ത്രപഠനരീതികൾ മാത്രമെ വിനിമയരീതിയായി സൂചിപ്പിക്കേണ്ടതുള്ളു. (നിരീക്ഷണം, പരീക്ഷണം, ഫീൽഡ് ട്രിപ്പ്, പ്രോജക്റ്റ്, സെമിനാർ, ഡിബേറ്റ്) ചർച്ച, അസൈൻമെന്റ് എന്നിവ വേണ്ട. ഈ രീതികളിലെല്ലാം ചർച്ച സ്വാഭാവികമായി നടക്കും. ചർച്ച ഒരു പഠനരീതിയല്ല.
11. സങ്കലിത വിദ്യാഭ്യാസം കാര്യക്ഷമവും ഫലപ്രദവുമാക്കാനുള്ള ഇടങ്ങൾ പാഠ്യപദ്ധതിയിൽ പ്രതിഫലിക്കണം. വിവിധ വിഭാഗം ഭിന്നശേഷിക്കാരായ കുട്ടികളുടെ അനുരൂപീകരണ സാധ്യതകൾ പരമാവധി സന്ദർഭങ്ങളിൽ സ്വാഭാവികമായി ഉൾച്ചേർക്കണം.
12. നിരന്തര മൂല്യനിർണയ സാധ്യത - നടത്താവുന്ന പ്രവർത്തനം - വിലയിരുത്തൽ സൂചകങ്ങൾ വികസിപ്പിക്കൽ - രേഖപ്പെടുത്തൽ - സ്കോർ/ഗ്രേഡ് നിർണയിക്കൽ - രേഖപ്പെടുത്തൽ എന്നിവ ഓരോ പ്രവർത്തനത്തോടും ഉൾച്ചേർന്ന് നടത്താവുന്ന രീതിയിൽ പ്രവർത്തനങ്ങൾ അവതരിപ്പിക്കണം. അധ്യാപകവിദ്യാർഥിയുടെ നോട്ടുപുസ്തകത്തിൽ വരേണ്ട രേഖപ്പെടുത്തലുകളുടെ സൂചനകളും പാഠ്യപദ്ധതിയിൽ സൂചിപ്പിക്കണം.
13. നോട്ടുപുസ്തകം ഒരു 'റിഫ്ളക്റ്റീവ് ജേണ'ലായും 'മൂല്യനിർണയ ഉപാധി'യായും വികസിപ്പിക്കാൻ കഴിയണം. ഇതിൽ അധ്യാപകവിദ്യാർഥിയുടെ വളർച്ച, വികാസം എന്നിവ പ്രതിഫലിക്കുന്ന തരത്തിൽ സ്വയംവിലയിരുത്തൽ സ്കോറുകളും ഗ്രേഡുകളും പരസ്പരവിലയിരുത്തൽ സ്കോറുകളും ഗ്രേഡുകളും അവരുടെ ഗുണാത്മക കുറിപ്പുകളും ഫീഡ്ബാക്കുകളും പ്രതിഫലനക്കുറിപ്പുകളും

രൂപപ്പെടണം. ഇതിനനുസൃതമായ സൂചനകൾ പ്രവർത്തനങ്ങളോടൊപ്പം നൽകണം.

14. പ്രവർത്തനങ്ങളെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിനിമയം ചെയ്യേണ്ടവ, ക്ലബ്ബ് പ്രവർത്തനങ്ങളുടെ സംഘാടനത്തിലൂടെ വിനിമയം ചെയ്യേണ്ടവ എന്നിങ്ങനെ ക്രമീകരിക്കണം.
15. ഇന്ത്യക്കകത്തും പുറത്തുമായി രൂപപ്പെട്ട പരിസ്ഥിതിസംരക്ഷണ സുസ്ഥിരവികസന സംരംഭങ്ങൾ, അവയുടെ മികച്ച മാതൃകകൾ, കേസുകൾ, മറ്റു പ്രവർത്തനങ്ങൾ എന്നിവ കാണാനും പരിചയപ്പെടാനും ചെയ്ത് ബോധ്യപ്പെടാനും സ്വന്തം സ്ഥാപനത്തിലോ ഒരു പ്രദേശത്തോ ട്രൈഔട്ട് ചെയ്യാനും ഉള്ള അവസരം പാഠ്യപദ്ധതിയിലുണ്ടായിരിക്കണം.
16. ‘പീസ് എജ്യുക്കേഷൻ’ എന്ന മഹത്തായ ലക്ഷ്യത്തിലേക്ക് തന്റേതായ കാഴ്ചപ്പാടും പ്രവർത്തനങ്ങളും സ്വയം രൂപപ്പെടുത്താനും ഇതിന് ചാലകശക്തിയായി മാറാനും ഓരോ അധ്യാപകവിദ്യാർഥിക്കും കഴിയുന്നതരത്തിൽ ‘ഒരു നട്ടെല്ലായി’ നിലകൊള്ളാൻ പാഠ്യപദ്ധതിക്ക് കഴിയണം.
17. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സ്കൂളുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ സ്വന്തം സ്ഥാപനത്തിൽ ട്രൈഔട്ട് ചെയ്യാനുള്ള നിർദേശങ്ങൾ പാഠ്യപദ്ധതിയിൽ ഉണ്ടാവണം.
18. സമഗ്രമായ ‘ഗ്രീൻ സ്കൂൾ’ കാഴ്ചപ്പാടിലേക്ക് നയിക്കുന്നതായിരിക്കണം പരിസരപഠന പദ്ധതി.
19. ലാബ് അനുഭവങ്ങൾ, പരീക്ഷണങ്ങൾ എന്നിവക്ക് പരമാവധി അവസരം നൽകണം.
20. സാമൂഹ്യശാസ്ത്ര ആശയങ്ങൾക്കും സാമൂഹ്യപരിസരത്തിനും പ്രാധാന്യം കൂട്ടണം. ഇതുമായി ബന്ധപ്പെട്ട രീതികളും, യന്ത്രങ്ങളും, ഉപാധികൾക്കും പ്രാധാന്യം നൽകണം.
21. ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളുമായി ‘എഡ്യൂക്കേഷൻ ലിങ്ക്’, ‘ഇൻഡസ്ട്രി ലിങ്ക്’ എന്നിവ രൂപപ്പെടുന്ന രീതിയിൽ പരിസരപഠന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം.

## 3.4.2 ശാസ്ത്രപഠനം

മനുഷ്യന്റെ സൂക്ഷ്മമായ ചിന്തയുടെ കരുത്തുറ്റ മാർഗവും ബൗദ്ധികമായ അഭിവൃദ്ധിയുടെ പ്രധാനഘടകവുമാണ് ശാസ്ത്രം. തൊഴിലിന്റെ വികാസവും ലളിതവൽക്കരണവും സമ്പദ്ഘടനയുടെ വളർച്ചയും ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യകളുടെയും നേട്ടങ്ങളാണ്. ജീവിതഗുണനിലവാരം വർധിപ്പിക്കുന്നതിലും സുസ്ഥിരവികസനത്തിലും സമാധാനപരമായ സഹവർത്തിത്വത്തിലും ശാസ്ത്രപഠനം നൽകുന്ന സംഭാവനകൾ പ്രവചനാതീതമാണ്.

പാഠപുസ്തകങ്ങൾക്കപ്പുറമുള്ള അനൗപചാരിക സന്ദർഭങ്ങളും വിഭവങ്ങളും സ്വന്തം ചുറ്റുപാടിൽ നിന്നും സ്വാംശീകരിക്കുന്ന അനുഭവങ്ങളും അറിവുകളും ക്ലാസ്മുറിയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ അധ്യാപികയെ പരുവപ്പെടുത്തുന്നതാവണം ശാസ്ത്രാധ്യാപനത്തിന്റെ രീതിശാസ്ത്രം. മാറുന്ന കാലത്തിന്റെ ആവശ്യകതയിലൂന്നിയുള്ള സാങ്കേതികസംവിധാനങ്ങൾ പഠനത്തിലും ബോധനത്തിലും പ്രയോജനപ്പെടുത്താൻ അധ്യാപികയ്ക്ക് കഴിയണം.

**ശാസ്ത്രാധ്യാപനം-ലക്ഷ്യങ്ങൾ**

- പുതിയ തലമുറയുടെ സാമൂഹികവും രാഷ്ട്രീയവും പാരിസ്ഥിതികവുമായ അസ്തിത്വം ശാസ്ത്രാധിഷ്ഠിതമാക്കാൻ അധ്യാപകവിദ്യാർഥിക്ക് കഴിയണം. ശിഥിലീകരണത്തിൽ നിന്നും സാംസ്കാരികച്യുതിയിൽനിന്നും സമൂഹത്തെയും വ്യക്തിയെയും മാറ്റിയെടുത്ത് ശാസ്ത്രാഭിമുഖ്യവും ശാസ്ത്രബോധവും ശാസ്ത്രീയ മനോവൃത്തിയുമുള്ള (Scientific tempor) ഒരു സമൂഹ സൃഷ്ടിയായിരിക്കണം ശാസ്ത്രാധ്യാപനത്തിന്റെ ദർശനം. മേൽ സൂചിപ്പിച്ച ദർശനം സാക്ഷാൽക്കരിക്കുന്നതിനായി ഡി.എൽ.എഡ്. പാഠ്യപദ്ധതിയിലെ ശാസ്ത്രാധ്യാപനം താഴെ പറയുന്ന ലക്ഷ്യങ്ങളിലൂന്നേണ്ടതുണ്ട്.
- പ്രൈമറി ക്ലാസുകളിലെ ഓരോ കുട്ടിക്കും ശാസ്ത്രപഠനത്തിന്റെ വിവിധമേഖലകളിൽ സൂക്ഷ്മാംശത്തിലുള്ള അറിവ് നേടുന്നതിനുള്ള അനുഭവങ്ങളൊരുക്കുന്നതിൽ വൈദഗ്ധ്യമുണ്ടാക്കുക.
- നിത്യജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രായോഗികശേഷി ഓരോ കുട്ടിക്കും സാധ്യമാക്കുന്നതിനുള്ള അനുഭവങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള കഴിവ് നേടുക.
- ശാസ്ത്രാശയങ്ങൾ ആർജിക്കുന്നതിനും അവ നിത്യജീവിതത്തിലെ പ്രശ്നപരിഹരണത്തിനു പ്രയോജനപ്പെടുത്താനും കഴിയുക.
- ശാസ്ത്രീയരീതി ഒരു ജീവിതശൈലിയായി വിദ്യാർഥികളിൽ രൂപപ്പെടുന്നതിനുള്ള അധ്യാപക നൈപുണിവികാസം ആർജിക്കുക.
- സാമൂഹികപ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ശാസ്ത്രീയമായി ഇടപെടുന്നതിന് ഓരോ കുട്ടിയെയും പ്രാപ്തനാക്കുന്നതിനുള്ള കഴിവ് നേടുക.
- പ്രൈമറി തലത്തിലെ കുട്ടിയുടെ വികാസതലങ്ങൾക്കനുസരിച്ച് ശാസ്ത്രപാഠ്യപദ്ധതി വിശകലനം ചെയ്യുന്നതിനും ഫലപ്രദമായി വിനിമയം ചെയ്യുന്നതിനും (ഉള്ളടക്കം, വിനിമയപ്രക്രിയ, പഠനാന്തരീക്ഷം, പഠനസാമഗ്രികൾ, വിലയിരുത്തൽ, തുടർപ്രവർത്തനങ്ങൾ) ഉള്ള ശേഷികൾ ആർജിക്കുക.
- മാറുന്ന സാങ്കേതികവിദ്യകൾ വിവരശേഖരണത്തിനും അവയുടെ വിശകലനത്തിനും പഠനബോധന പ്രക്രിയയിലുടനീളം ഫലപ്രദമായി ഉൾപ്പെടുത്താനുള്ള ശേഷി ആർജിക്കുക.
- ശാസ്ത്രപഠനസമീപനത്തിന്റെ പ്രായോഗികാംശങ്ങൾ പ്രയോജനപ്പെടുത്തി സൈദ്ധാന്തിക പിൻബലം ഉറപ്പാക്കുക.
- ശാസ്ത്രപഠനത്തിന്റെ ഓരോ ഘട്ടത്തിലും കുട്ടിക്കുണ്ടാവുന്ന വിടവുകൾ/പരിമിതികൾ കണ്ടെത്താനും അവശ്യം വേണ്ട പരിപോഷണ ഉപാധികൾ രൂപകല്പന ചെയ്യാനും പ്രയോഗിക്കാനും ഫലപ്രാപ്തി പരിശോധിക്കാനുമുള്ള കഴിവ് നേടുന്നതിന്.

- വൈജ്ഞാനികം, പ്രക്രിയാപരം, പ്രായോഗികം, സർഗാത്മകം, മനോഭാവം തുടങ്ങിയ മണ്ഡലങ്ങളിൽ കുട്ടിയുടെ ശാസ്ത്രസംബന്ധിയായ കഴിവുകളും പരിമിതികളും വിലയിരുത്താനും വിലയിരുത്തലിന്റെ വിവിധ മാർഗങ്ങൾ പരീക്ഷിക്കുന്നതിനും ഗവേഷണാത്മകമായി പിന്തുണാസംവിധാനങ്ങളൊരുക്കുന്നതിനുമുള്ള നൈപുണികൾ ആർജിക്കുന്നതിന്.
- സമൂഹത്തിൽ ശാസ്ത്രാവബോധം വളർത്തൽ, ശാസ്ത്രമനോവൃത്തിവികാസം തുടങ്ങിയവയ്ക്കാവശ്യമായ വിവിധ ഉപാധികൾ വികസിപ്പിക്കാനും പ്രായോഗിക്കാനുമുള്ള കഴിവ് ആർജിക്കുന്നതിന്.

**സമീപനം**

- വ്യക്തിഗതവും സാമൂഹികവുമായ അന്ധവിശ്വാസങ്ങൾക്കതീതമായി യുക്തിപരമായി ചിന്തിക്കുന്നതിനും ദൈനംദിനം ചുറ്റുപാടിനെ ശാസ്ത്രീയമായി അപഗ്രഥിക്കാനും അധ്യാപക വിദ്യാർഥിക്ക് അവസരമുണ്ടായിരിക്കണം.
- ശാസ്ത്രാധ്യാപകനെന്ന നിലയിൽ ഇടപെടുന്ന എല്ലാതലങ്ങളും സമൂഹത്തിലും വിദ്യാർഥികളിലും ശാസ്ത്രീയചിന്ത, താൽപ്പര്യം, ജിജ്ഞാസ, ശാസ്ത്രീയാഭിരുചി, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം തുടങ്ങിയവ വികസിപ്പിക്കുന്ന രീതിയിൽ വിജ്ഞാനവും പ്രയോഗവും പ്രക്രിയയും പ്രദാനം ചെയ്യാൻ പാഠ്യപദ്ധതിക്ക് കഴിയണം.
- വിവരാധിക്യവും സങ്കീർണതയും പരിഗണിക്കുന്നതിനപ്പുറം പ്രായോഗിക വിശകലന സാധ്യതകളിലൂന്നണം. ഇതിനായി താഴെ പറയുന്ന കാര്യങ്ങൾ പാഠ്യപദ്ധതിയുടെ വിവിധ തലങ്ങളിൽ ഉറപ്പാക്കണം.
- ശാസ്പ്രഠനത്തിന്റെ ഊന്നൽ മേഖലകളായ വിജ്ഞാനമേഖല, പ്രക്രിയാമേഖല, പ്രയോഗമേഖല, സർഗാത്മകമേഖല, മനോഭാവമേഖല എന്നിവയുടെ വികാസത്തിന് പ്രാധാന്യം നൽകുന്നതാവണം ശാസ്ത്രപാഠ്യപദ്ധതിയും വിനിമയരീതിയും വിലയിരുത്തലും.
- സാങ്കേതികമായി വികസിച്ച പുതിയ ക്ലാസ്മുറികളെ അഭിമുഖീകരിക്കുന്നതിന് പ്രാപ്തരാക്കുന്ന രീതിയിൽ ആസൂത്രണത്തിനും പ്രായോഗിക പ്രവർത്തനത്തിനും ഊന്നൽ നൽകുന്നതായിരിക്കണം.
- സ്കൂൾ അനുഭവപരിപാടിയും (Internship) അതിനുവേണ്ടിയുള്ള തയാറെടുപ്പുകളും (Pre - Internship) സാങ്കേതികമികവുള്ളതും ശാസ്ത്രനൈപുണികളും പഠനനൈപുണികളും ആർജിക്കാൻ കഴിയുംവിധം സാങ്കേതികമികവുള്ളതുമായിരിക്കണം.
- ബോധനനൈപുണികളുടെ വികാസത്തിനുതകുന്നതും അതിന്റെ വളർച്ചയും വികാസവും അധ്യാപകവിദ്യാർഥിക്ക് സ്വയം ബോധ്യപ്പെടുത്തുന്നതുമാകണം.
- വൈകാരികതലത്തിലും ശാസ്ത്രസർഗാത്മകത വളർത്തുന്നതുമായ ഇടപെടലുകളിലൂടെ പഠിതാവിൽ അനുഭൂതി സൃഷ്ടിക്കുന്ന അനുഭവങ്ങളൊരുക്കുന്നതിന് അധ്യാപകവിദ്യാർഥിക്ക് സാധ്യമാവണം.
- ശാസ്ത്രീയരീതികൾ ബോധ്യപ്പെടുന്നതിനായി ഗവേഷണാത്മക, അന്വേഷണാത്മക - പ്രവർത്ത നങ്ങളും (Innovative activities) പാഠ്യപദ്ധതിയുടെ ഭാഗമായി ക്രമപ്പെടുത്തണം.
- പഠന-ബോധനശേഷികൾ വികസിപ്പിക്കുന്നതിനുള്ള ട്രൈഔട്ടുകൾ, ക്രിയാഗവേഷണങ്ങൾ, മാതൃകകൾ വികസിപ്പിക്കൽ തുടങ്ങിയ അനുഭവങ്ങൾ അധ്യാപകവിദ്യാർഥിക്ക് ലഭ്യമാവണം.
- ലളിതമായ പഠനോപകരണങ്ങൾ നിർമിക്കുന്നതിനും പ്രയോഗിക്കുന്നതിനുമുള്ള അനുഭവങ്ങൾ പരിശീലനത്തിന്റെ ഭാഗമാവണം. അവ വിലയിരുത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യണം.
- അന്ധവിശ്വാസങ്ങളെ ശാസ്ത്രീയയുക്തികൊണ്ട് പ്രതിരോധിക്കാൻ പ്രാപ്തമാക്കുന്ന തരത്തിൽ ശാസ്ത്രബോധം ആർജിക്കുന്നതിനുള്ള അവസരം അധ്യാപകവിദ്യാർഥികൾക്ക് ലഭിക്കണം.
- പ്രൈമറിതലത്തിൽ ശാസ്ത്രാശയങ്ങൾ പ്രായോഗികാനുഭവങ്ങളാക്കി മാറ്റുന്നതരത്തിലുള്ള ശാസ്ത്രപരീക്ഷണങ്ങളിലേർപ്പെടാൻ പ്രവർത്തനക്ഷമമായ ശാസ്ത്രലാബുകൾ ടീച്ചർ എജ്യുക്കേ ഷൻ സ്ഥാപനങ്ങളിൽ ക്രമേണ രൂപപ്പെടുന്നരീതിയിൽ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം.

- ഓരോ പഠനപ്രവർത്തനത്തിലൂടെയും ശാസ്ത്രീയരീതിയിലൂടെ നിരന്തരം കടന്നുപോകുന്നതിനുള്ള അനുഭവങ്ങൾ അധ്യാപകവിദ്യാർഥിക്ക് ലഭിക്കണം. (കണ്ടെത്തലിന്റെ അനുഭൂതി നിരന്തരം അനുഭവിക്കാനും ആസ്വദിക്കാനും ഓരോ അധ്യാപകവിദ്യാർഥിക്കും അവസരം ഉണ്ടായിരിക്കണം).
- ശാസ്ത്രാധ്യാപനാനുഭവങ്ങൾ മെച്ചപ്പെടുത്തുന്നതിന് ബോധനശാസ്ത്രത്തിലുള്ള ഉള്ളടക്ക വിജ്ഞാനം പരമപ്രധാനമാണ്. നൂതനമായ ബോധനരീതികൾ ശാസ്ത്രപഠനബോധനത്തിൽ ഉൾച്ചേർക്കപ്പെടണം. വിവിധ ബോധനനൈപുണികളുടെ വികാസം സാധ്യമാകുന്ന അനുഭവങ്ങൾ ലഭ്യമാവണം.
- തനിക്കു ചുറ്റുമുള്ള അനുഭവങ്ങളിലെ ശാസ്ത്രീയാശയങ്ങൾ തിരിച്ചറിയുന്നതിനുള്ള പഠന പ്രവർത്തനങ്ങൾ ഒരുക്കണം.
- പരികല്പനകൾ രൂപീകരിക്കുന്നതിലും നിരീക്ഷണ-പരീക്ഷണങ്ങളിലേർപ്പെടുന്നതിനും അപഗ്രഥിക്കുന്നതിനും നിഗമനത്തിലെത്തുന്നതിനുമുള്ള പഠനാനുഭവങ്ങൾ അധ്യാപകവിദ്യാർഥി ആഴത്തിൽ നേടേണ്ടതുണ്ട്.
- ശാസ്ത്രത്തിന്റെ ഉള്ളടക്കം - പദങ്ങൾ, വസ്തുതകൾ, ആശയങ്ങൾ, തത്വങ്ങൾ, സാമാന്യവൽക്കരണങ്ങൾ, സിദ്ധാന്തങ്ങൾ എന്നിവയിലൂള്ള ധാരണ മെച്ചപ്പെടുത്തുന്നതിന് പ്രായോഗികമായ ശാസ്ത്രീയാനുഭവങ്ങൾ നൽകണം.
- ചോദ്യങ്ങൾ ഉന്നയിക്കുന്നതും ശാസ്ത്രീയാന്വേഷണങ്ങൾ ആസൂത്രണം ചെയ്യുന്നതും നിർവഹിക്കുന്നതും ദത്തങ്ങൾ വിശകലനം ചെയ്യുന്നതും വ്യാഖ്യാനിക്കുന്നതും തെളിവുകളുടെ അടിസ്ഥാനത്തിൽ തർക്കങ്ങളിൽ ഏർപ്പെടുന്നതും പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്തുന്നതും പ്രായോഗികമായ ശാസ്ത്രീയാനുഭവങ്ങളാണ്. ഇതിനുള്ള അവസരം നൽകണം.
- ശാസ്ത്രീയമായ ചിന്ത പുതിയ ചിന്തകൾ രൂപപ്പെടുന്നതിനും വികസിക്കുന്നതിനും സഹായിക്കുന്നു. ഇതിനുള്ള അവസരം നൽകണം. അവ ചിന്തയുടെ ആഴവും പരപ്പും വർധിപ്പിക്കുന്നു.
- സമ്പുഷ്ടവും ആഴത്തിലുള്ളതുമായ പഠനാനുഭവങ്ങളിൽ ഏർപ്പെടുന്നതിന് അധ്യാപകവിദ്യാർഥിക്ക് അവസരം ഒരുക്കിയാൽ നേടിയ ശാസ്ത്രീയധാരണകളെ പ്രയോഗവൽക്കരിക്കുന്നതിനും സർഗാത്മകമായി പുനഃസൃഷ്ടിക്കുന്നതിനുള്ള കഴിവ് വർധിക്കുന്നു. ഇതിനുള്ള അവസരമൊരുക്കണം.
- ശാസ്ത്രവിജ്ഞാനം നിരന്തരം രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. പുതിയ മേഖലകളും പുതിയ മാതൃകകളും പുതിയ ലോകങ്ങളും അനാവൃതമാക്കപ്പെടുന്നു. പഠിതാവിന്റെ അനുഭവങ്ങളിൽ ഇവ കൂട്ടിച്ചേർക്കപ്പെടണം.
- അധ്യാപകവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തുന്ന പഠനയാത്രകൾ ശാസ്ത്രധാരണകൾ മെച്ചപ്പെടുത്തുന്നതിനും പ്രയോഗിക്കുന്നതിനും അനുഭവങ്ങളൊരുക്കുന്നതാവണം.
- അധ്യാപകവിദ്യാർഥി പരിശീലന കാലഘട്ടത്തിൽ നേടുന്ന ശാസ്ത്രാശയങ്ങളും പ്രായോഗികാനുഭവങ്ങളും സമൂഹത്തിൽ വ്യാപിപ്പിക്കുന്നതിനും സമൂഹത്തിന്റെ ശാസ്ത്രാവബോധം ഉറപ്പിക്കുന്നതിനും സാധ്യമാവുന്നതാവണം.
- ശാസ്ത്രസംബന്ധിയായ കൂടുതൽ ധാരണ ലഭിക്കുന്നതിനുള്ള അവസരങ്ങളായി ശാസ്ത്രമേളകൾ അധ്യാപകവിദ്യാർഥിക്ക് ലഭ്യമാവണം. അവയുടെ സംഘാടനം, പ്രവർത്തനങ്ങളുടെ വിശകലനം, ക്ലാസ്മുറികളിലെ പ്രയോഗസാധ്യത എന്നിവ തയാറാക്കുന്നതിനും വിലയിരുത്തുന്നതിനും അവസരമൊരുക്കണം.
- വിവിധ ശാസ്ത്രക്ലബ്ബുകൾ ശക്തിപ്പെടുത്താനും ക്രമാനുഗതമായി രൂപപ്പെടാനുമുള്ള അവസരങ്ങളുണ്ടായിരിക്കണം.

## 3.5 സാമൂഹ്യശാസ്ത്രപഠനം

നമ്മുടേതുപോലുള്ള ഒരു ജനാധിപത്യക്രമത്തിൽ സാമൂഹ്യശാസ്ത്ര ആശയങ്ങൾ ശരിയായ വിധത്തിൽ വിനിമയം ചെയ്യേണ്ടതുണ്ട്. കൂടുതൽ കരുത്താർന്ന ഒരു ജനാധിപത്യരാഷ്ട്രമായി രാജ്യത്തെ മാറ്റുന്നതിന് ജനാധിപത്യബോധവും ഭരണഘടനാമൂല്യവും ഉൾക്കൊള്ളുന്ന തലമുറകൾ ഇവിടെ വളർന്നുവരേണ്ടതുണ്ട്. സാമൂഹികമാറ്റങ്ങളെ അടുത്തറിയുന്നതിനും അതിനെ വിശകലന വിധേയമാക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കേണ്ട ചുമതല സാമൂഹ്യശാസ്ത്രപഠനത്തിനുണ്ട്.

അനുനിമിഷം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ലോകക്രമത്തെ ക്ലാസ്റൂം വിനിമയത്തിന്റെ ഭാഗമായി വിലയിരുത്തപ്പെടേണ്ടതുണ്ട്. ഇത്തരമൊരു പ്രവർത്തനം പാഠഭാഗത്തിന്റെ ഭാഗമാക്കുക ഏറെ സങ്കീർണമാണ്. ജനസമൂഹങ്ങൾ തമ്മിലുള്ള അകലം കുറഞ്ഞുവരുകയും ഇതര സമൂഹങ്ങളുമായി സംവദിക്കാനും അടുത്തിടപഴകാനുമുള്ള അവസരം വർധിക്കുകയും ചെയ്യുമ്പോൾ കുട്ടികളുടെ സാമൂഹ്യശാസ്ത്ര അറിവിന്റെ പ്രസക്തി ഏറിവരികയാണ്. നിശ്ചിതമായ ഒരു പാഠ്യപദ്ധതിക്കും പാഠപുസ്തകത്തിനും അപ്പുറമാണ് സാമൂഹ്യശാസ്ത്രബോധനവും പഠനവും ഇന്നെത്തിനിൽക്കുന്നത്. ഇതിന് പ്രാപ്തയായ സാമൂഹ്യശാസ്ത്ര അധ്യാപികയെയാണ് നാളത്തെ ക്ലാസ്മുറി ആവശ്യപ്പെടുന്നത്.

ഇന്ത്യയുടെ സാംസ്കാരികവൈവിധ്യത്തെയും ഭൂമിശാസ്ത്രപരമായ വൈജാത്യങ്ങളെയും പഠിതാക്കളിലെത്തിക്കാൻ അധ്യാപകവിദ്യാർഥിയെ പ്രാപ്തനാക്കുംവിധമായിരിക്കണം സാമൂഹ്യശാസ്ത്രത്തിന്റെ പഠനസമീപനം. ക്ലാസ്മുറികൾ സാമൂഹ്യശാസ്ത്ര പരീക്ഷണ/നിരീക്ഷണ ശാലകൾ ആയി മാറുകയും സാമൂഹികപ്രശ്നങ്ങളെ നേടിയ അറിവിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കാൻ സാമൂഹ്യശാസ്ത്ര അധ്യാപകർക്ക് സാധിക്കുകയും വേണം.

സമൂഹവുമായി ബന്ധപ്പെടുത്താതെയുള്ള സാമൂഹ്യശാസ്ത്രബോധനം വസ്തുതകളുടെ വിതരണ കേന്ദ്രമായി ക്ലാസ് മുറിയെ മാറ്റുന്നു. ഇന്നത്തെ സാമൂഹ്യശാസ്ത്ര അധ്യാപനത്തിന്റെ മുഖ്യ പരിമിതിയും ഇതുതന്നെയാണ്. ഇതുമൂലം നിലവിലെ സാമൂഹികവ്യവസ്ഥയുടെ ദുഷ്പ്രവണതകളെ തിരിച്ചറിയുവാൻ കുട്ടികൾക്ക് അവസരം ലഭിക്കുന്നില്ല. സാമൂഹിക ദുഷ്പ്രവണതകളെ ക്ലാസ് മുറിക്കകത്ത് ചർച്ചചെയ്യാനും അതിനെ വ്യത്യസ്ത വീക്ഷണകോണുകളിലൂടെ കാണാനും കുട്ടികൾക്ക് അവസരമൊരുക്കേണ്ടതിന്റെ ആവശ്യകത അധ്യാപകവിദ്യാർഥിക്ക് ബോധ്യമാകേണ്ടതായുണ്ട്.

തന്റെ ചുറ്റുപാടുമുള്ള കുടുംബജീവിതത്തിലെയും സാമൂഹികജീവിതത്തിലെയും സവിശേഷതകൾ ലോവർ പ്രൈമറി തലത്തിൽ തന്നെ തിരിച്ചറിയാൻ കുട്ടിയെ പ്രാപ്തനാക്കണം. ഇതോടൊപ്പം സ്ഥലത്തെക്കുറിച്ചും കാലത്തെക്കുറിച്ചും അവരിൽ അടിസ്ഥാനധാരണ ഉണ്ടാവുകയും വേണം. അപ്പർ പ്രൈമറി ഘട്ടത്തിലെത്തുന്നതോടെ നാം ജീവിക്കുന്ന പരിസരത്തോടൊപ്പം കുട്ടികൾക്ക് സ്ഥലകാലബോധം ഉണ്ടാക്കാൻ പര്യാപ്തമായ അളവിൽ ഭൂമിശാസ്ത്ര ഉള്ളടക്കവും ചരിത്ര ഉള്ളടക്കവും വിനിമയം ചെയ്യാൻ നമ്മുടെ അധ്യാപകർക്കു സാധ്യമാകേണ്ടതുണ്ട്. നേടിയ അറിവിന്റെ അടിസ്ഥാനത്തിൽ പ്രകൃതിപ്രതിഭാസങ്ങൾ മനുഷ്യരുടെ സാമൂഹികജീവിതത്തെ എങ്ങനെ രൂപപ്പെടുത്തി എന്നു കണ്ടെത്തുവാനും കുട്ടികളെ പ്രാപ്തരാക്കേണ്ടതുണ്ട്. ചുറ്റുപാടുകളിലെ പ്രകൃതിപ്രതിഭാസത്തെ വിശകലനം ചെയ്യാനും ഈ കുട്ടികൾക്കു കഴിയണം. അപ്പർ പ്രൈമറി ഘട്ടം പൂർത്തിയാകുന്നതോടെ ചുറ്റുപാടും നടക്കുന്ന സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ പ്രവർത്തനങ്ങളെക്കുറിച്ച് ഒരു പൊതുധാരണയും കുട്ടികളിൽ രൂപപ്പെടേണ്ടതായുണ്ട്. ഇതിനു പര്യാപ്തമായ വിധത്തിൽ സാമൂഹ്യശാസ്ത്ര ആശയങ്ങളിൽ അധ്യാപകവിദ്യാർഥികൾക്ക് വ്യക്തത ഉണ്ടാവണം. താൻ വിനിമയം ചെയ്യേണ്ട ആശയത്തിന്റെ താഴ്ന്നതും ഉയർന്നതുമായ തലങ്ങളെക്കുറിച്ച് അധ്യാപകർക്കുള്ള വ്യക്തതയില്ലായ്മ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. നിലവിലെ ബോധനപ്രക്രിയ ഫലപ്രാപ്തിയിലെത്താതിരിക്കുന്നതിന് ഇത് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. അതിനാൽ ഉള്ളടക്കത്തിൽ നിന്ന് ആശയം വേർതിരിച്ചെടുക്കുന്നതിനുള്ള ശേഷി സാമൂഹ്യശാസ്ത്രാധ്യാപകർക്ക് ഉണ്ടാകേണ്ടതുണ്ട്.

ബോധനസാമഗ്രികളുടെ നിർമാണവും പരിഷ്കരണവും സാമൂഹ്യശാസ്ത്ര അധ്യാപകരുടെ സവിശേഷ ശേഷിയായി മാറേണ്ടതായുണ്ട്. ക്ലാസിൽ അവതരിപ്പിക്കേണ്ട ആശയങ്ങൾക്കു വ്യക്തത ലഭിക്കുന്നതിനാവശ്യമായ ഉദാഹരണങ്ങൾ കുട്ടിയുടെ ജീവിതാനുഭവവുമായി ബന്ധമുള്ളത് കണ്ടെത്തി അവതരിപ്പിക്കാൻ അധ്യാപകർക്കു കഴിയണം.

കുട്ടിയെ സാമൂഹികയാഥാർഥ്യങ്ങളുമായി ബന്ധിപ്പിക്കുന്നതിൽ ഇത്തരം അവതരണങ്ങൾ സഹായിക്കും. നേടിയ അറിവിനെ സാമൂഹിക യാഥാർഥ്യത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുന്നതിന് വേണ്ട അനുഭവം കുട്ടിക്ക് ലഭിക്കേണ്ടതാണ്. സാമൂഹ്യശാസ്ത്ര പാഠ്യവസ്തുവിൽനിന്ന് ആശയങ്ങൾ തിരിച്ചറിയുന്നതിനും അവ ക്ലാസ്റൂം പ്രക്രിയയിലൂടെ കുട്ടിയിൽ എത്തിക്കുന്നതിനും വേണ്ട അനുഭവം ഒരുക്കാൻ അധ്യാപകവിദ്യാർഥിക്കാവണം.

**ഉദ്ദേശ്യങ്ങൾ**

- പ്രൈമറിതലത്തിലെ സാമൂഹ്യശാസ്ത്ര ക്ലാസുകൾ കൈകാര്യം ചെയ്യാൻ അധ്യാപക വിദ്യാർഥികളെ പ്രാപ്തരാക്കുന്നതിന്.
- സാമൂഹ്യശാസ്ത്രത്തിന്റെ ബോധനലക്ഷ്യങ്ങൾ സ്വായത്തമാക്കുന്നതിന്.
- അധ്യാപകവിദ്യാർഥികളുടെ സാമൂഹികവിശകലനശേഷി വളർത്തുന്നതിന്.
- സാമുഹ്യശാസ്ത്രബോധനതന്ത്രങ്ങൾ പരിചയപ്പെടുന്നതിനും പ്രയോഗിക അനുഭവം നേടുന്ന തിനും.
- സാമൂഹ്യശാസ്ത്ര പഠന-ബോധനസാമഗ്രികൾ വികസിപ്പിക്കുന്നതിനുള്ള ശേഷി ആർജിക്കുന്നതിന്.
- സാമൂഹ്യശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട ക്രിയാഗവേഷണങ്ങൾ ഏറ്റെടുക്കുന്നതിന്
- സാമൂഹ്യശാസ്ത്രബോധനത്തിന് സഹായകമായ രീതിയിൽ സ്ഥലസന്ദർശനങ്ങൾ നടത്തുന്നതിനും അവയെ ക്ലാസ്റൂം വിനിമയത്തിന് പ്രയോജനപ്പെടുത്തുന്നതിനും.
- ആനുകാലിക സംഭവവികാസങ്ങളെ വിശകലനം ചെയ്യാനും ക്ലാസ്മുറികളിൽ അവപ്രയോജന പ്പെടുത്താനും.
- വിവിധ സാമൂഹ്യശാസ്ത്രവിഷയങ്ങളെക്കുറിച്ചുള്ള സാമാന്യധാരണ വളർത്തിയെടുക്കുന്നതിന്.
- ചുറ്റുപാടും ലഭ്യമായ സാമഗ്രികളെ സാമൂഹ്യശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്താവുന്ന നൈപുണി നേടുന്നതിന്.
- സാമൂഹ്യശാസ്ത്ര പാഠപുസ്തകങ്ങളിൽനിന്ന് ആശയങ്ങൾ കണ്ടെത്തി ടീച്ചിങ് മാന്വൽ തയാറാക്കുന്നതിനുള്ള ശേഷി ആർജിക്കുന്നതിന്.
- ബോധന ആവശ്യങ്ങൾ നിർവഹിക്കപ്പെടുംവിധം പഠന-ബോധന സാമഗ്രികൾ വികസിപ്പിക്കുന്നതിന്.
- സാമൂഹ്യശാസ്ത്രാശയങ്ങൾ ശരിയാംവിധം ആർജിച്ചു എന്ന് കണ്ടെത്തുന്നതിന് ആവശ്യമായ മൂല്യനിർണയ സാമഗ്രികൾ വികസിപ്പിക്കുന്നതിനുള്ള അനുഭവം ആർജിക്കുന്നതിന്.
- വിവിധതരം ഭൂപടങ്ങൾ, ഗ്ലോബ് തുടങ്ങിയവ ക്ലാസ്റൂം വിനിമയത്തിന് പ്രയോജനപ്പെടുത്തു ന്നതിനുള്ള പ്രാപ്തി നേടുന്നതിന്.
- കുട്ടികളെ ചുറ്റുപാടുകളിൽനിന്ന് വിവരങ്ങൾ ശേഖരിച്ച് വിശകലന വിധേയമാക്കി വിവിധ നിഗമനങ്ങളിലെത്തിച്ചേരുന്നതിന് പ്രാപ്തരാക്കുന്നതിനുള്ള അനുഭവം നേടുന്നതിന്.
- റഫറൻസ് ഗ്രന്ഥങ്ങൾ, ഐ.സി.ടി. സാധ്യതകൾ, അക്കാദമിക ബ്ലോഗുകൾ, വിവിധ വെബ്സൈ റ്റുകൾ എന്നിവയുടെ സഹായത്തോടെ ബോധനത്തിന് ആവശ്യമായ സാമഗ്രികൾ വികസിപ്പിച്ചെടുക്കുന്നതിന്.

സമൂഹ്യശാസ്ത്ര പഠന-ബോധനരംഗത്തെ നൂതനപ്രവണതകളെ ഉൾക്കൊള്ളുന്നതിന് അധ്യാ പകവിദ്യാർഥികൾക്ക് അവസരം ലഭ്യമാക്കേണ്ടതാണ്. മാറിവരുന്ന വൈജ്ഞാനികലോകത്തെ ഉൾക്കൊള്ളാനും അവയെ ക്ലാസ്മുറിയിലേക്കെത്തിക്കുന്നതിനുമുള്ള കരുത്ത് സാമൂഹ്യശാസ്ത്ര അധ്യാപികയിൽ രൂപപ്പെടുത്തേണ്ടതാണ്. ഇതിനനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത

പരിശീലനകേന്ദ്രങ്ങളിൽ ഉറപ്പ് വരുത്തേണ്ടതാണ്. പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിന്റെ ഭാഗമായി നൽകിയിരിക്കുന്ന വസ്തുതകളെ കാലോചിതമായി മാറ്റം വരുത്തുന്നതിന് വേണ്ട അനുഭവം അധ്യാപക വിദ്യാർഥികൾക്ക് ലഭ്യമാകണം. അധ്യാപകവിദ്യാർഥിയെ ഒരു സാമൂഹികനിരീക്ഷകനാക്കി അതിലൂടെ മികച്ച ഒരധ്യാപകനായി മാറ്റാൻ അനുയോജ്യമായ പാഠ്യപദ്ധതി രൂപപ്പെടുത്തേണ്ടതായുണ്ട്.

ഇതോടൊപ്പംതന്നെ സാമൂഹ്യശാസ്ത്ര ആശയങ്ങളെ നിലവിലെ വസ്തുനിഷ്ഠസാഹചര്യങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുന്നതിന് അധ്യാപകവിദ്യാർഥികൾക്ക് സാധിക്കണം. സാമൂഹികക്രമത്തിൽ വരുന്ന ദുഷ്പ്രവണതകളെ വിശകലനംചെയ്യുന്നതിനും നിലപാടുകൾ സ്വീകരിക്കുന്നതിനും ഇവർക്ക് അവസരമൊരുക്കണം.

**വിനിമയതന്ത്രം**

ആനുകാലികവിവരങ്ങൾ, സ്റ്റാമ്പുകൾ, ചരിത്രാവശിഷ്ടങ്ങൾ തുടങ്ങി ക്ലാസ്റൂം വിനിമയത്തിന് സഹായകമായ വസ്തുതകൾ ശേഖരിക്കാൻ അവരെ പ്രാപ്തരാക്കേണ്ടതാണ്.

പരിശീലനകേന്ദ്രങ്ങളിൽ സുസജ്ജമായ ലൈബ്രറികൾ അനിവാര്യമാണ്. അധ്യാപക വിദ്യാർഥികൾക്ക് യഥേഷ്ടം റഫറൻസ് നടത്താനുള്ള അടിസ്ഥാനസൗകര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. ആനുകാലിക പ്രസിദ്ധീകരണങ്ങൾ, വിദ്യാഭ്യാസ ജേർണലുകൾ, ഇയർ ബുക്കുകൾ, റിസർച്ച് ജേർണലുകൾ തുടങ്ങിയവയുടെ ശേഖരവും ലൈബ്രറികളിൽ ഉറപ്പു വരുത്തണം.

ഇന്റർനെറ്റ് സംവിധാനത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിന് ഡിജിറ്റൽ ലൈബ്രറി സംവിധാനം ലഭ്യമാക്കുകയും വേണം. സാമൂഹ്യശാസ്ത്ര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് ക്ലാസ്മുറിക്ക് പുറമെ ഓരോ പരിശീലനകേന്ദ്രത്തിലും സാമൂഹ്യശാസ്ത്ര ലബോറട്ടറികൾ സജ്ജമാക്കേണ്ടതുമാണ്. കാലാവസ്ഥ സംബന്ധമായ പ്രാഥമിക ധാരണകൾ അധ്യാപകവിദ്യാർഥികളിൽ രൂപപ്പെടുത്തുന്നതിനായി മഴമാപിനി, കാറ്റിന്റെ ദിശ കാണുന്ന വിന്റ്ഗേജ് തുടങ്ങിയ ഉപകരണങ്ങൾ പരിശീലനകേന്ദ്രത്തിൽ ലഭ്യമാകുന്നത് അഭിലഷണീയമാണ്. സാമൂഹ്യശാസ്ത്ര പരിശീലനത്തിന്റെ ഫലമായി കാർഷികഗവേഷണകേന്ദ്രങ്ങൾ, ചരിത്രമ്യൂസിയങ്ങൾ, ചരിത്രപ്രാധാന്യമുള്ള മറ്റു സ്ഥലങ്ങൾ, മാർക്കറ്റുകൾ, കരകൗശല ഉൽപ്പാദന കേന്ദ്രങ്ങൾ, കൃഷിയിടങ്ങൾ എന്നിവ സന്ദർശിക്കുകയും റിപ്പോർട്ടുകൾ തയാറാക്കുന്നതിന് അവസരമൊരുക്കുകയും വേണം. ദൈനംദിന വാർത്തകൾ ശേഖരിക്കുകയും അവ വിഷയാധിഷ്ഠിതമായി തരംതിരിക്കുകയും വാർത്തകൾ വിശകലനം ചെയ്യുന്നതിനുമുള്ള അവസരം അധ്യാപകവിദ്യാർഥികൾക്ക് ഒരുക്കേണ്ടതാണ്. പരിശീലനകേന്ദ്രത്തിന് സമീപമുള്ള ഒരു സ്ഥലം സന്ദർശിക്കുകയും ആ പ്രദേശത്തെ ഭൂപ്രകൃതിയും ജീവിതസന്ധാരണത്തിനായി ജനങ്ങൾ സ്വീകരിച്ചുവരുന്ന സാമ്പത്തികപ്രവർത്തനങ്ങളും തമ്മിലുള്ള ബന്ധം കണ്ടെത്തി അവതരിപ്പിക്കുന്നതിന് അധ്യാപകവിദ്യാർഥിക്ക് അവസരമൊരുക്കണം (പ്രോജക്ട്).

സാമൂഹ്യശാസ്ത്രവുമായി പ്രത്യക്ഷത്തിൽ ബന്ധമുള്ള ദിനങ്ങൾ സാമൂഹ്യശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ആഘോഷിക്കാനും/ആചരിക്കാനും അവസരമൊരുക്കണം. ഇത്തരം സന്ദർഭങ്ങൾ ഗ്രൂപ്പടിസ്ഥാനത്തിലുള്ള അസൈൻമെന്റുകളായി നൽകാവുന്നതാണ്. സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് അധ്യാപകവിദ്യാർഥികൾ വായിക്കുന്ന പുസ്തകങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ തയാറാക്കുകയും അവ വ്യക്തിഗത ശേഖരണപുസ്തകത്തിൽ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

- ഇതിനായി സാമൂഹ്യശാസ്ത്രലാബ്, മ്യൂസിയം എന്നിവ ആരംഭിക്കണം.
- ജനാധിപത്യമൂല്യങ്ങൾ വളർത്തുന്നതിന് ഉതകുന്നതരത്തിൽ TEI കളിൽ TEI പാർലമെന്റ് ക്ലബ്ബിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. പ്രാദേശിക ചരിത്രരചന, പ്രാദേശിക വിഭവഭൂപടം തയ്യാറാക്കൽ തുടങ്ങിയ സാധ്യതകളും ഉപയോഗപ്പെടുത്തണം.

ഇത്തരം വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലൂടെ മാത്രമേ കാലഘട്ടം ആവശ്യപ്പെടുന്ന സാമൂഹ്യശാസ്ത്ര അധ്യാപകനെ ഉറപ്പാക്കാൻ അധ്യാപകപരിശീലനത്തിലൂടെ സാധ്യമാകൂ.

## 3.6 കലാവിദ്യാഭ്യാസം

**ആമുഖം**

പൊതുജീവിതവും വ്യക്തിജീവിതവും സർഗാത്മകമായി ആവിഷ്കരിക്കുന്നതിനുള്ള ഊർജം വിദ്യാഭ്യാസ പ്രക്രിയയിലൂടെ പഠിതാക്കൾക്ക് ലഭിക്കേണ്ടതുണ്ട്. മാനവികമായ കാഴ്ചപ്പാടിലൂടെ ജീവിതത്തെ സാക്ഷാൽക്കരിക്കാൻ പര്യാപ്തമായ അനുഭവങ്ങൾ വിദ്യാലയ കാലഘട്ടത്തിൽ ഓരോ പഠിതാവിനും ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തണം. പഠിതാവിന്റെ സർഗശേഷികൾ പ്രകടിപ്പിച്ച് മുന്നേറാൻ കഴിയുമ്പോൾമാത്രമേ വിദ്യാഭ്യാസം സർഗാത്മകജീവിതത്തിനുള്ള ഉപാധിയായി മാറുകയുള്ളൂ. ഇതിനുവേണ്ടി പഠിതാവിന് നൽകുന്ന പഠനാനുഭവങ്ങൾ ബുദ്ധിയുടെ സൈദ്ധാന്തിക കാഴ്ചപ്പാടുകൾ പരിഗണിച്ച് ആസൂത്രണം ചെയ്ത് നൽകുന്നതിനുള്ള സർഗശേഷിയാണ് ഭാവി അധ്യാപകനിൽ വികസിപ്പിച്ചെടുക്കേണ്ടത്. കലാവിദ്യാഭ്യാസത്തിലൂടെ കലയുടെ ജീവത്തായ മൂല്യങ്ങൾ സ്വായത്തമാക്കി ക്രിയാത്മക ജീവിതം ഭാവി അധ്യാപകനിലും സാധ്യമാക്കണം.

ശിശുകേന്ദ്രീകൃതമായ പാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിന് ഭാവി അധ്യാപകരെ പ്രാപ്തരാക്കണമെങ്കിൽ ഓരോ കുട്ടിയുടെയും കഴിവുകളും സാധ്യതകളും തിരിച്ചറിഞ്ഞ് സർഗാത്മകശേഷി വികസിപ്പിക്കുന്നതിനുതകുന്ന വിധത്തിൽ പഠനപ്രക്രിയയെ രൂപപ്പെടുത്തേണ്ടതുണ്ട്.

ശിശുകല എന്നത് ഒട്ടേറെ സവിശേഷതകളുള്ള ഒന്നാണ്. കുട്ടിയുടെ ഭാവനയിൽ വസ്തുക്കളുടെ യഥാർഥ ചിത്രങ്ങൾ, ഭാവങ്ങൾ, രൂപങ്ങൾ, ശബ്ദങ്ങൾ തുടങ്ങിയവ അതേപോലെ തെളിയണമെന്നില്ല. ഓരോ കാര്യവും ശിശുവിന്റെ പക്ഷത്തു നിന്ന് നോക്കിക്കാണാൻ ഭാവി അധ്യാപകർക്ക് കഴിയണം. ബാലഭാവനയെ മനസ്സിലാക്കുക എന്നതുകൂടിയാണ് ശിശുകേന്ദ്രീകൃത കലാപഠനത്തിന്റെ കാതൽ.

പഠിതാക്കളുടെ വൈവിധ്യപൂർണമായ കലാപ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ക്ലാസ് അന്തരീക്ഷം സൃഷ്ടിക്കാനും ഇതര വിഷയങ്ങളുടെ പഠനത്തിലും ബോധനത്തിലും കലാപരമായ അംശങ്ങൾ ഉൾക്കൊള്ളിക്കാനും ഭാവി അധ്യാപകർക്ക് പ്രാപ്തി ലഭിക്കണം. വ്യത്യസ്ത വിഷയങ്ങൾ പഠിക്കുമ്പോൾ കലാപരമായ വീക്ഷണത്തിലൂടെ അവയുടെ സർഗാത്മകതലത്തിൽ എത്തിച്ചേരാനും ആശയങ്ങളും സങ്കല്പങ്ങളും കലാപ്രവർത്തനത്തിലൂടെ ആകർഷകമായി അവതരിപ്പിക്കാനും പഠിതാവിന് കഴിയണം. ഇതിനനുയോജ്യമായ പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ ആവിഷ്കരിക്കണമെങ്കിൽ ഭാവി അധ്യാപകർ കലാസംബന്ധമായ ജ്ഞാനം, കലാവിദ്യാഭ്യാസത്തെക്കുറിച്ചുള്ള ധാരണ, കലാസങ്കേതങ്ങൾ പ്രയോഗിക്കാനുള്ള ശേഷി എന്നിവ നേടിയിരിക്കണം.

കലാസംബന്ധമായ വിജ്ഞാനവും നൈപുണികളും താൽപ്പര്യങ്ങളും മൂല്യങ്ങളും ഓരോ പഠിതാവിന്റെയും ആവശ്യങ്ങളും താൽപ്പര്യങ്ങളും കഴിവുകളും പരിമിതികളും കണക്കിലെടുത്തുകൊണ്ടുള്ളതാണ്. ആയതുകൊണ്ട് ഭാവി അധ്യാപകർക്ക് പഠിതാവിന്റെ കലാപരമായ കഴിവുകളുടെ വികാസത്തിനും സമഗ്രവളർച്ചയ്ക്കും സഹായകമാകും വിധം പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയണം. പരിചിതമായ വിവിധ കലാരൂപങ്ങൾ എങ്ങനെ വിഷയപഠനത്തിന് മാധ്യമമായി ഉപയോഗിക്കാമെന്നും അറിവ് നേടേണ്ടതുണ്ട്. അതിനുള്ള മാർഗനിർദേശങ്ങളും പരിശീലനങ്ങളും നൽകി ഭാവി അധ്യാപകരെ രൂപപ്പെടുത്തിയെടുക്കാൻ അധ്യാപക കലാവിദ്യാഭ്യാസത്തിൽ അവസരമൊരുക്കണം.

ഇതിന്റെ ഭാഗമായി കലാവിദ്യാഭ്യാസത്തെ മൂന്നു തലങ്ങളിൽ കാണാവുന്നതാണ്.

1. കലാവിദ്യാഭ്യാസം ഒരു പഠനവിഷയമെന്ന നിലയിൽ തിരിച്ചറിയൽ.
2. കലാവിഷയങ്ങൾ ഒരു പഠനമാധ്യമമെന്ന നിലയിൽ പ്രയോഗധാരണകളും ശേഷികളും വികസിപ്പിക്കൽ.
3. പ്രൈമറി ക്ലാസുകളിലെ പഠിതാക്കളിലേക്ക് കലാപാഠ്യപദ്ധതി വിനിമയം ചെയ്യുന്നതിൽ ധാരണകൾ ലഭിക്കുന്നതിനും ശേഷികൾ വികസിപ്പിക്കുന്നതിനും അവസരം ലഭിക്കൽ.

**ലക്ഷ്യങ്ങൾ**

- അറിവുനിർമാണ പ്രക്രിയയിൽ സ്വന്തം കഴിവും അഭിരുചിയും പ്രയോജനപ്പെടുത്തുന്നതിന് പഠിതാവിനെ പ്രാപ്തനാക്കാനായി കലാവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ.
- ബുദ്ധിയുടെ സൈദ്ധാന്തിക കാഴ്ചപ്പാടുകൾ കലാവിദ്യാഭ്യാസത്തിൽ പ്രയോജനപ്പെടുത്തൽ.
- വിവിധ കലകളെ ആസ്വദിക്കുന്നതിനും കലയിലെ സൗന്ദര്യാത്മകത ഉൾക്കൊള്ളുന്നതിനും.
- കലയുടെ ആസ്വാദ്യത ഉൾക്കൊണ്ട് സാമൂഹികജീവിതത്തിൽ മാനവികമായ കാഴ്ചപ്പാടുകൾ രൂപീകരിക്കൽ.
- സാംസ്കാരികവൈവിധ്യം തിരിച്ചറിഞ്ഞ് സാംസ്കാരികാവബോധം വളർത്തൽ.
- കലയുടെ ഊർജം ഉൾക്കൊണ്ട് നവീനങ്ങളായ ചിന്തകളിലൂടെ സന്തുലിതമായ സാമൂഹികപ്രവർത്തനങ്ങളിൽ പങ്കാളിയാകൽ.
- കലയെ സ്വതന്ത്രമായും ഉദ്ഗ്രഥിച്ചുകൊണ്ടുമുള്ള രീതിശാസ്ത്രം.
- പഠിതാക്കളുടെ ആസ്വാദനനിലവാരം ഉയർത്തി നൈപുണി വികസിപ്പിക്കുന്നതിന് വിദ്യാലയ പ്രയോഗപരിപാടികളിൽ പങ്കാളിയാകൽ.
- ഭിന്നനിലവാരക്കാരായ പഠിതാക്കളെ ഒരുപോലെ പഠനപ്രവർത്തനങ്ങളിൽ തൽപ്പരരാക്കുന്നതിൽ കലയുടെ സാധ്യത പ്രയോജനപ്പെടുത്തൽ.
- വിവിധ കലകളോട് ആഭിമുഖ്യം വളർത്തൽ.
- കലകളുടെ സാങ്കേതികാംശങ്ങൾ തിരിച്ചറിയൽ, നൈപുണിവികസിപ്പിക്കൽ, പ്രയോഗിക്കൽ.
- കലാകാരന്മാരുടെ സംഭാവനകൾ തിരിച്ചറിഞ്ഞ് അവരെ ആദരിക്കലും ബഹുമാനിക്കലും.
- കലാപഠനത്തിനുള്ള ഭൗതികസാഹചര്യമൊരുക്കുന്നതിൽ ഇടപെടൽ-ടാലന്റ് ലാബ്, ഐ.സി.ടി. സാധ്യതകൾ വികസിപ്പിക്കൽ.
- ഭാവി അധ്യാപകരുടെ കലാഭിരുചികൾ കണ്ടെത്താനും വികസിപ്പിക്കാനും അവസരമൊരുക്കൽ.
- ഭാവി അധ്യാപകർ അവർ ഇടപെടുന്ന എല്ലാ സാഹചര്യങ്ങളിലും കലാപരമായും സൗന്ദര്യപരമായും ക്രമീകരിക്കുന്നതിനുള്ള മനോഭാവം വളർത്തൽ.
- അധ്യാപകനൈപുണിയുമായി ബന്ധപ്പെട്ട കലാനൈപുണികൾ വികസിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ. ഉദാ : ആകർഷണീയമായ ചാർട്ടുകൾ, പഠനോപകരണങ്ങൾ തയാറാക്കൽ.

**ഉള്ളടക്കം**

- കലാവിദ്യാഭ്യാസം കെ.സി.എഫ്., എൻ.സി.എഫ്. കാഴ്ചപ്പാടുകൾ
- ബുദ്ധിയുടെ കാഴ്ചപ്പാടും കലാവിദ്യാഭ്യാസവും
- കലാപഠനത്തിന്റെ ലക്ഷ്യവും പ്രസക്തിയും
- നാടകം, സർഗാത്മക നാടകം, പാവനാടകം സിനിമ
- ചിത്രകല, ശില്പകല
- സംഗീതകല
- നൃത്തകല
- പ്രാദേശിക കലാരൂപങ്ങൾ
- വിദ്യാലയ കലാപാഠ്യപദ്ധതി
- കലയുടെ ബോധനശാസ്ത്രം
- പാഠ്യപദ്ധതി വിനിമയം
- കലാപഠനവും വിലയിരുത്തലും

**വിനിമയതന്ത്രങ്ങൾ**

- ചർച്ചകൾ, സെമിനാറുകൾ, കോൺഫറൻസുകൾ
- പ്രോജക്ടുകൾ, ശേഖരണം, ഡോക്യുമെന്റേഷൻ

- റഫറൻസ് കുറിപ്പുകൾ തയാറാക്കൽ
- നിരീക്ഷണം
- അഭിമുഖം
- അവതരണം
- പഠനയാത്രകൾ, ഫീൽഡ്ട്രിപ്പുകൾ
- പ്രദർശനങ്ങൾ, ഗാലറികൾ
- വർക്ക്ഷോപ്പുകൾ, ശില്പശാലകൾ, ക്യാമ്പുകൾ
- വിദ്യാലയനുഭവപരിപാടികൾ, പ്രായോഗികത
- ദിനാചരണങ്ങൾ, ആഘോഷങ്ങൾ
- സിമുലേഷൻ
- ഐ.സി.ടി. അധിഷ്ഠിത കലാവിനിമയം
- കലാസംഘം രൂപീകരിക്കൽ
- കലാസംഘടനകൾ, അക്കാദമികൾ എന്നിവയെ പ്രയോജനപ്പെടുത്തൽ

**വിനിമയപ്രക്രിയകൾ**

- വർക്ക്ഷോപ്പുകൾ, ശില്പശാലകൾ, ക്യാമ്പുകൾ എന്നിവയിലൂടെ പ്രായോഗിക പരിശീലനം, ഉള്ളടക്കവിനിമയം
- വിവിധ കലാരൂപങ്ങൾ നിരീക്ഷിക്കൽ
- കലാരംഗത്തെ വിദഗ്ധരുമായി അനുഭവം പങ്കിടൽ, പ്രായോഗികാനുഭവങ്ങളും പരിശീലനങ്ങളും ലഭ്യമാക്കൽ
- കലാകാരന്മാരുമായി അഭിമുഖം നടത്തുന്നതിന് തയാറെടുക്കൽ, അഭിമുഖം നടത്തൽ
- സ്ഥാപനത്തിൽ കലാപഠനത്തിനുള്ള റഫറൻസ് സൗകര്യം ഏർപ്പെടുത്തൽ, ഡിജിറ്റൽ ലൈബ്രറി പ്രയോജനപ്പെടുത്തൽ
- സ്ഥാപനത്തിൽ ആർട്ട് ഗാലറികൾ, തിയേറ്റർ, സംഗീത ഉപകരണങ്ങൾ, പരിശീലനസൗകര്യങ്ങൾ, റിക്കാർഡിങ് സൗകര്യങ്ങൾ
- ഉള്ളടക്കമേഖലകൾ പ്രോജക്ടുകളായി പൂർത്തീകരിക്കൽ, ശേഖരണം, ഡോക്യുമെന്റേഷൻ
- വിവിധ കലാസംഘങ്ങൾ രൂപീകരിക്കൽ, നാടകവേദി, ഗായകസംഘം, ചിത്രസംഘം തുടങ്ങിയവയുടെ പ്രകടനം, സാമൂഹികപ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി പൊതു ഇടങ്ങളിലെ അവതരണങ്ങൾ.
- ദിനാചരണങ്ങൾ, ആഘോഷങ്ങൾ എന്നീ അവസരങ്ങൾ ഉള്ളടക്കവിനിമയത്തിന് പ്രയോജനപ്പെടുത്തൽ.
- ഫീൽഡ് ട്രിപ്പുകളുടെ ഭാഗമായി അന്വേഷണാത്മക പഠനത്തിലൂടെ കലാരൂപങ്ങൾ നിരീക്ഷിക്കുന്നതിനുള്ള അവസരം ഒരുക്കൽ.

**മൂല്യനിർണയം**

ഭാവി അധ്യാപകരുടെ കലാപരമായ വളർച്ചയും വികാസവും പ്രതിഫലിപ്പിക്കാൻ പര്യാപ്തമായ വിലയിരുത്തൽ തന്ത്രങ്ങൾ ആവിഷ്കരിക്കൽ.

1. ക്ലാസ്റൂം പ്രക്രിയയുടെ ഭാഗമായി നിരന്തര വിലയിരുത്തൽ. ഇതിൽ അറിവും പ്രായോഗികശേഷിയും വിലയിരുത്തണം. സെമസ്റ്ററിൽ വിലയിരുത്തൽ ക്രോഡീകരണം.
2. TE മൂന്നാമത്തെ സെമസ്റ്ററിൽ എഴുത്തു പരീക്ഷ
3. പ്രായോഗികപരീക്ഷ-പ്രകടനം, വിലയിരുത്തൽ

**നിലപാടുകൾ**

കലാവിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് മതിയായ സമയം ലഭിക്കേണ്ടതുണ്ട്. അതിനുവേണ്ടി ഒന്നാം സെമസ്റ്ററിൽ തന്നെ കലാവിദ്യാഭ്യാസം തുടങ്ങാൻ കഴിയണം.

## 3.7 ആരോഗ്യ - കായിക വിദ്യാഭ്യാസം

### ആമുഖം

"ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവുമായ ഒരു സുസ്ഥിരതയാണ് ആരോഗ്യം; അല്ലാതെ വെറും രോഗമില്ലാത്ത അവസ്ഥ എന്നതുമാത്രമല്ല." ലോകാരോഗ്യ സംഘടനയുടെ ആരോഗ്യത്തിന്റെ നിർവചനമാണിത്. ആരോഗ്യശീലങ്ങളിലൂടെയും കായികപ്രവർത്തനങ്ങളിലൂടെയും ആർജിക്കുന്ന സവിശേഷഗുണങ്ങളെക്കുറിച്ചുള്ള പഠനമാണ് ആരോഗ്യ-കായിക വിദ്യാഭ്യാസം. പ്രാഥമിക വിദ്യാഭ്യാസ ഘട്ടമാണ് കുട്ടിയുടെ വളർച്ചയുടെയും വികാസത്തിന്റെയും നിർണായകഘട്ടമായി വിലയിരുത്തപ്പെട്ടിട്ടുള്ളത്. ഈ കാലഘട്ടത്തിൽ നല്ല ആരോഗ്യശീലങ്ങൾ പരിശീലിക്കുന്നതിനും കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള അവസരങ്ങൾ കുട്ടികൾക്ക് നൽകണം. സമഗ്രമായ ആരോഗ്യ-കായിക സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുന്നതിനും ഇത് സഹായകമാകുന്നു. സ്കൂൾ അന്തരീക്ഷത്തിലാണ് ആരോഗ്യ-കായികപഠനത്തിന്റെ ശാസ്ത്രീയവും പ്രായോഗികവുമായ ധാരണ കുട്ടികളിൽ ഉണ്ടാക്കിയെടുക്കേണ്ടത്. സജീവമായ ഒരു ജീവിതശൈലി വളർത്തിയെടുക്കാനും അത്തരമൊരു ജീവിതശൈലിയിലേക്ക് വിദ്യാർഥികളെ നയിക്കാനും അധ്യാപകവിദ്യാർഥികൾക്ക് കഴിയണം. നിലവിൽ ആരോഗ്യ-കായികവിദ്യാഭ്യാസം വൈജ്ഞാനിക മേഖലയായിട്ടാണ് സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വിദ്യാഭ്യാസത്തിൽ ആരോഗ്യ-കായികപഠനം ചെലുത്തുന്ന ശക്തമായ സ്വാധീനത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഒരു പഠനവിഷയമെന്നതിലുപരി ശരിയായ ഒരു കായിക-ആരോഗ്യ അവബോധം സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കുന്നു. മുഴുവൻ കുട്ടികൾക്കും ആരോഗ്യ-കായിക പ്രവർത്തനങ്ങൾ ലഭ്യമാവുന്നതിനോടൊപ്പം വ്യത്യസ്ത നിലവാരക്കാരെ കണ്ടെത്തി മികവിലേക്ക് നയിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നതിനും അധ്യാപകവിദ്യാർഥികളെ പ്രാപ്തരാക്കേണ്ടതുണ്ട്. ആരോഗ്യ-കായികവിദ്യാഭ്യാസ വിനിമയം സ്വതന്ത്രമായും ഇതര വിഷയങ്ങളുമായി സമന്വയിപ്പിച്ചുകൊണ്ടുമാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത്.

### ലക്ഷ്യങ്ങൾ

കുട്ടികളുടെ സമഗ്രമായ വികാസത്തോടൊപ്പം സജീവമായ ഒരു ജീവിതശൈലിയിലേക്ക് അവരെ നയിക്കാനും ആരോഗ്യ-കായികവിദ്യാഭ്യാസം ലക്ഷ്യമിടുന്നു. സാമൂഹിക-സാംസ്കാരിക തലങ്ങളിൽ നിന്നുകൊണ്ട് ആരോഗ്യ-കായിക പ്രശ്നങ്ങളെ തിരിച്ചറിയാനും വിമർശനാത്മകമായി വിലയിരുത്തി പരിഹാരം കാണുന്നതിനും ആരോഗ്യ-കായിക പഠനം വിദ്യാർഥികളെ പ്രാപ്തരാക്കുന്നു. ശാരീരികവും മാനസികവുമായ വികാസത്തോടൊപ്പം സാമൂഹികമായ സഹകരണവും ആരോഗ്യ-കായികവിദ്യാഭ്യാസത്തിലൂടെ കുട്ടികൾ ആർജിക്കുന്നു. ആരോഗ്യസംബന്ധമായ അറിവുകൾ, ശീലങ്ങൾ, മനോഭാവങ്ങൾ എന്നിവ ആർജിക്കുന്നതിലൂടെ വ്യക്തികൾക്കും സമൂഹത്തിനും സമ്പൂർണ ആരോഗ്യം കൈവരിക്കാൻ സാധിക്കുന്നു. ശാരീരിക ചലന നൈപുണികളെക്കുറിച്ചുള്ള അറിവ് അധ്യാപകവിദ്യാർഥികളിൽ ഉണ്ടാക്കിയെടുക്കുന്നതിനും പ്രസ്തുത അറിവ് ഉപയോഗപ്പെടുത്തി ശാരീരിക-മാനസിക-സാമൂഹിക-വൈകാരികശേഷികൾ വികസിപ്പിക്കുന്നതിനും ആരോഗ്യ-കായികവിദ്യാഭ്യാസത്തിലൂടെ സാധിക്കുന്നു. ആരോഗ്യസംബന്ധമായ കായികക്ഷമതയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനോടൊപ്പം പ്രകടന സംബന്ധമായ കായികക്ഷമതയുടെ അടിസ്ഥാനഘടകങ്ങളും അധ്യാപകവിദ്യാർഥികളെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. ജീവിതശൈലീരോഗങ്ങളായ പ്രമേഹം, ഹൃദ്രോഗം, പൊണ്ണത്തടി തുടങ്ങിയ തടയുന്നതിനുള്ള ആഹാര-ആരോഗ്യശീലങ്ങളും വ്യായാമങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അധ്യാപക വിദ്യാർഥികൾക്ക് പ്രായോഗിക പരിശീലനം നൽകേണ്ടതുണ്ട്. പ്രൈമറി തലത്തിൽ കുട്ടികളുടെ സൂക്ഷ്മ-സ്ഥൂലപേശീവികസനത്തിനുതകുന്ന പ്രായോഗിക പരിശീലനമുറകളും സാമൂഹിക സഹകരണങ്ങൾ വളർത്തിയെടുക്കുന്നതിനുള്ള ടീം ഗെയിമുകളും അധ്യാപകവിദ്യാർഥികൾ പരിചയപ്പെടേണ്ടതുണ്ട്. ഇത്തരം പരിശീലനങ്ങൾ ജയപരാജയങ്ങൾ ഉൾക്കൊള്ളുന്നതിനും മാനസിക പിരിമുറുക്കങ്ങൾ ലഘൂകരിക്കുന്നതിനും പ്രശ്നപരിഹരണത്തിനും കുട്ടികളെ പ്രാപ്തരാക്കുന്നു.

### ഉദ്ദേശ്യങ്ങൾ

1. ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിന്

2. ആരോഗ്യ-കായിക വിദ്യാഭ്യാസ സമീപനം മനസ്സിലാക്കുന്നതിന്
3. കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സില.ക്കുന്നതിനും അനുയോജ്യമായ പഠനതന്ത്രങ്ങൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും
4. സമീകൃത ആഹാരം, പോഷകഹാരം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന്.
5. ആഹാരശീലങ്ങൾ, ജീവിതശൈലീ രോഗങ്ങൾ എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന്.
6. വിവിധ പകർച്ച വ്യാധികൾ അവയുടെ പ്രതിരോധ മാർഗങ്ങൾ എന്നിവ അറിയുന്നതിന്.
7. കായികക്ഷമത കൈവരിക്കുന്നതിനും നിലനിർത്തുന്നതിനുമായ ലഘു വ്യായാമമുറകൾ പരിചയപ്പെടുന്നതിനും പരിശീലിക്കുന്നതിനും
8. അടിസ്ഥാന കമാന്റുകൾ (fundamental commands) രീതിശാസ്ത്രം മനസ്സിലാക്കുന്നതിനും പ്രായോഗിക്കുന്നുന്നതിനും.
9. സ്കൂൾ അസംബ്ലിയുടെ ഘടന മനസ്സിലാക്കുന്നതിനും അത് സംഘടിപ്പിക്കുന്നതിനുള്ള വൈദഗ്ധ്യം നേടുന്നതിനും.
10. നാടൻ കളികൾ കണ്ടെത്തുന്നതിനും പരിശീലിക്കുന്നതിനും ഗുണഫലങ്ങൾ മനസ്സിലാക്കുന്നതിനും
11. എയ്റോബിക്സ് എക്സർസൈസുകളെക്കുറിച്ച് പഠിക്കുന്നതിനും ക്ലാസ് മുറികളിൽ വിനിമയം ചെയ്യുന്നതിനുമുള്ള പ്രാവീണ്യം നേടുന്നതിന്
12. വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന്
13. ആരോഗ്യ വിദ്യാഭ്യാസ പഠനനേട്ടങ്ങൾ (Std. I to VIII) പരിചയപ്പെടുത്തുന്നതിനും വിനിമയം ചെയ്യുന്നതിനുമുള്ള പ്രാവീണ്യം നേടുന്നതിന്.
14. പ്രഥമശുശ്രൂഷ സുരക്ഷാവിദ്യാഭ്യാസം എന്നിവയിൽ പ്രായോഗിക പരിശീലനം നേടുന്നതിന്.
15. ലഘുവായ യോഗാസനമുറകൾ പരിചയപ്പെടുന്നതിനും പ്രായോഗിക തലത്തിലെത്തിക്കുന്നതിനും
16. അത്ലറ്റിക്സിലെ അടിസ്ഥാന വസ്തുതകൾ മനസ്സിലാക്കുന്നതിനും പരിശീലിക്കുന്നതിനും.
17. കുട്ടികളുടെ മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്ന സമീപന തന്ത്രങ്ങൾ പരിചയപ്പെടുന്നതിന്
18. വിവിധ തരം സംഘാടനങ്ങളെക്കുറിച്ച് (Intramural and extramural) പ്രായോഗിക പരിശീലനം നേടുന്നതിന്.

**ഉള്ളടക്കം**

ആരോഗ്യ-കായികവിദ്യാഭ്യാസം സ്വതന്ത്രമായ ഒരു വിഷയം എന്നനിലയിലും മറ്റു വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചുകൊണ്ടുമാണ് പാഠ്യപദ്ധതിയിൽ വിന്യസിച്ചിട്ടുള്ളത്. ആരോഗ്യ-കായിക പഠനത്തിന്റെ അന്തസത്ത സമഗ്രമായി ഉൾക്കൊള്ളുന്നതിലൂടെ അധ്യാപകവിദ്യാർഥികൾക്ക് നേതൃത്വപാടവവും നിർവഹണശേഷിയും കൈവരിക്കാനും കഴിയുന്നു. അതുപോലെ ശാരീരിക ചലന ശേഷികളെക്കുറിച്ചുള്ള അറിവും കുട്ടികളുടെ വർധിത ഊർജത്തെ (Surplus Energy) അനുകൂലദിശയിലേക്ക് തിരിച്ചുവിടാനുള്ള കഴിവും ആർജിക്കുന്നു.

കുട്ടികളിൽ അഭിപ്രേരണ സൃഷ്ടിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങളും ഉള്ളടക്കത്തിൽ വിന്യസിച്ചിട്ടുണ്ട്. ആത്യന്തികമായി വിദ്യാർഥികളിൽ നൈതികബോധവും നിയമങ്ങൾ പാലിക്കുന്നതിനുള്ള മനോഭാവവും വളർത്തിക്കൊണ്ടുവരാൻ അവസരം ഒരുക്കുന്നതരത്തിലാണ് പാഠ്യപദ്ധതി ക്രമീകരിച്ചിട്ടുള്ളത്.

ഉള്ളടക്കത്തിൽ ആരോഗ്യം, ആഹാരശീലങ്ങൾ, ജീവിതശൈലീരോഗങ്ങൾ, പ്രഥമശുശ്രൂഷ, കായികക്ഷമത, ഗെയിംസ്, എയ്റോബിക്സ്, യോഗാസനങ്ങൾ, അത്ലറ്റിക്സ് തുടങ്ങിയ മേഖലകൾ ഉൾപ്പെടുത്തണം. ജീവിത നൈപുണികൾ, നൈതികവിദ്യാഭ്യാസം എന്നിവയും ഉള്ളടക്ക മേഖലകളായി പരിഗണിക്കണം. അതോടൊപ്പം അസംബ്ലി, സ്കൂൾമേളകൾ എന്നിവയുടെ സംഘാടനവും നിർവ്വഹണവും ഉള്ളടക്കത്തിൽ ഉൾപ്പെടുത്തണം.

വിനിമ പ്രക്രിയ, മൂല്യനിർണയ സമീപനം എന്നിവ ആരോഗ്യകായികവിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തണം.

## 3.8 പ്രവൃത്തിപഠനം

**ആമുഖം**

നാലുകാലുകളിൽ നടന്നിരുന്ന ആദിമമനുഷ്യൻ രണ്ടു കാലുകളിൽ ഉയർന്നുനിൽക്കുകയും കൈകൾക്ക് സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്താണല്ലോ മാനവപുരോഗതിയുടെ നിർണായകമായ വഴിത്തിരിവായി കണക്കാക്കപ്പെടുന്നത്. വസ്തുക്കൾ തൊട്ടും രൂപപ്പെടുത്തിയും സവിശേഷതകൾ തിരിച്ചറിഞ്ഞും പുത്തൻ നിർമിതികളിലൂടെ ലോകത്തെ മാറ്റിമറിച്ചതിൽ കൂട്ടായ ചിന്തകളുടെയും ഒത്തുചേർന്ന കൈകളുടെയും പങ്ക് ചരിത്രം നമ്മെ ഓർമിപ്പിക്കുന്നു. ചുറ്റുമുള്ള വസ്തുക്കളെ താരതമ്യം ചെയ്തും പല അളവുകളിൽ വ്യത്യസ്ത സാഹചര്യങ്ങളിൽ പ്രയോഗിച്ചും അതിജീവനത്തിന്റെയും പുത്തൻ കണ്ടെത്തലുകളുടെയും ലോകത്തേക്ക് എത്തുന്നതിനിടയിൽ ആയുധങ്ങളും കാർഷിക ഉപകരണങ്ങളും തുടങ്ങി ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പലതരം ഉപാധികളും മനുഷ്യന് ലഭ്യമായി. നേടിയ അറിവുകൾ പുതിയ കണ്ടെത്തലുകൾക്കുള്ള അടിത്തറയാണെന്നും അവ തലമുറയ്ക്ക് കൈമാറേണ്ട സാംസ്കാരിക ഉപകരണങ്ങളാണെന്നും (cultural tools) ഉള്ള തിരിച്ചറിവും പ്രവൃത്തിപഠന വിദ്യാഭ്യാസത്തിന്റെ ആവശ്യകതയിലേക്ക് നയിച്ചു.

വിദ്യാഭ്യാസത്തെ ജീവിതവുമായി ബന്ധിപ്പിക്കുക എന്ന ആശയമാണ് പ്രവൃത്തിപഠനത്തിനു പിന്നിലുള്ളത്. ആ ലക്ഷ്യം നേടിയെടുക്കുന്നതിന് പുസ്തകങ്ങളിൽ നിന്നുമാത്രം ലഭിക്കുന്ന പരിജ്ഞാനം അപര്യാപ്തമാണ് എന്നതിന് തർക്കമില്ല. ചുറ്റുപാടുകളെക്കുറിച്ചു മനസ്സിലാക്കുകയും അവിടെ നടക്കുന്ന പ്രവർത്തനങ്ങൾ സ്വന്തം ജീവിതത്തോടു എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു എന്നു നാം പരിചയിച്ചിരിക്കേണ്ടതുണ്ട്.

നിലവിൽ കേരളത്തിലെ സ്കൂൾ പാഠ്യപദ്ധതിയിൽ പ്രവൃത്തിപഠനത്തെ കോർവിഷയം എന്ന നിലയിലാണ് ചേർത്തിട്ടുള്ളത്. മാതൃകാപരമായ തൊഴിൽസംസ്കാരം ഉൾപ്പെടുത്തുക എന്നതാണ് പ്രവൃത്തിപഠനത്തിന്റെ പ്രധാന ലക്ഷ്യം. മാത്രമല്ല, അധ്യാപനം എന്ന തൊഴിൽമേഖലയിൽ അനുദിനം വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ വിവേചിച്ചറിയാൻ അധ്യാപകവിദ്യാർഥിക്ക് എല്ലാ വിധത്തിലും ഉള്ള അനുഭവങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം പ്രവൃത്തിപഠന പാഠ്യപദ്ധതി. (പേജ് നമ്പർ. 2 - ൽ അടയാളപ്പെടുത്തിയ ഭാഗത്ത് ചേർക്കണം)

ഇവിടെ വിദ്യാഭ്യാസം മനുഷ്യന്റെ പുരോഗതിക്ക് വഴിതെളിക്കണം. അത് ജീവിതാഭിമുഖ്യമുള്ളതും ഉൽപ്പാദനക്ഷമവുമായിരിക്കണം പ്രവൃത്തിപഠനം എന്ന ആശയത്തിന്റെ പൊരുൾ ഇതാണ്. പ്രവൃത്തിപഠനം ഉളവാക്കുന്നത് ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യകളുടെയും പ്രയോഗവൽക്കരണത്തിന്റെയും കൃഷിയുടെയും വ്യവസായത്തിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട പ്രക്രിയയെയുമാണ്.

വിദ്യാഭ്യാസത്തിന്റെ കേവലമായ ഔപചാരികത ഒഴിവാക്കാൻ പഠനവും പ്രവൃത്തിയും തമ്മിലുള്ള ബന്ധപ്പെടൽ സഹായിക്കും. പാഠ്യപദ്ധതി അത്തരത്തിൽ ക്രമീകരിക്കേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസം ചെയ്യുന്നവന് പ്രവൃത്തിപഠനം ആവശ്യമാണ് എന്നതുപോലെത്തന്നെ തൊഴിൽ ചെയ്യുന്നവന് വിദ്യാഭ്യാസവും അനിവാര്യമാണ്. കാരണം, അറിവ് ക്ലേശങ്ങൾ ലഘൂകരിക്കുകയും ജീവിതം സന്തോഷപ്രദാമാക്കിത്തീർക്കുകയും ചെയ്യും.

**ലക്ഷ്യങ്ങൾ**

- ഓരോ പ്രവൃത്തിപഠന ക്ലാസിന്റെയും അടിത്തറ മാനവശേഷി വികസനമായിരിക്കണം. എല്ലാ വിഭാഗത്തിലുള്ള ജനങ്ങളുടെ കഴിവുകൾ രാഷ്ട്രനിർമാണത്തിന് ഉപയോഗപ്പെടുത്താവുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് മാനവശേഷിവികസനം കൊണ്ട് ഉദ്ദേശിക്കുന്നത്.
- ക്ലാസിലെ കുട്ടികൾ വിവിധ തലങ്ങളിൽ നിന്നു വരുന്നവരും വൈവിധ്യമാർന്ന ശേഷികളുടെ സംഘങ്ങളുമാണെന്ന വസ്തുത ഉൾക്കൊണ്ടുവേണം പ്രവൃത്തിപഠന പ്രവർത്തനങ്ങൾ നടത്തേണ്ടത്. വിവിധ നിലവാരക്കാരായ കുട്ടികളുടെ കഴിവുകൾ കണ്ടെത്തുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അവരെ സാമൂഹികജീവിതത്തിന് യോഗ്യരാക്കുകയാണ് പ്രവൃത്തിപഠനത്തിന്റെ ആത്യന്തികലക്ഷ്യം.
- സ്വാശ്രയത്വം, മറ്റുള്ളവരെ സഹായിക്കാനുള്ള സന്നദ്ധത, സഹകരണം, സംഘപ്രവർത്തനം, സഹിഷ്ണുത തുടങ്ങിയ സാമൂഹികമൂല്യങ്ങൾ വികസിപ്പിക്കുക.

**ഉദ്ദേശ്യങ്ങൾ**

- വ്യത്യസ്ത തൊഴിലുകളിൽ ഉൾച്ചേർന്നിരിക്കുന്ന ശാസ്ത്രവസ്തുതകൾ, ആശയങ്ങൾ, തത്ത്വങ്ങൾ എന്നിവ മനസ്സിലാക്കുന്നതിന്.
- വിവിധ അസംസ്കൃതവസ്തുക്കളെക്കുറിച്ച് അറിയുന്നതിനും അവയുടെ പ്രഭവസ്ഥാനം, ഉൽപ്പാദനരീതി തുടങ്ങിയവ മനസ്സിലാക്കുന്നതിനും.
- തൊഴിൽ, വീക്ഷണം, തൊഴിലുപകരണങ്ങൾ കൈകാര്യം ചെയ്യൽ, പ്രായോഗിക പ്രവർത്തനം എന്നിവയിലൂടെയുള്ള നൈപുണീവികസനം.
- ശാരീരികാധ്വാനത്തോട് ആഭിമുഖ്യം ഉണ്ടാക്കുന്നതിന്, അധ്വാനിക്കുന്നവരോടുള്ള സന്മനോഭാവം പുലർത്തുന്നതിന്.
- സാമൂഹികപ്രശ്നങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിന്.
- വിവിധ മേഖലകളിൽ ഗവേഷണ ഉപാധികൾ തയാറാക്കുന്നതിനും മനോഭാവം വളർത്തുന്നതിനും.

**പാഠ്യപദ്ധതി**

- പ്രവൃത്തിപഠന പാഠ്യപദ്ധതി ഉള്ളടക്കം കുട്ടികളുടെ സമഗ്രവികാസത്തിന് പര്യാപ്തമായിരിക്കണം.
- വിവിധ വിഷയങ്ങൾ പ്രവൃത്തിപഠനങ്ങളുമായി ഉദ്ഗ്രഥന സ്വഭാവമുള്ളതായിരിക്കണം.
- കുട്ടികളുടെ പഠനപുരോഗതിയെ സഹായിക്കുന്ന വിധത്തിൽ ഉള്ളടക്കം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള ഭൗതികസാഹചര്യം, വിഭവലഭ്യത, റഫറൻസ് സാമഗ്രികൾ എന്നിവ ലഭ്യമാക്കണം.
- ഐ.സി.ടി. അധിഷ്ഠിത പഠനസാധ്യതകൾ പ്രയോജനപ്പെടുത്തണം.
- ഉള്ളടക്കവിവരങ്ങളുടെ പ്രായോഗികാനുഭവങ്ങൾ ലഭ്യമാകും വിധം പ്രവർത്തനങ്ങൾ സജ്ജീകരിക്കണം.
- പ്രവൃത്തിപഠന പ്രവർത്തനങ്ങൾ മൂല്യനിർണയ മാനദണ്ഡങ്ങൾക്ക് വിധേയമായിരിക്കണം.

**തന്ത്രങ്ങൾ**

- പ്രവൃത്തിപഠനപ്രവർത്തനങ്ങളുടെ മൂല്യങ്ങൾ, സാമഗ്രികൾ, വിവിധ വിഭവങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിന് ഓരോ സ്ഥാപനത്തിലും പ്രവൃത്തിപഠനമ്യൂസിയം സജ്ജമാക്കണം.
- എല്ലാ സ്ഥാപനങ്ങളിലും ഒരു തൊഴിൽ യൂണിറ്റ് തുടങ്ങണം. സമൂഹവുമായി ബന്ധിപ്പിക്കണം. വിഭവ സമാഹരണം പ്രായോഗികമാക്കണം. പരിശീലനം, നിർമാണം, വിപണനം തുടങ്ങിയവയെല്ലാം തന്നെ ഈ യൂണിറ്റിലൂടെ നടക്കണം.
- പ്രവൃത്തിപഠന മേഖലയിലെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹരിക്കുന്നതിനായി ടീച്ചർ എജ്യുക്കേറ്റർമാർക്ക് വിവിധ ഗവേഷണരീതികൾ, ഉപാധികൾ, തന്ത്രങ്ങൾ തുടങ്ങിയവ പരിചയപ്പെടുത്തണം.

**മൂല്യനിർണയ സമീപനം**

മൂല്യനിർണയം ഒരു അനുസ്യൂതപ്രക്രിയ ആവണം. കുട്ടികളുടെ അനുദിനമുള്ള നേട്ടങ്ങൾ വിലയിരുത്തപ്പെടണം. അതിനനുസരിച്ച് അവരുടെ കായികവും മാനസികവുമായ കഴിവുകൾ തിരിച്ചുവിടാനും കഴിയണം.

കുട്ടികളുടെ പ്രവൃത്തിപഠനം വിലയിരുത്തുമ്പോൾ അവരുണ്ടാക്കിയ ഉൽപ്പന്നത്തിന്റെ സാമൂഹികപ്രയോജനവും ഗുണനിലവാരവും കണക്കിലെടുക്കണം. ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളെക്കുറിച്ചുള്ള അറിവ് വിദ്യാർഥികൾക്കുണ്ടോ എന്നറിയണം. ജോലിയുടെ ഭാരവും വിദ്യാർഥികളുടെ പങ്കാളിത്തവും നൈപുണികളും പ്രകടനവും രൂപഭദ്രതയും കണക്കിലെടുക്കേണ്ട മറ്റു അനുബന്ധങ്ങളാണ്. പ്രവൃത്തിപഠനത്തെ സംബന്ധിച്ചിടത്തോളം വിലയിരുത്തലിന്റെ വ്യാപ്തി എഴുത്തിനും വാചാപരീക്ഷയ്ക്കും പുറമേ പ്രവൃത്തി പരിശോധനയിലേക്കും ഉൽപ്പന്നത്തിന്റെ മൂല്യനിർണയത്തിലേക്കും വ്യാപിപ്പിക്കാം. ഇവയുടെയെല്ലാം ആകത്തുകയായാണ് ഒരു വ്യക്തിയുടെ നേട്ടങ്ങൾ കണക്കാക്കേണ്ടത്.

## 3.9 വിദ്യാലയ അനുഭവപരിപാടി

***ആമുഖം***

ഡി.എൽ.എഡ്. അധ്യാപകവിദ്യാഭ്യാസ പരിപാടിയിലെ ക്യാമ്പ് പ്രവർത്തനമാണ് 'വിദ്യാലയ അനുഭവപരിപാടി.' വിദ്യാഭ്യാസത്തിന്റെ സൈദ്ധാന്തികവും ദാർശനികവുമായ അടിത്തറ, പഠനതന്ത്രങ്ങൾ, വിനിമയതന്ത്രങ്ങൾ, ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിലെ വിഷയപരമായ ഉള്ളടക്കം എന്നിവ സംബന്ധിച്ച് അധ്യാപകവിദ്യാർഥി ആർജിച്ച ധാരണകളും നൈപുണികളും പ്രയോഗിച്ച് വ്യക്തത വരുത്താനുള്ള സന്ദർഭമാണിത്. ആർജിച്ച സൈദ്ധാന്തികധാരണകളെ കുട്ടികളുടെ യഥാർഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രയോജനപ്പെടുത്താൻ ഭാവി അധ്യാപകർക്ക് കഴിയണം.

- ഐ.ടി.ഇ.യ്ക്കു സമീപമുള്ള 10 വിദ്യാലയങ്ങൾ വിദ്യാലയ അനുഭവപരിപാടിക്കായി കണ്ടെത്തണം. ഇതിനായി വിദ്യാഭ്യാസ ഓഫീസർമാർ ആവശ്യമായ നടപടികൾ സ്വീകരിക്കണം.
- വിദ്യാലയ അനുഭവപരിപാടിയുടെ നടത്തിപ്പിന് ഒരു സമിതി വിദ്യാലയതലത്തിൽ (ഡയറ്റ്, ഐ.ടി. ഇ.) രൂപപ്പെടുത്തണം.
- വിദ്യാലയനിരീക്ഷണം, ക്ലാസ്നിരീക്ഷണം, അധ്യാപനപരിശീലനം, ക്രിയാഗവേഷണം,, സഹവാസക്യാമ്പുകൾ, സർവേ, കേസ്സ്റ്റഡി എന്നിവ ഫലപ്രദമായി നിർവഹിക്കാനുള്ള അവസരമൊരുക്കണം.
- സ്കൂൾ അനുഭവപരിപാടിയുടെ സൂക്ഷ്മാസൂത്രണം (കേസ് സ്റ്റഡി, സർവേ, ക്രിയാഗവേഷണം, സഹവാസക്യാമ്പ്) മുൻകൂട്ടി നടത്തുന്നതിനുള്ള അവസരം ഉറപ്പാക്കണം.
- ക്രിയാഗവേഷണം, സഹവാസക്യാമ്പ്, കേസ്സ്റ്റഡി, സർവേ എന്നിവയുടെ സംഘാടനത്തിന് അവസരമൊരുക്കണം.
- പരിചയസമ്പന്നരായ അധ്യാപകരുള്ള വിദ്യാലയമാണ് ഇതിനായി തിരഞ്ഞെടുക്കേണ്ടത്.
- പ്രഥമാധ്യാപകർ, മെന്റർ ടീച്ചർ എന്നിവരുടെ സഹായം ലഭിക്കാൻ ഭാവിഅധ്യാപകർക്ക് അവസര മൊരുക്കണം.
- ഭാവിഅധ്യാപകരെ വിദ്യാലയത്തിലെ അധ്യാപകനെപ്പോലെ പരിഗണിക്കണം.
- വിദ്യാലയവിഭവങ്ങൾ (പ്രൈമറി) ഐ.സി.ടി. ഉപകരണങ്ങൾ, പഠനോപകരണങ്ങൾ, എന്നിവ ഭാവി അധ്യാപകർക്ക് ഉപയോഗിക്കാൻ കഴിയുംവിധം ലഭ്യമാക്കണം.
- അധ്യാപകനൈപുണികൾ വളർത്തുന്നതിന് സഹായകമായ പരിശീലനം ഈ ഘട്ടത്തിൽ ഉറപ്പാക്കണം.
- പ്രഥമാധ്യാപകർ, മെന്റർ ടീച്ചർ എന്നിവർ പ്രത്യേകപരിശീലനം സിദ്ധിച്ചവരായിരിക്കണം.
- 100 ദിവസത്തെ അധ്യാപനപരിശീലനം ഭാവിഅധ്യാപകർ നേടിയിരിക്കണം.
- സഹപാഠികളായ ഭാവിഅധ്യാപകരുടെയും മെന്റർ ടീച്ചർ, മറ്റ് അധ്യാപകർ എന്നിവരുടെയും മികച്ച ക്ലാസുകൾ കാണാനും രേഖപ്പെടുത്താനും അവസരമൊരുക്കണം.
- ഓരോ ക്ലാസിലും ഐ.സി.ടി. സാധ്യത, മറ്റു പഠനോപകരണങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി ക്ലാസ് എടുക്കുന്നു എന്നുറപ്പാക്കേണ്ടതുണ്ട്.
- വിദ്യാലയാനുഭവപരിപാടിക്കു മുമ്പായി ഐ.ടി.ഇ. കൃത്യമായ ആസൂത്രണം നടത്തണം.
- വിദ്യാലയാനുഭവപരിപാടി സംബന്ധിച്ച് കൃത്യമായ പ്രവർത്തന ടൈംടേബിൾ ഐ.ടി.ഇ. കൾ മുൻകൂട്ടി തയാറാക്കി ഡയറ്റിലേക്ക് അയക്കേണ്ടതാണ്.
- മൂന്ന് (എൽ.പി.), നാല് (യു.പി.) സെമസ്റ്ററുകളിലായി വിദ്യാലയാനുഭവപരിപാടി ക്രമീകരിക്കണം.
- 100 ദിവസത്തെ വിദ്യാലയാനുഭവ പരിപാടിയാണ് വിഭാവന ചെയ്യുന്നത്. 2, 3, 4, സെമസ്റ്ററുക ളിലായി ഇത് നടപ്പിലാക്കാം. രണ്ടാം സെമസ്റ്ററിൽ 10 ദിവസം വിദ്യാലയനിരീക്ഷണം, 3-ാം സെമ സ്റ്ററിൽ 40 ദിവസം അധ്യാപനപരിശീലനം, 4-ാം സെമസ്റ്ററിൽ 45 ദിവസം അധ്യാപനപരിശീലനം, 5 ദിവസം ട്രൈഔട്ട്.

- അധ്യാപകവിദ്യാർഥികൾ വിദ്യാലയാനുഭവ പരിപാടിയുടെ റിപ്പോർട്ട് തയാറാക്കി സ്ഥാപനമേധാവിക്ക് സമർപ്പിക്കണം.
- വിദ്യാലയ അനുഭവപരിപാടിയുടെ ഭാഗമായി എസ്.ആർ.ജി, സി.പി.ടി.എ, പി.ടി.എ. ദിനാഘോഷങ്ങൾ, കായികമേള, കലാമേള, പ്രവൃത്തിപരിചയമേള എന്നിവ സംഘടിപ്പിക്കണം.
- യൂണിറ്റുകളുടെ സമഗ്രാസൂത്രണവും സൂക്ഷ്മതല ആസൂത്രണവും മുൻകൂട്ടി തയാറാക്കി ടീച്ചർ എജ്യുക്കേറ്റർ, മെന്റർ ടീച്ചർ എന്നിവരുടെ വൈദഗ്ധ്യം കൂടി പ്രയോജനപ്പെടുത്തി മെച്ചപ്പെടുത്തണം.
- പ്രഥമാധ്യാപകർ, മെന്റർ എന്നിവരുടെ പരിശീലനം സംബന്ധിച്ച് മുൻകൂട്ടി ജില്ലാതലത്തിൽ ആസൂത്രണം നടക്കണം.
- ഭാവി അധ്യാപകർ ഒരുദിവസം 3 പിരീഡ് ക്ലാസെടുക്കുകയും 2 പിരീഡ് ക്ലാസ് നിരീക്ഷിക്കുകയും വേണം.
- ടീച്ചർ എജ്യുക്കേറ്ററുടെയും മെന്ററുടെയും വിലയിരുത്തൽ നിർദേശങ്ങൾക്കനുസരിച്ചായിരിക്കണം വിദ്യാലയാനുഭവപരിപാടിയുടെ നിരന്തരവിലയിരുത്തൽ സ്കോർ നിശ്ചയിക്കേണ്ടത്.
- അധ്യാപകപരിശീലന കോഴ്സിന്റെ ആകെ സ്കോറിന്റെ നാലിലൊന്ന് സ്കോർ വിദ്യാലയാനുഭവ പരിപാടിക്ക് നൽകണം.
- വിദ്യാലയ അനുഭവപരിപാടിയിൽ 90% ഹാജർ നിർബന്ധമാണ്.
- ദാർശനികവും വിഷയപരവുമായ ഉള്ളടക്കം ഉൾക്കൊണ്ട ഭാവിഅധ്യാപകർക്ക് അവ പ്രയോഗിക്കുകയും അപ്പോൾ അനുഭവപ്പെടുന്ന അപചയങ്ങൾ തിരിച്ചറിഞ്ഞ് മെച്ചപ്പെടുത്തി തന്റെ ഭാവി അധ്യാപനപ്രവർത്തനം ഗുണമേന്മയുള്ളതാക്കാനുള്ള സന്ദർഭമാണിത്. അതുകൊണ്ടുതന്നെ ഈ ഘട്ടം പ്രധാനമാകുന്നു.

### 3.9.1. സമൂഹ സമ്പർക്കസഹവാസക്യാമ്പ്

അധ്യാപകവിദ്യാർഥികളുടെ സഹകരണമനോഭാവം വർദ്ധിപ്പിക്കുന്നതിനും ജീവിതനൈപുണികൾ നേടുന്നതിനും മൂല്യബോധം ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിനും പതിനഞ്ചുദിവസത്തെ സമൂഹ സമ്പർക്ക സഹവാസക്യാമ്പ് നടത്തുന്നതിന് വിഭാവനം ചെയ്യുന്നു. ചില പഠനലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള ശില്പശാലകളും ദേശീയോദ്ഗ്രഥനം സാമൂഹ്യസാഹചര്യങ്ങൾ പഠിക്കൽ എന്നിവ ലക്ഷ്യമാക്കിക്കൊണ്ട് ജില്ലയ്ക്കകത്തും പുറത്തുമുള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടെയും സംയുക്തമായും ക്യാമ്പുകൾ നടത്താനുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താം.

### 3.9.2. പഠനയാത്ര

അധ്യാപകരെന്ന നിലയിൽ പഠനവുമായി ബന്ധപ്പെട്ട നേരനുഭവങ്ങൾ ലഭിക്കുന്നതിനായി സ്ഥാപനങ്ങൾ/സ്ഥലങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മൂന്നുദിവസം നീണ്ടുനിൽക്കുന്ന പഠനയാത്രകൾ കോഴ്സിന്റെ ഭാഗമായി നടത്തേണ്ടതാണ്. അധ്യാപകരെന്ന നിലയിൽ പഠനയാത്രകൾ സംഘടിപ്പിക്കുന്നതിന്റെ എല്ലാ തലവും പരിചയപ്പെടുന്നതിന് ഇതിലൂടെ അവസരം ലഭിക്കണം.

## 3.10 വിദ്യാഭ്യാസത്തിന്റെ ദാർശനികവും സാമൂഹികവുമായ അടിത്തറയും സ്കൂൾ പിന്തുണാസംവിധാനങ്ങളും

**3.10(1)** അധ്യാപകനായി സേവനം നയിക്കുന്നതിന് ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നതിൽ വിദ്യാഭ്യാസത്തിന്റെ സാമൂഹികവും ചരിത്രപരവും ദാർശനികവുമായ അനുഭവങ്ങൾ വലിയ പങ്കുവഹിക്കുന്നു. ഓരോ കാലയളവിലും വിവിധ പ്രദേശങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന ചിന്താധാരകൾ സമൂഹത്തിൽ സൃഷ്ടിച്ച പരിവർത്തനങ്ങൾ വിവേചിച്ചറിയാൻ ദർശനങ്ങളുടെ വിശകലനം വ്യക്തിയെ സഹായിക്കുന്നു. ദർശനങ്ങളെ വിദ്യാഭ്യാസപ്രക്രിയയിൽ എങ്ങനെ ഉൾച്ചേർക്കാമെന്ന അന്വേഷണമാണ് ഈ വിഷയത്തിന്റെ പഠനത്തിലൂടെ നടക്കേണ്ടത്. ജനാധിപത്യത്തിന്റെ വിശാലമായ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വിവിധ കാലയളവിൽ ഉരുത്തിരിഞ്ഞുവന്ന ജീവിതദർശനങ്ങളെ അടുത്തറിയാൻ അധ്യാപകവിദ്യാർഥികൾക്ക് അവസരമൊരുക്കാൻ ഈ വിഷയപഠനത്തിലൂടെ കഴിയണം. ഈ കാലയളവിലെ വിദ്യാഭ്യാസ കാഴ്ചപ്പാടുകളെ രൂപപ്പെടുത്തിയെടുത്ത വിദ്യാഭ്യാസദർശനങ്ങളെ അടുത്തറിയാനും കാലാനുസൃതമായി അവയ്ക്കുണ്ടായ വികാസപരിണാമങ്ങളെ കുറിച്ച് ഉൾക്കാഴ്ചയുണ്ടാക്കാനും ഈ വിഷയവുമായി ബന്ധപ്പെട്ട ചർച്ചകൾ അധ്യാപകവിദ്യാർഥിയെ പ്രാപ്തനാക്കുന്നു.

**ലക്ഷ്യങ്ങൾ**

- വിദ്യാഭ്യാസലക്ഷ്യങ്ങൾ നിർവചിക്കുന്നതിൽ ദർശനങ്ങളുടെ സാംഗത്യം കണ്ടെത്തുക.
- വിവിധ കാലഘട്ടങ്ങളിലും വിഷയങ്ങളിലും പാഠ്യപദ്ധതി, ബോധനരീതികൾ, മൂല്യനിർണയരീതികൾ എന്നിവ രൂപപ്പെടുത്തുന്നതിൽ ദർശനങ്ങൾ വഹിച്ച പങ്ക് അടയാളപ്പെടുത്തുക.
- പാഠ്യപദ്ധതി ഉൾക്കൊള്ളുന്ന ആശയങ്ങൾ, ധാരണകൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവയിലെ ദാർശനികപരിസരം ബോധ്യപ്പെടുക.
- വിദ്യാഭ്യാസത്തിന്റെ ദാർശനികപാരമ്പര്യം വിശകലനം ചെയ്ത് ഭാവി അധ്യാപകന്റെ വ്യക്തിത്വവും സാമൂഹികവീക്ഷണവും രൂപപ്പെടുന്നതിന് സഹായിക്കുക.
- പഠനനേട്ടങ്ങൾ, മൂല്യനിർണയമാതൃകകൾ, പഠനസാമഗ്രികൾ എന്നിവയിലെ ദാർശനിക പശ്ചാത്തലങ്ങൾ തിരിച്ചറിയാൻ പ്രാപ്തനാക്കുക.
- ജനാധിപത്യദർശനങ്ങളുടെ പിൻബലത്തോടെ വിവേചനരഹിതമായ ലോകം സൃഷ്ടിക്കുന്നതിന് ആവശ്യമായ കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുക.

ശാസ്ത്രീയമായ ചിന്തകളുടെ വെളിച്ചത്തിൽ പൊതുസമൂഹത്തിന് അനുയോജ്യരായ അധ്യാപകരെ രൂപപ്പെടുത്താൻ സഹായകമായ വിധത്തിലായിരിക്കണം പാഠ്യപദ്ധതിയിലെ അനുഭവമാതൃകകൾ രൂപീകരിക്കേണ്ടത്. സമൂഹത്തിൽ പുതിയ രൂപത്തിൽ തിരികെവരുന്ന ജാതി-മത-വർഗ-വർണ വിവേചനരൂപങ്ങളെ കാര്യകാരണസഹിതം വിശകലനം ചെയ്യാനും ജനാധിപത്യകാഴ്ചപ്പാടുള്ള പൊതുമാതൃകകളെ പ്രോത്സാഹിപ്പിക്കാനും കഴിയുംവിധം വൈവിധ്യമാർന്ന സംവാദാത്മകപഠനരീതികൾ ഈ വിഷയത്തിൽ നിർദേശിക്കേണ്ടതാണ്. വിശ്വമാനവകാഴ്ചപ്പാടിലൂന്നി ചിന്തിക്കാനും പ്രവർത്തിക്കാനും ആത്മവിശ്വാസമുള്ള ഒരു അധ്യാപികയെ/അധ്യാപകനെ രൂപപ്പെടുത്താൻ ആവശ്യമായ വിഭവങ്ങൾ ഉൾച്ചേർത്തു കൊണ്ടുള്ള ഒരു റഫറൻസ് സാമഗ്രി ഇതിനായി തയാറാക്കേണ്ടതാണ്. ക്ലാസിൽ ഒരു അധ്യാപിക/ അധ്യാപകൻ ഓരോ കുട്ടിക്കൊപ്പവും സഞ്ചരിക്കണം എന്ന് ബോധ്യപ്പെടും വിധത്തിലാകണം സ്കൂൾ അനുഭവപരിപാടി രൂപകല്പന ചെയ്യേണ്ടത്.

**3.10 (2)** കഴിഞ്ഞ കാലത്തിന്റെ കണ്ണാടിയാണ് ചരിത്രം. വിവിധ ജനസമൂഹങ്ങളിൽ ഓരോ കാലയളവിലും ഉടലെടുക്കുന്ന ആഗ്രഹങ്ങളും ആവശ്യങ്ങളും പരിവർത്തനങ്ങൾക്ക് നിമിത്തമായിത്തീരുന്നു. സാമൂഹികമാറ്റത്തിന്റെ ഘടകങ്ങളിൽ വിദ്യാഭ്യാസത്തിന്റെ സ്ഥാനം സൂക്ഷ്മമായി അടയാളപ്പെടുത്താൻ അധ്യാപകവിദ്യാർഥിക്ക് കഴിയണം. മനുഷ്യൻ

നാളിതുവരെ ആർജിച്ച വിജ്ഞാനത്തിന്റെയും കൂട്ടായ്മയുടെയും മുദ്രകളും അടുത്ത തലമുറയ്ക്ക് കൈമാറിയ രീതികളും തന്ത്രങ്ങളും കൃത്യമായി ബോധ്യപ്പെടുത്താൻ അധ്യാപകർ പ്രാപ്തരാകണം. ഇതിന് സഹായകമായ രീതിയിലാണ് വിദ്യാഭ്യാസത്തിന്റെ ചരിത്രപശ്ചാത്തലവും ഉള്ളടക്കവും വിനിമയതന്ത്രങ്ങളും നിർണയിക്കേണ്ടത്.

**ലക്ഷ്യങ്ങൾ**

- നിലവിലെ വിദ്യാഭ്യാസലക്ഷ്യങ്ങളും മാർഗങ്ങളും നിർണയിക്കുന്നതിൽ ചരിത്രപരവും സാംസ്കാരികവുമായ അനുഭവങ്ങൾ എങ്ങനെ സ്വാധീനിക്കുന്നു എന്ന് തിരിച്ചറിയുക.
- ആധുനിക വിദ്യാഭ്യാസരീതികൾ രൂപപ്പെടുത്തുന്നതിൽ സാംസ്കാരിക- സാമ്പത്തിക - സാമൂഹിക ബന്ധങ്ങളുടെ പങ്ക് അടയാളപ്പെടുത്തുക.
- വികസിതരാജ്യങ്ങളിലെ വിദ്യാഭ്യാസമാതൃകകൾ നമ്മുടെ വിദ്യാഭ്യാസമാതൃകകളുമായി താരതമ്യം ചെയ്യുക.
- ഇന്ത്യയിലും കേരളത്തിലുമുണ്ടായ വിദ്യാഭ്യാസ നവോത്ഥാനശ്രമങ്ങളും അവയുടെ കാരണങ്ങളും വിശകലനം ചെയ്യുക.
- കേരളത്തിലെ സാമൂഹിക - സാമ്പത്തിക - ആരോഗ്യ മേഖലകളുടെ വളർച്ച വിദ്യാഭ്യാസത്തെ എങ്ങനെ പിന്തുണച്ചു എന്നറിയുക.
- കേരളത്തിലെ വിദ്യാഭ്യാസപരിവർത്തനപ്രക്രിയയിൽ അധ്യാപികയുടെ/അധ്യാപകന്റെ സ്ഥാനം നിർണയിക്കുക.

വിദ്യാഭ്യാസത്തിന്റെ വളർച്ചയിൽ സാമൂഹികപരിഷ്കരണപ്രസ്ഥാനങ്ങളും പുരോഗമനാശയങ്ങളും എത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കാൻ കഴിയുന്ന വിധത്തിൽ പാഠ്യപദ്ധതി രൂപീകരിക്കണം. ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെയും കേരളത്തിന്റെയും വളർച്ചയും വികാസവും ഉൾക്കൊണ്ടുകൊണ്ട് വിദ്യാഭ്യാസപ്രവർത്തനത്തിൽ ഏർപ്പെടുന്നതിന് സഹായകമായ റഫറൻസ് സാമഗ്രി തയാറാക്കേണ്ടതാണ്. പഠിതാവിന്റെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ സാഹചര്യം കണ്ടെത്തി അവയെ വിദ്യാഭ്യാസത്തിൽ ഗുണകരമായി പ്രയോജനപ്പെടുത്തുന്നതിന് അധ്യാപകവിദ്യാർഥിയെ പ്രാപ്തനാക്കാൻ പാഠ്യപദ്ധതിയും പഠനസാമഗ്രികളും വികസിപ്പിക്കേണ്ടതാണ്.

തന്റെ നാട്ടിലുള്ള വിദ്യാലയത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലം മനസ്സിലാക്കി നിലവിലെ പരിമിതികൾ പരിഹരിക്കുന്നതിനും കൂടുതൽ ഉയരങ്ങളിലേക്ക് ആ വിദ്യാലയത്തെ എത്തിക്കുന്നതിനും അധ്യാപകവിദ്യാർഥിയെ പ്രാപ്തനാക്കുന്ന വിധത്തിലുള്ള പഠനതന്ത്രങ്ങൾ ആവിഷ്കരിക്കാൻ കഴിയുന്ന വിധത്തിലായിരിക്കണം പാഠ്യപദ്ധതി രൂപകല്പന ചെയ്യേണ്ടത്.

**3.10 (3) പാഠ്യപദ്ധതിയും ബോധനശാസ്ത്രവും**

സമൂഹം അതിന്റെ പുതിയ തലമുറയ്ക്ക് കൂട്ടായി വിദ്യാഭ്യാസം നൽകിയിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. എന്നാൽ വിജ്ഞാനത്തിന്റെ വിതരണവും തൊഴിലിന്റെ വിഭജനവും ഇത്തരത്തിലുള്ള കൂട്ടായ വിദ്യാഭ്യാസം അസാധ്യമാക്കിത്തീർക്കുകയും ക്രമേണ പുതുതലമുറയുടെ വിദ്യാഭ്യാസത്തിനായി പ്രത്യേകം ചുമതലക്കാരെ നിയോഗിക്കേണ്ടിവരുകയും ചെയ്തു. വൈവിധ്യമാർന്ന സാമൂഹിക-സാംസ്കാരിക പശ്ചാത്തലമുള്ള കുട്ടികളെ ഒരുമിച്ചിരുത്തി വിദ്യാഭ്യാസം ചെയ്യുന്ന ആധുനികകാലത്ത് ബോധനം എന്നത് ശാസ്ത്രശാഖയായി വളർന്നുവന്നു. അധ്യാപകൻ അവശ്യം അറിഞ്ഞിരിക്കേണ്ട വൈജ്ഞാനികവും ശേഷീപരവുമായ തത്ത്വങ്ങളും കാഴ്ചപ്പാടുകളും വികസിപ്പിച്ചുകൊണ്ട് ഈ ശാസ്ത്രശാഖ പുതിയ മാനങ്ങളിലേക്ക് വളർന്നുവന്നു. അധ്യാപക വിദ്യാർഥിക്ക് ബോധനശാസ്ത്രസിദ്ധാന്തങ്ങളിലെ പരിജ്ഞാനവും ക്ലാസ്റൂംതലത്തിൽ അവയുടെ പ്രയോഗവും അനിവാര്യമായ ഒന്നായിത്തീർന്നു. ക്ലാസ് മുറിയിലെ പ്രവർത്തനങ്ങളുടെ സൈദ്ധാന്തിക തലങ്ങൾ വിവേചിച്ചറിയാൻ അധ്യാപകവിദ്യാർഥി പ്രാപ്തനാകേണ്ടതുണ്ട്. ഇതിനുതകും വിധമായിരിക്കണം ബോധനശാസ്ത്രസംബന്ധമായ പാഠ്യപദ്ധതിയും പാഠ്യവസ്തുക്കളും രൂപകല്പന ചെയ്യേണ്ടത്.

**ലക്ഷ്യങ്ങൾ**

- അധ്യാപകനെ രൂപപ്പെടുത്തുന്നതിനും ബോധനശാസ്ത്രത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനും പ്രായോഗിക സന്ദർഭങ്ങളിൽ അവ പ്രയോഗിക്കുന്നതിനും.
- ബോധനശാസ്ത്രത്തിന്റെ നിലവിലുള്ള പ്രയോഗങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതിനും സിദ്ധാന്തങ്ങൾ രൂപപ്പെടുത്തുന്നതിനും.
- ആധുനിക ബോധനശാസ്ത്ര സിദ്ധാന്തങ്ങളെക്കുറിച്ച് ധാരണ രൂപീകരിക്കുന്നതിനും ക്ലാസ്റൂം സന്ദർഭങ്ങളിൽ അവ പ്രയോജനപ്പെടുത്തുന്നതിനും അധ്യാപകവിദ്യാർഥിയെ പ്രാപ്തനാക്കുക, പഠിതാവിനെ പരിഗണിച്ചുകൊണ്ടുള്ള ബോധനസിദ്ധാന്തങ്ങളുടെ പ്രയോഗത്തിൽ അധ്യാപകവിദ്യാർഥിയെ നിപുണനാക്കുക.
- ക്ലാസ്റൂം പ്രവർത്തനങ്ങൾക്കിടയിൽ ക്രിയാഗവേഷണങ്ങളേറ്റെടുക്കാനും ബോധന ശാസ്ത്രസിദ്ധാന്തങ്ങളുടെ പ്രയോഗസാധ്യത തിരിച്ചറിയാനും അവസരമൊരുക്കുക.
- മൂല്യനിർണയസന്ദർഭങ്ങളിൽ ബോധനശാസ്ത്രസിദ്ധാന്തങ്ങളെക്കൂടി പരിഗണിച്ചുകൊണ്ട് ഉപാധികൾ വികസിപ്പിക്കുന്നതിനും വിവരവിനിമയ സാങ്കേതിക വിദ്യയെ പ്രയോജനപ്പെടുത്തി ബോധനശാസ്ത്രപരമായ അറിവ് വികസിപ്പിക്കുന്നതിനും അവയെ ബോധനപ്രക്രിയയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനുള്ള ശേഷി നേടുന്നതിനും അധ്യപകവിദ്യാർഥിയെ പ്രാപ്തനാക്കുക.

നിലവിലെ ക്ലാസ്റൂം വിനിമയരീതിയിൽ സിദ്ധാന്തങ്ങളുടെ പ്രയോജനത്തെക്കുറിച്ച് അധ്യാപകവിദ്യാർഥിക്ക് വേണ്ടത്ര അനുഭവം ലഭ്യമാകുന്നില്ല. പലപ്പോഴും അവരുടെ തന്നെ പ്രൈമറി ക്ലാസുകളിലെ ഓർമകളാണ് ക്ലാസ്റൂം വിനിമയത്തിന് അവർ പ്രയോജനപ്പെടുത്തുന്നത്. സിദ്ധാന്തങ്ങളുടെ പ്രയോഗതലത്തിന് ഊന്നൽ നൽകും വിധം ബോധനശാസ്ത്രക്ലാസ്സുകൾ സജീവമാക്കേണ്ടതാണ്. ചർച്ചകൾ, സെമിനാറുകൾ, സിംപോസിയങ്ങൾ തുടങ്ങി അധ്യാപകവിദ്യാർഥി പങ്കാളിത്തം ഉറപ്പു വരുത്തുംവിധം ക്ലാസ് റൂം പ്രക്രിയകൾ ക്രമീകരിക്കേണ്ടതാണ്. അനുഭവസമ്പന്നരായ അധ്യാപകരുമായും ടീച്ചർ എഡ്യൂക്കേറ്റർമാരുമായും വിദ്യാഭ്യാസപ്രവർത്തകരുമായും ആശയവിനിമയം ചെയ്യാനും അധ്യാപകവിദ്യാർഥികൾക്ക് അവസരം ലഭിക്കണം. സാമൂഹ്യചരിത്രപുസ്തകങ്ങളുടെ പിൻബലത്തോടെ കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസരംഗത്ത് ബോധനശാസ്ത്രത്തിന്റെ പ്രയോഗവും പരിണാമവും കണ്ടെത്താനും അത് ബോധ്യപ്പെടുത്താനും അവസരം ഒരുക്കേണ്ടതാണ്. മൂല്യനിർണയതലത്തിൽ സൈദ്ധാന്തികജ്ഞാനത്തിന്റെ ഓർമപരിശോധന മറികടക്കാനും പ്രയോഗതലത്തിലുള്ള പരിശോധനയ്ക്ക് പ്രാധാന്യം നൽകാനും ശ്രദ്ധിക്കണം. ഇങ്ങനെ മാത്രമേ സൈദ്ധാന്തികജ്ഞാനത്തെ അറിവിന്റെ യഥാർഥതലത്തിലേക്ക് വികസിപ്പിക്കാനാകൂ.

## 3.11 വിദ്യാഭ്യാസ മനശ്ശാസ്ത്രം

മനുഷ്യന്റെ ചിന്ത, ബുദ്ധി, വ്യക്തിത്വം, വൈകാരികത, ഇടപെടലുകൾ തുടങ്ങിയവയെക്കുറിച്ചെല്ലാം പ്രതിപാദിക്കുന്ന വൈജ്ഞാനികശാഖയാണ് മനശ്ശാസ്ത്രം. വികാസം,പഠനം, ബുദ്ധി, വ്യക്തിവ്യാത്യാസങ്ങൾ, വ്യക്തിത്വം തുടങ്ങിയ മനശ്ശാസ്ത്ര മേഖലകളിലെ സിദ്ധാന്തങ്ങളുടെ പ്രയോഗസാധ്യതയാണ് വിദ്യാഭ്യാസ മനശ്ശാസ്ത്രത്തിൽ വിശകലനം ചെയ്യുന്നത്. അധ്യയന-അധ്യാപന പ്രക്രിയകളെ സംബന്ധിച്ച് അതീവ നിർണായകമാണ് ഈ മേഖലകൾ എന്നത് കൊണ്ടുതന്നെ വിദ്യാഭ്യാസമനശ്ശാസ്ത്രം അധ്യാപകപരിശീലന പാഠ്യപദ്ധതിയുടെ സുപ്രധാനമായ ഉള്ളടക്കമാണ്.

**ഉദ്ദേശ്യങ്ങൾ**

- കുട്ടികളുടെ സമഗ്രവികാസം സാധ്യമാക്കാൻ സഹായകമായ വിധത്തിൽ, വ്യത്യസ്ത മേഖലകളുടെ വികാസവുമായി ബന്ധപ്പെട്ട തത്ത്വങ്ങൾ, കാഴ്ചപ്പാടുകൾ, വികാസത്തെ സ്വാധീനിക്കുന്ന സാഹചര്യങ്ങൾ, അനുയോജ്യമാക്കുന്നതിനുള്ള സാധ്യതകൾ എന്നിവ തിരിച്ചറിയുക, പ്രയോഗശേഷി കൈവരിക്കുക.
- പഠനം സംബന്ധിച്ച വ്യത്യസ്ത കാഴ്ചപ്പാടുകൾ വിശകലനം ചെയ്യാനും തന്റെ ക്ലാസ്റൂം സാഹചര്യങ്ങളിൽ അവ പ്രയോജനപ്പെടുത്താനുമുള്ള കഴിവുകൾ ആർജിക്കുക
- പഠന കാര്യക്ഷമതയെ സ്വാധീനിക്കുന്ന വിവിധമനശ്ശാസ്ത്രഘടകങ്ങളെക്കുറിച്ചുള്ള ധാരണകൾ ആർജിക്കുകയും എല്ലാ കുട്ടികൾക്കും അവരുടെ കഴിവിനും പരിമിതിക്കും അനുസൃതമായി, പരമാവധി വികാസം സാധ്യമാക്കുന്നതിനുള്ള പ്രയോഗശേഷി കൈവരിക്കുകയും ചെയ്യുക.
- മാനവികവും ജനാധിപത്യപരവുമായ ഇടപെടലിനുള്ള മനോഭാവവും നൈപുണിയും നേടാൻ സഹായകമായ വിധത്തിൽ കുട്ടികളുടെ വ്യക്തിത്വസവിശേഷതകൾ, സമായോജന പ്രശ്നങ്ങൾ, മാനസികാവശ്യങ്ങൾ, വ്യക്തിവ്യത്യാസം,വ്യത്യസ്തപരിമിതികളും ഭിന്നശേഷികളും ഉള്ളവരുടെ സവിശേഷ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച ധാരണകൾ ആർജിക്കുക.
- നേടിയ മനശ്ശാസ്ത്രധാരണകൾ കുട്ടികളോടുള്ള എല്ലാ ഇടപെടലുകളിലും പ്രതിഫലിപ്പിക്കാൻ തക്ക പ്രയോഗശേഷിയും അനുകൂല മനോഭാവവും ആർജിക്കുക.
- വിദ്യാലയങ്ങൾ ഹൈടെക് ആകുമ്പോൾ അതിനു സമാന്തരമായി അധ്യാപനപരിശീലന കേന്ദ്ര ങ്ങളും ഹൈടെക് ആകേണ്ടതുണ്ട്. മനഃശാസ്ത്രക്ലാസുകൾ പരമാവധി ഐ.സി.ടി. സാധ്യതകൾ രേഖപ്പെടുത്തികൊണ്ടാവണം.
- ആധുനിക കാലഘട്ടത്തിൽ പ്രശ്നങ്ങൾ സ്വയം പരിഹരിക്കാൻ പോലും കഴിയാത്ത സന്ദർഭങ്ങൾ നിലവിലുണ്ട്. ഇവിടെ കൗൺസലിംഗ് സാധ്യതകൾ ധാരാളമുണ്ട്. അധ്യാപകവിദ്യാർഥികൾ അവ രുടെ പ്രശ്നങ്ങൾ സ്വയം പരിഹരിക്കുന്നതിനും വിദ്യാലയത്തിലെ കുട്ടികൾക്ക് പ്രശ്നപരിഹരണ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിന്റേയും ഭാഗമായി ചില മനഃശ്ശാസ്ത്ര പരീക്ഷണങ്ങൾ പരിചയ പ്പെടേണ്ടതുണ്ട്. അങ്ങനെ കുട്ടിയെ അറിയാനും അഭിരുചി താല്പര്യം എന്നിവ കണ്ടെത്താനും മനഃശ്ശാസ്ത്രപരീക്ഷണങ്ങൾ പരിചയപ്പെടുത്തണം. കൗൺസലിംഗ് ക്ലബ്ബുകളുടെ രൂപീകരണവും പ്രാധാന്യവും ഉൾപ്പെടുത്തണം.
- ഓരോ അധ്യാപകവിദ്യാർഥിയും ഒരു ആക്ഷൻ റിസർച്ച് എങ്കിലും പ്രായോഗിക പരിശീലന കാലത്ത് ചെയ്തിരിക്കും.
- കേസ് സ്റ്റഡി തയ്യാറാക്കണം.
- പഠനസിദ്ധാന്തങ്ങളുടെ പ്രായോഗികവശം കൂടി മനസ്സിലാക്കാൻ അവസരം നൽകണം.
- റഫറൻസ് സാമഗ്രികൾ ലഭ്യമാക്കണം.
- സൈക്കോളജി ലാബ് ശാക്തീകരണം മെച്ചപ്പെടുത്തണം.

**ഉള്ളടക്കം**

പഠിതാവിന്റെ സർവതോമുഖ വികാസമാണ് വിദ്യാഭ്യാസത്തിന്റെ വിശാലമായ ലക്ഷ്യമെന്നത് സർവസ്വീകാര്യമായ കാഴ്ചപ്പാടാണ്. വൈജ്ഞാനികവും വൈകാരികവും നൈതികവും സാമൂഹികവും വ്യക്തിത്വസംബന്ധിയുമായ വികാസം ഉറപ്പാവുമ്പോൾ മാത്രമേ സമ്പൂർണമായ വിദ്യാഭ്യാസലക്ഷ്യം നേടി എന്ന് പറയാനാവൂ. അതുകൊണ്ടുതന്നെ വ്യത്യസ്ത മേഖലകളുടെ വികാസവുമായി ബന്ധപ്പെട്ട തത്ത്വങ്ങളും കാഴ്ചപ്പാടുകളും വികാസത്തെ സ്വാധീനിക്കുന്ന വിവിധ ഘടകങ്ങൾ, സാഹചര്യങ്ങൾ എന്നിവ അനുയോജ്യമാക്കുന്നതിനുള്ള സാധ്യതകളും ആഴത്തിൽ തിരിച്ചറിഞ്ഞു മാത്രമേ കാര്യക്ഷമമായ അധ്യാപനം നിർവഹിക്കാൻ സാധിക്കുകയുള്ളൂ. ഇക്കാരണം കൊണ്ടുതന്നെ, വിവിധ മേഖലകളിലെ മനുഷ്യവികാസത്തെക്കുറിച്ച് വിശകലനം ചെയ്യുന്ന വിദ്യാഭ്യാസ മനശ്ശാസ്ത്രം അധ്യാപകപരിശീലനാനുഭവങ്ങളിൽ പ്രധാനമാവുന്നു.

മേൽസൂചിപ്പിച്ച വികാസ തത്ത്വങ്ങളും സിദ്ധാന്തങ്ങളും കാഴ്ചപ്പാടുകളും കേവലമായ വൈജ്ഞാനിക പാഠങ്ങൾ എന്ന നിലയിൽ പരിഗണിക്കപ്പെടുന്നു എന്നതാണ് അധ്യാപക പരിശീലന പാഠ്യപദ്ധതിയിലെ മനശ്ശാസ്ത്ര ഉള്ളടക്കത്തെ പലപ്പോഴും പരിമിതപ്പെടുത്തുന്നത്. മറിച്ച്, വിവിധ പ്രായഘട്ടത്തിലുള്ള കുട്ടികളിൽ വിവിധ മേഖലകളിൽ പരമാവധി ഗുണാത്മക വികാസം ഉറപ്പാക്കുന്നതിനുള്ള പ്രായോഗിക പ്രവർത്തനനിർദേശങ്ങൾ എന്ന നിലയിലാണ് ഈ സൈദ്ധാന്തിക കാഴ്ചപ്പാടുകൾ പരിഗണിക്കപ്പെടേണ്ടതും വിശകലന വിധേയമാവേണ്ടതും.

മനുഷ്യവികാസം സംബന്ധിച്ച കാഴ്ചപ്പാടുകളും തത്ത്വങ്ങളും സിദ്ധാന്തങ്ങളും അതിവിപുലവും ഒട്ടൊക്കെ സങ്കീർണവുമാണ്. സമയക്കുറവ് പരിഗണിച്ച്, ഒന്നുമുതൽ ഏഴു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളുടെ ശാരീരിക-മാനസിക വികാസ സവിശേഷതകളിലും വികാസപരമായ ആവശ്യങ്ങളിലും ഊന്നിയുള്ള അന്വേഷണങ്ങളിൽ ഡി.എൽ.എഡ്. പാഠ്യപദ്ധതിയിലെ വിദ്യാഭ്യാസമനശ്ശാസ്ത്രവുമായി ബന്ധപ്പെട്ട ഭാഗം പരിമിതപ്പെടുത്തേണ്ടതാണ്.

പഠനം, പഠനപ്രക്രിയ എന്നിവയെക്കുറിച്ചുള്ള മനശ്ശാസ്ത്രസങ്കൽപ്പങ്ങളും സിദ്ധാന്തങ്ങളുമാണ് അധ്യാപകവിദ്യാദ്യാഭ്യാസ പാഠ്യപദ്ധതിയിലെ മറ്റൊരു പ്രധാന ഉള്ളടക്കം. ഔപചാരിക സ്കൂൾ അധ്യാപനത്തിന് ഭാവി അധ്യാപകരെ സജ്ജരാക്കുകയാണല്ലോ ഡി.എൽ.എഡ് . പരിശീലനത്തിന്റെ ലക്ഷ്യം. പഠിതാക്കളുടെ സമഗ്രവികാസത്തെ സ്വാധീനിക്കുന്ന സുപ്രധാനഘടകം എന്ന നിലയിൽ പഠനത്തെയും പഠനപ്രക്രിയയെയും കുറിച്ചുള്ള കാഴ്ചപ്പാടുകൾ അധ്യാപനം കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് തീർത്തും അനിവാര്യമാണ്. എങ്ങനെയാണ് സ്വാഭാവികമായ പഠനം നടക്കുന്നത് എന്ന അറിവ് എങ്ങനെ പഠിപ്പിക്കണം എന്ന കാര്യത്തിൽ ദിശാസൂചകമാവുന്ന ഒന്നാണല്ലോ. ഭാവി അധ്യാപകരുടെ ക്ലാസ് റൂം പ്രവർത്തനങ്ങളുടെ ഉള്ളടക്കവും രീതിശാസ്ത്രവും നിർണയിക്കേണ്ടത് പഠനത്തെയും പഠനപ്രക്രിയയെയും കുറിച്ചുള്ള മനശ്ശാസ്ത്രധാരണകളാണ്.

എന്നാൽ പഠനത്തെക്കുറിച്ചുള്ള മനശ്ശാസ്ത്ര കാഴ്ചപ്പാടുകളും സിദ്ധാന്തങ്ങളും മനശ്ശാസ്ത്രത്തിന്റെ ഉൽഭവം തൊട്ട് രൂപംകൊണ്ടവയും പിൽക്കാലത്ത് പരിണമിച്ചവയുമാണ്. ഈ കാഴ്ചപ്പാടുകളും സിദ്ധാന്തങ്ങളും മുഴുവൻ യാന്ത്രികമായി ഹൃദിസ്ഥമാക്കുന്നത് ഭാവി അധ്യാപകരുടെ ക്ലാസ്റൂം ഇടപെടലുകളെ ഒരു വിധത്തിലും മെച്ചപ്പെടുത്തില്ല. പഠനം സംബന്ധിച്ച കാഴ്ചപ്പാടുകളുടെ ഒരു കാലാനുസൃതപരിണാമം എന്ന നിലയിൽ പഴയ കാഴ്ചപ്പാടുകളെ അറിയുകയും ബോധനശാസ്ത്ര രംഗത്തെ ആധുനിക ധാരണകളുടെയും കണ്ടെത്തലുകളുടെയും അടിസ്ഥാനമായ പഠനസിദ്ധാന്തങ്ങളിൽ പ്രായോഗികപരിശീലനം ആർജിക്കുകയുമാണ് വേണ്ടത്. മാത്രവുമല്ല, പഠനവുമായി ബന്ധപ്പെട്ട് മനശ്ശാസ്ത്രരംഗത്ത് നടക്കുന്ന കാലികമായ അന്വേഷണങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കാനും തന്റെ ക്ലാസ്റൂം സാഹചര്യങ്ങളിൽ അവ പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതകൾ ആരായാനുമുള്ള മനോഭാവം കൂടി ഭാവി അധ്യാപകരിൽ വികസിക്കേണ്ടതുണ്ട്.

മുൻപ് സൂചിപ്പിച്ചതു പോലെ സിദ്ധാന്തങ്ങൾ മനപ്പാഠമാക്കുകയല്ല, ഈ സിദ്ധാന്തങ്ങളെ ക്ലാസ് റൂം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനും അനുയോജ്യമായ പ്രയോഗരൂപങ്ങൾ

വികസിപ്പിക്കാനുമുള്ള മനോഭാവവും ശേഷിയും വികസിക്കുകയുമാണ് വേണ്ടത്.

പഠനകാര്യക്ഷമതയെ സ്വാധീനിക്കുന്ന പഠനവേഗം, പഠനശൈലി, അഭിപ്രേരണ, ബുദ്ധി, ഓർമ, മറവി തുടങ്ങിയ മനശ്ശാസ്ത്ര ഘടകങ്ങളെക്കുറിച്ചുള്ള ധാരണകളും അതനുസരിച്ചുള്ള പ്രയോഗശേഷിയും ഭാവി അധ്യാപകർക്കുണ്ടാവേണ്ടതുണ്ട്. എല്ലാ കുട്ടികൾക്കും അവരുടെ കഴിവിനും പരിമിതിക്കും അനുസരണമായി, പരമാവധി വികാസം സാധ്യമാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനാണ് ഈ ധാരണകൾ സഹായകമാവേണ്ടത്.

അധ്യാപനം ഒരു മാനവിക ഇടപെടലാണ്. വിവിധ സാമൂഹികസാഹചര്യങ്ങളിൽ നിന്നു വരുന്ന, കഴിവിലും അഭിരുചികളിലും പരിമിതികളിലും വ്യക്തിത്വസവിശേഷതകളിലും ഏറെ വൈവിധ്യങ്ങളുള്ള കുട്ടികളുമായാണ് ഭാവി അധ്യാപകർക്ക് ഇടപെടേണ്ടിവരുക. കുട്ടികളുടെ മാനസികപ്രകൃതം, മാനസികാവശ്യങ്ങൾ, വ്യക്തിത്വസവിശേഷതകൾ എന്നിവയെ കുറിച്ചെല്ലാമുള്ള ധാരണകൾ അവർക്കുണ്ടാവേണ്ടതുണ്ട്. വ്യക്തിത്വം സംബന്ധിച്ച് വിവിധ ചിന്താധാരകളിലുള്ള (Schools of Pyschology) കാഴ്ചപ്പാടുകളും സിദ്ധാന്തങ്ങളും വളരെ ബൃഹത്തായ ഒരു പഠനശാഖയാണ്. അഞ്ചു മുതൽ പതിനാല് വയസ്സ് വരെയുള്ള കുട്ടികളുടെ മാനസികപ്രകൃതത്തെയും വ്യക്തിത്വ സവിശേഷതകളെയും സമായോജനപ്രതിസന്ധികളെയും കുറിച്ചുള്ള വിശകലനങ്ങൾക്കാവണം ഇവിടെ ഊന്നൽ നൽകേണ്ടത്.

സാമൂഹിക-സാമ്പത്തിക പിന്നാക്കാവസ്ഥയുള്ള വിഭാഗങ്ങളിൽ ഉൾപ്പെടുന്ന കുട്ടികൾ, പെൺകുട്ടികൾ, ഭിന്നശേഷിയുള്ളവർ, പഠനവൈകല്യമുള്ളവർ എന്നിവരെല്ലാം നേരിടുന്ന മാനസിക സമ്മർദ്ദങ്ങൾ, ക്ലാസ്റൂം ജനാധിപത്യത്തിന്റെ മനശ്ശാസ്ത്ര പാഠങ്ങൾ എന്നിവയും വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്.

**വിനിമയം**

ചർച്ചകൾ, ശില്പശാലകൾ തുടങ്ങി സംവാദാത്മകമായ അന്തരീക്ഷത്തിൽ മനശ്ശാസ്ത്ര കാഴ്ചപ്പാടുകളെ വിശകലനം ചെയ്യാനും വിവിധ പ്രായയളവിലുള്ള കുട്ടികളുടെ മാനസിക സവിശേഷതകൾ നിരീക്ഷിച്ച് അവയുടെ സാധുത വിലയിരുത്താനും അവസരം വേണം. സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള ജൈവിക വിനിമയമായിരിക്കണം മനശ്ശാസ്ത്ര പഠനാനുഭവങ്ങൾ. സിദ്ധാന്തങ്ങളുടെ പ്രയോഗരൂപങ്ങൾ വികസിപ്പിച്ച് നേരിട്ട് പ്രയോഗിക്കാനും സ്വയം സിദ്ധാന്തങ്ങളും ധാരണകളും രൂപീകരിക്കാനും അവസരമുണ്ടാവണം.

**വിലയിരുത്തൽ**

സ്വയം വിലയിരുത്തൽ, പരസ്പരം വിലയിരുത്തൽ, ബാഹ്യവിലയിരുത്തൽ തുടങ്ങി വസ്തുനിഷ്ഠവും സമഗ്രവുമായ ആധുനിക വിലയിരുത്തൽ സമ്പ്രദായങ്ങൾ പ്രയോജനപ്പെടുത്തണം. കേവലമായ വിഷയജ്ഞാനമല്ല, പ്രയോഗശേഷിയാവണം ഏതുതരം വിലയിരുത്തലിലും പരിഗണിക്കപ്പെടേണ്ടത്. മനശ്ശാസ്ത്രധാരണകൾ പ്രായോഗികരൂപം കൈവരിക്കേണ്ടത് ഭാവി അധ്യാപകരുടെ ക്ലാസ്റൂം ഇടപെടലുകളിലും വിവിധ വിഷയങ്ങളുടെ ബോധനത്തിലും ആയതുകൊണ്ട് വിലയിരുത്തലിന് അന്തർ വിഷയാത്മക സമീപനം (Inter Disciplinary Approach) സ്വീകരിക്കേണ്ടി വരും.

## 3.12 ഉൾച്ചേർന്ന വിദ്യാഭ്യാസം

എല്ലാവരെയും ഉൾക്കൊള്ളിക്കുമ്പോൾ മാത്രമേ വിദ്യാഭ്യാസം അതിന്റെ ഫലപ്രാപ്തി കൈവരിക്കുന്നുള്ളൂ. കുട്ടികളെ ഭാവിജീവിതത്തിനായി സജ്ജമാക്കുന്ന ഇടങ്ങളാണ് സ്കൂളുകൾ എന്നിരിക്കെ പ്രാന്തവൽരിക്കപ്പെട്ട സമൂഹത്തിൽനിന്നു വരുന്നവർ, ഭിന്നശേഷികളുള്ളവർ, വ്യത്യസ്ത രീതിയുള്ള പരിമിതികളുള്ളവർ, സാമൂഹികവും സാമ്പത്തികവുമായ ദുരിതം അനുഭവിക്കുന്നവർ എന്നിങ്ങനെ എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്നതാവണം വിദ്യാഭ്യാസവ്യവസ്ഥ. ഇതിന് ഉതകുന്ന രീതിയുള്ള അധ്യാപകരെ വാർത്തെടുക്കാൻ പാകത്തിലുള്ള പാഠ്യപദ്ധതിയാവണം ഉൾച്ചേർന്ന വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് തയാറാക്കേണ്ടത്.

**ലക്ഷ്യങ്ങൾ**

- സങ്കലിത വിദ്യാഭ്യാസത്തിൽ അർഥവും വ്യാപ്തിയും പ്രസക്തിയും പ്രയോഗവും അധ്യാപക വിദ്യാർഥികൾ തിരിച്ചറിയുന്നതിന്.
- പ്രത്യേക പരിഗണന വേണ്ട പഠിതാക്കളെ തിരിച്ചറിയുന്നതിനും അതനുസരിച്ച് പഠന പ്രവർത്തനങ്ങളിൽ അനുരൂപീകരണം നടത്തുന്നതിനുമുള്ള ധാരണ അധ്യാപകവിദ്യാർഥികൾ നേടുന്നതിന്.
- കുട്ടികളുടെ വൈകല്യം സംബന്ധിച്ച പ്രാഥമിക സ്ക്രീനിങ് നടത്തുന്നതിനുള്ള കഴിവ് അധ്യാപക വിദ്യാർഥികൾ നേടുന്നതിന്.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ കണ്ടെത്താൻ, പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ, പുനരധിവാസം തുടങ്ങിയ മേഖലകളിൽ സ്കൂൾ അനുഭവ പരിപാടിയുടെ ഭാഗമായി ധാരണ നേടുന്നതിന്.

**ഉള്ളടക്കം, വിനിമയം, മൂല്യനിർണയം**

ഉൾച്ചേർന്ന വിദ്യാഭ്യാസത്തിന് ആനുപാതികമായ ആപേക്ഷിക പ്രാധാന്യം (weightage) നൽകിക്കൊണ്ട് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ടീച്ചർ എജ്യുക്കേറ്റർമാർക്ക് സ്പെഷ്യൽ എജ്യുക്കേഷനിൽ പ്രത്യേക പരിശീലനം നൽകുകയും വർഷംതോറും പരിശീലനം പുതുക്കേണ്ടതുമാണ്.

- ആവശ്യമായ സമയം രണ്ടാം സെമസ്റ്ററിലെ ടൈംടേബിളിൽ ക്രമീകരിക്കുകയും തുടർ സെമസ്റ്ററുകളിൽ മറ്റ് വിഷയങ്ങളുമായി ഉദ്ഗ്രഥിച്ച പ്രവർത്തനങ്ങൾ തുടരുകയും ചെയ്യാവുന്നതാണ്.
- സങ്കലിതവിദ്യാഭ്യാസത്തിന്റെ അർഥം, വ്യാപ്തി, പ്രസക്തി, പ്രയോഗം എന്നീ മേഖലകൾ ഉൾപ്പെടുത്തേണ്ടതാണ്. അനുയോജ്യമായ വിനിമയതന്ത്രങ്ങൾ ഉൾപ്പെടുത്തണം. ഐ.സി.ടി. സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തണം.
- ഭിന്നശേഷിയുമായി ബന്ധപ്പെട്ട നേരനുഭവങ്ങൾ ലഭ്യമാക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണം. വിദഗ്ധരുടെ ക്ലാസുകൾ നിർബന്ധമായും ഉൾപ്പെടുത്തണം (ഉദാ: ഓട്ടിസം, പഠനവൈകല്യം, മെന്റൽ റിട്ടാർഡേഷൻ തുടങ്ങിയവ).
- സ്പെഷ്യൽ സ്കൂൾ സന്ദർശനത്തിന് അവസരം ഉണ്ടാകണം.
- സ്കൂൾ അനുഭവപരിപാടിയുടെ ഭാഗമായി വിവിധ പ്രോജക്ടുകൾ (എസ്.എസ്.എ/ ആർ.എം.എസ്.എ/ ഐ.ഇ.ഡി.എസ്.എസ്.) ഒരുക്കുന്ന പരിപാടികളിൽ പങ്കാളികളാകാൻ അവസരം ഒരുക്കണം.
- ഭിന്നശേഷിക്കാർക്കായുള്ള മൂല്യനിർണയ പ്രവർത്തനങ്ങൾ നടത്തുന്നതിൽ പ്രായോഗികാനുഭവം അധ്യാപക വിദ്യാർഥികൾക്ക് നൽകണം.
- കുട്ടികളുടെ വൈകല്യം സംബന്ധിച്ച പ്രാഥമിക സ്ക്രീനിങ് നടത്താനുള്ള കഴിവ് അധ്യാപക വിദ്യാർഥികളിൽ വികസിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണം.
- അനുരൂപീകരണ പ്രവർത്തനം നടത്തുന്നതിനുള്ള പ്രായോഗിക ധാരണ നൽകണം.

- ഗവേഷണാത്മക പ്രവർത്തനങ്ങളിൽ (കേസ് സ്റ്റഡി/ ആക്ഷൻ റിസർച്ച്) ഏർപ്പെടാനുള്ള അവസരം ഒരുക്കുകയും നിർബന്ധമായും ഏതെങ്കിലും ഒരു പ്രോജക്ട് ചെയ്യേണ്ടതുമാണ്.
- ഭിന്നശേഷിയുമായി ബന്ധപ്പെട്ട നിലവിലുള്ള നിയമങ്ങളെക്കുറിച്ച് അധ്യാപക വിദ്യാർഥികൾക്ക് ധാരണയുണ്ടാകണം. കൂടാതെ ഇത്തരം വിദ്യാർഥികൾക്കുള്ള ആനുകൂല്യങ്ങളെക്കുറിച്ചും ധാരണയുണ്ടാകണം.
- നിരന്തരം വിലയിരുത്തലിന് ആപേക്ഷിക പ്രാധാന്യം (Weightage) നൽകുകയും കൃത്യമായ രീതിയിൽ നിർബന്ധമായും നിർവഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ/ തന്ത്രങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
- റിസോഴ്സ് അധ്യാപകരുടെ ക്ലാസുകൾ (എസ്.എസ്.എ/ഐ.ഇ.ഡി.എസ്.എസ്.) അധ്യാപക വിദ്യാർഥികൾക്ക് ലഭ്യമാക്കണം.
- ടേം മൂല്യനിർണയം രണ്ടാം സെമസ്റ്ററിൽത്തന്നെ പൂർത്തീകരിക്കേണ്ടതാണ്.

## 3.13 വിവരവിനിമയ സാങ്കേതികവിദ്യ

പഠന-ബോധന പ്രക്രിയയിൽ സമഗ്രമാറ്റത്തിന് നാന്ദികുറിച്ചത് വിവരവിനിമയ സാങ്കേതികവിദ്യയുടെ കടന്നുവരവാണ്. കഴിഞ്ഞ ഒരു ദശകം ബോധനപ്രക്രിയയിലും വിഭവവിവര ശേഖരണത്തിലും വിശകലനത്തിലുമുണ്ടായ കാതലായ മാറ്റങ്ങളെല്ലാം ഐ.സി.ടി. സാങ്കേതികവിദ്യയുടെ കരുത്താണ് സൂചിപ്പിക്കുന്നത്. പാഠ്യപദ്ധതി രൂപകല്പന, പാഠാസൂത്രണം, വിനിമയം, വിലയിരുത്തൽ, പിന്തുണ-പരിഹാര പഠനപ്രവർത്തനങ്ങൾ എന്നിവയിലും പഠനബോധന ശാസ്ത്രത്തിന്റെ പുതിയ സിദ്ധാന്തങ്ങളിലും അവയുടെ പ്രയോഗത്തിലും ഫലപ്രാപ്തി നിർണയിക്കുന്നത് വിവരവിനിമയ സാങ്കേതികവിദ്യയാണ്.

**കാഴ്ചപ്പാട് - നിർദേശങ്ങൾ**

പഠനവുമായി ബന്ധപ്പെട്ട സമസ്തമേഖലകളിലും വിവരവിനിമയ സാങ്കേതികവിദ്യ അനിവാര്യമായിരിക്കുന്നു. ഭൗതികസാഹചര്യങ്ങളും പഠനാന്തരീക്ഷവും പഠനപ്രക്രിയയും പഠനോപകരണങ്ങളും വിലയിരുത്തലുകളുമെല്ലാം സാങ്കേതികവിദ്യ ഉൾച്ചേർന്ന് നടക്കുന്നതിനാൽ ഇവ പ്രയോജനപ്പെടുത്താതെ അധ്യാപനം സാധ്യമല്ലാതായിരിക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യയും ഡിജിറ്റൽ വിഭവങ്ങളും (ഡോക്യുമെന്റുകൾ, ചിത്രങ്ങൾ, അനിമേഷനുകൾ, വെബ്പേജുകൾ, വീഡിയോകൾ) അധ്യാപന ബോധനപ്രക്രിയയുടെ ഓരോ ഘട്ടത്തിലും ഉൾച്ചേർക്കാൻ ഭാവി അധ്യാപകർ പ്രാപ്തരാകേണ്ടതുണ്ട്. പ്രൈമറിതലത്തിൽ വിനോദത്തിനപ്പുറം (Entertainment) ആസ്വദിച്ചു പഠിക്കുന്നതിന് (Edutainment) സഹായകമായ വിഭവങ്ങൾ വിഷയാധിഷ്ഠിതമായി തയാറാക്കാനും വേണ്ട സന്ദർഭങ്ങളിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താനും (In fuse) അധ്യാപകവിദ്യാർഥി പ്രാപ്തനാവേണ്ടതുണ്ട്. ഇതിനായി താഴെ പറയുന്ന ഘടകങ്ങൾ അധ്യാപകപരിശീലന പാഠ്യപദ്ധതിയിൽ ഉറപ്പുവരുത്തേണ്ടതുണ്ട്.

- അധ്യാപക പാഠ്യപദ്ധതിയുടെ എല്ലാ ഘട്ടങ്ങളിലും ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- അധ്യാപനനൈപുണികൾ ആർജിക്കൽ, മെച്ചപ്പെടുത്തൽ തുടങ്ങിയ മേഖലകളിൽ ഐ.സി.ടി. സാധ്യത പ്രയോജനപ്പെടുത്തുക.
- എല്ലാ വിഷയങ്ങളിലും ലേണിങ് മാനേജ്മെന്റ് സിസ്റ്റം (LMS) പ്രായോഗികമായി ഉൾച്ചേർക്കൽ.
- ഐ.സി.ടി. അധിഷ്ഠിത വിഭവങ്ങളുടെ ശേഖരണം, ക്രമീകരണം, ആസൂത്രണം, ഫലപ്രദമായ വിനിമയം, വിലയിരുത്തൽ എന്നിവ അധ്യാപകപരിശീലനത്തിന്റെ ഓരോ ഘട്ടത്തിലും ഉറപ്പാക്കുക.
- ആസൂത്രണം, പാഠവിശകലനം, വിലയിരുത്തൽ, പിന്തുണാസംവിധാനമൊരുക്കൽ തുടങ്ങിയ മേഖലകളിൽ സമഗ്രമായ വെബ് പോർട്ടൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുക.
- ഐ.സി.ടി. അധിഷ്ഠിതമായ സാങ്കേതികപരിജ്ഞാനം ഓരോ അധ്യാപകവിദ്യാർഥിക്കും ലഭിക്കുന്ന രീതിയിലുള്ള പ്രായോഗികപരിശീലനം, സർട്ടിഫിക്കേഷൻ എന്നിവ ഉറപ്പാക്കുക.
- സങ്കലിതവിദ്യാഭ്യാസം, ഭിന്നശേഷിക്കാരായ പഠിതാക്കളെ കണ്ടെത്താനും അഭിമുഖീകരിക്കുന്നതിനും ആവശ്യമായ പിന്തുണാസാങ്കേതികവിദ്യകൾ (Assistive technology) പരിശീലനത്തിന്റെ ഭാഗമാക്കുക.
- ഉള്ളടക്ക വിശകലനത്തിന് ഐ.സി.ടി. സംവിധാനങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം ഓരോ അധ്യാപക വിദ്യാർഥിയുടെയും പ്രകടനം, ഉൽപ്പന്നം, യൂണിറ്റ് വിലയിരുത്തൽ തുടങ്ങിയവ സാങ്കേതികവിദ്യബന്ധിതമാക്കുക.
- ഓരോ വിഷയവുമായി ബന്ധപ്പെട്ട് ഓരോ അധ്യാപക വിദ്യാർഥിയും കടന്നുപോകേണ്ട പ്രവർത്തനങ്ങൾ, തയാറാക്കേണ്ട ഉൽപ്പന്നങ്ങൾ, സമർപ്പിക്കേണ്ട രൂപരേഖകൾ തുടങ്ങിയവ അതതു വിഷയവുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങളിൽ കൃത്യമായി സൂചിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുക.
- ടീച്ചർ എജ്യുക്കേറ്ററും അധ്യാപകവിദ്യാർഥിയും തമ്മിലുള്ള പഠനവും വിലയിരുത്തലും ഫീഡ്ബാക്കും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കാൻ നിർദേശങ്ങൾ നൽകുക.
- ഓരോ വിഷയത്തിലും അനുയോജ്യമായ വീഡിയോകൾ, സിനിമാ ക്ലിപ്പുകൾ എന്നിവ പരമാവധി സൂചിപ്പിക്കുക.

# 4 മൂല്യനിർണയം

അധ്യാപകവിദ്യാഭ്യാസ പ്രക്രിയ അതിന്റെ ലക്ഷ്യങ്ങളിലൂന്നി നിരന്തരവും സമഗ്രവുമായി വിലയിരുത്തപ്പെടണം. മാനവികതയിലൂന്നിയ നിലപാടുകളും ശാസ്ത്രീയ പഠന-ബോധന രീതികളിൽ പ്രായോഗികജ്ഞാനവുമുള്ള ഭാവി അധ്യാപകരാണ് പാഠ്യപദ്ധതിയുടെ വിശാല ലക്ഷ്യം. വിലയിരുത്തലിന്റെ ദർശനം, പ്രയോഗം എന്നിവയുടെ സാംഗത്യം അധ്യാപക വിദ്യാർഥിക്ക് സ്വായത്തമാക്കാൻ സാധിക്കുന്ന രീതിയിലാകണം അധ്യാപകവിദ്യാഭ്യാസ പ്രക്രിയയുടെ വിലയിരുത്തൽ. ഇതോടൊപ്പം വൈവിധ്യമാർന്നതും യുക്തവുമായ രീതികളിലൂടെയും തന്ത്രങ്ങളിലൂടെയും നിരന്തരവും സമഗ്രവുമായി അധ്യാപകവിദ്യാർഥികളുടെ ശേഷികളുടെ വിലയിരുത്തൽ നടക്കുകയും വേണം.

മൂല്യനിർണയത്തിന്റെ ദർശനം, പ്രയോഗം എന്നിവ ഭാവി അധ്യാപകരുടെ ജീവിതശൈലിയായി രൂപപ്പെടണമെങ്കിൽ സമഗ്രവും നിരന്തരമായി വിലയിരുത്തൽ പ്രക്രിയക്ക് വിധേയരാവുകയും സ്വയം വിലയിരുത്തൽ, പരസ്പര വിലയിരുത്തൽ എന്നിവ വൈവിധ്യമാർന്ന രീതിയിലൂടെയും ഉപാധികളിലൂടെയും സ്വാംശീകരിക്കാൻ അവസരം ലഭിക്കുകയും വേണം.

ആശയധാരണകൾ, പ്രയോഗവൈദഗ്ധ്യം, മനോഭാവങ്ങൾ, സമീപനം, അഭിരുചികൾ, ശേഷികൾ, നൈപുണികൾ, സാമൂഹിക - വൈകാരിക തലങ്ങൾ എന്നീ മേഖലകൾ വിലയിരുത്തപ്പെടണം. അധ്യാപകവിദ്യാർഥികൾക്ക് സ്വയം വിലയിരുത്തൽ, സഹപഠിതാവിന്റെ വിലയിരുത്തൽ, അധ്യാപക/ വിദഗ്ധരുടെ വിലയിരുത്തൽ എന്നിവയിലൂടെ പഠനം വിലയിരുത്താനും മുന്നേറാനും അവസരമുണ്ടാകണം. അധ്യാപകവിദ്യാർഥികളുടെ വൈജ്ഞാനിക, സാമൂഹിക, വൈകാരിക മേഖലകൾ, അധ്യാപനശേഷികൾ, പ്രയോഗ വൈദഗ്ധ്യം എന്നീ മേഖലകളാണ് വിലയിരുത്തപ്പെടേണ്ടത്. ഇതോടൊപ്പം അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തന പരിപാടികളും വിലയിരുത്തലിന് വിധേയമാക്കണം.

**അധ്യാപകവിദ്യാഭ്യാസത്തിന്റെ മൂല്യനിർണയസമീപനത്തെ ഇങ്ങനെ ക്രോഡീകരിക്കാം**

- മൂല്യനിർണയപ്രക്രിയ നിരന്തവും സമഗ്രവുമായിരിക്കണം.
- അധ്യാപകനൈപുണികൾ എത്രത്തോളം കൈവരിച്ചു എന്നതിനാണ് പ്രധാന്യം നൽകേണ്ടത്.
- നേടിയ ധാരണകളുടെ പ്രയോഗതലത്തിലുള്ള കഴിവുകൾക്കാണ് ഊന്നൽ നൽകേണ്ടത്.
- 'ഭാവി അധ്യാപകർ' എന്ന രീതിയിൽ മികച്ച അധ്യാപനപ്രക്രിയയ്ക്ക് ആവശ്യമായ ശേഷികൾ, ധാരണകൾ, മനോഭാവം, നൈപുണി എന്നിവ കൈവരിച്ചോ എന്നാണ് വിലയിരുത്തേണ്ടത്.
- പഠനവിഷയങ്ങളുടെ വൈജ്ഞാനികതലം മാത്രമല്ല, സാമൂഹിക-വൈകാരിക തലം കൂടി പരിഗണിക്കേണ്ടതുണ്ട്.
- സ്വയം വിലയിരുത്തിയും സ്ഥാനനിർണയം നടത്തിയും മുന്നേറാൻ പ്രേരണ നൽകുന്ന രീതിശാസ്ത്രമാണ് സ്വീകരിക്കേണ്ടത്.
- അധ്യാപകപരിശീലകരുടെ വിലയിരുത്തൽ, മാനകീകരണത്തിനായുള്ള ബാഹ്യ വിലയിരുത്തൽ, പ്രായോഗിക അധ്യാപകപരിശീലനവുമായി ബന്ധപ്പെട്ട പ്രകടനങ്ങൾ തുടങ്ങി വിവിധ സങ്കേതങ്ങൾ ഇതിനായി പ്രയോജനപ്പെടുത്താം.
- ഗുണാത്മകമായ വിലയിരുത്തലിനുള്ള എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തണം.
- നിരന്തരമൂല്യനിർണയം, ടേംമൂല്യനിർണയം എന്നിവയുടെ ആപേക്ഷിക പ്രാധാന്യം തീരുമാനിക്കുമ്പോൾ സമഗ്രതയ്ക്ക് ഊന്നൽ നൽകണം.

- എഴുത്തുപരീക്ഷയിൽ അറിവിന്റെ പ്രയോഗതലത്തെക്കുറിച്ചും സാധ്യതകളെക്കുറിച്ചുമുള്ള ധാരണകളും നിലപാടുകളുമാണ് വിലയിരുത്തേണ്ടത്.
- ആസൂത്രണം, വിവരശേഖരണം, സാമഗ്രികളുടെ വിനിയോഗം, സമയ-വിഭവ മാനേജ്മെന്റ്, പ്രശ്നവിശകലനം, കേസ് വിലയിരുത്തൽ, അനുഭവവിശകലനം, ഫീഡ്ബാക്ക് നൽകൽ, പരിഹാരപിന്തുണ തുടങ്ങിയ അധ്യാപകനൈപുണികൾക്ക് പ്രാധാന്യം നൽകിയാണ് നിരന്തരമൂല്യനിർണയവും വിദ്യാലയ അനുഭവപരിപാടികളുടെ വിലയിരുത്തലും നിർവഹിക്കേണ്ടത്.
- മൂല്യനിർണയപ്രക്രിയയെയും ഫലങ്ങളെയും വിലയിരുത്താനുള്ള കഴിവും വിലയിരുത്തപ്പെടണം.
- മൂല്യനിർണയപ്രക്രിയ സുതാര്യവും മാനവികവുമായിരിക്കണം.
- വിദ്യാലയ അനുഭവപരിപാടികൾക്കായി തിരഞ്ഞെടുക്കുന്ന വിദ്യാലയം, മെന്റർ എന്നിവരുടെ ഫീഡ്ബാക്കും പരിഗണിക്കപ്പെടണം.
- മൂല്യനിർണയപ്രക്രിയയുടെ വിശ്വാസ്യത, സുതാര്യത, വസ്തുനിഷ്ഠത എന്നിവ ഉറപ്പു വരുത്തുന്നതിന് സഹായകമായ ഗുണാത്മക വിലയിരുത്തൽ സൂചകങ്ങൾ തയാറാക്കണം.
- 6–14 പ്രായത്തിലുള്ള കുട്ടിയുടെ വൈജ്ഞാനികവും വൈകാരികവും സാമൂഹികവുമായ കഴിവുകൾ വിലയിരുത്താനുള്ള ശേഷി നേടിയോ എന്നതിന് പ്രാധാന്യം നൽകണം.
- പുതിയ ആശയങ്ങളെ സ്വീകരിക്കാനും സ്വയം നവീകരിക്കാനും പ്രായോഗികാനുഭവങ്ങൾ വിശകലനം ചെയ്തു തിരുത്തി മുന്നേറാനും പ്രേരണ നൽകുന്നതായിരിക്കണം മൂല്യനിർണയപ്രക്രിയ.
- അധ്യാപകന്റെ നൈതികത, ജനാധിപത്യബോധം, മതേതരനിലപാട്, ക്രിയാത്മകത, പൗരധർമം തുടങ്ങിയ മൂല്യങ്ങൾ, മനോഭാവങ്ങൾ, നിലപാടുകൾ എന്നിവയും വിലയിരുത്തപ്പെടണം.

## I. വൈജ്ഞാനികമേഖലയിലെ വിലയിരുത്തൽ

അധ്യാപകവിദ്യാർഥി പഠിക്കുന്ന എല്ലാ വിഷയങ്ങളും ഈ മേഖലയിൽ ഉൾപ്പെടുന്നു. വിഷയങ്ങളുമായി ബന്ധപ്പെട്ട ആശയധാരണകൾ, അഭിരുചികൾ, നൈപുണികൾ, ശേഷികൾ എന്നിവ വിലയിരുത്തുന്നു. ഇത് പഠനപ്രക്രിയയുടെ വിലയിരുത്തൽ, പോർട്ട്ഫോളിയോ വിലയിരുത്തൽ, യൂണിറ്റ്തല വിലയിരുത്തൽ, ആത്യന്തിക വിലയിരുത്തൽ (ടേം ഇവാലുവേഷൻ) എന്നിങ്ങനെ നടത്താം.

### 1.1 പഠനപ്രക്രിയയുടെ ഭാഗമായ വിലയിരുത്തൽ

പ്രവർത്തനങ്ങളിലെ പങ്കാളിത്തം, ആശയധാരണശേഷികൾ ആർജിക്കൽ, പ്രകടനം/അവതരണം - രേഖപ്പെടുത്തലുകൾ എന്നിങ്ങനെ പഠനപ്രക്രിയയുടെ ഭാഗമായി വിലയിരുത്തൽ മാറണം. സ്വയം വിലയിരുത്തൽ, പരസ്പരവിലയിരുത്തൽ, അധ്യാപികയുടെ വിലയിരുത്തൽ എന്നീ സങ്കേതങ്ങളിലൂടെ സർഗാത്മകമായി ഉചിതമായ സാമഗ്രികളും ഉപകരണങ്ങളും അടിസ്ഥാനമാക്കി സമഗ്രമായും നിരന്തരമായും നടത്തണം. പഠനത്തിനുവേണ്ടിയുള്ള വിലയിരുത്തലും പഠനം തന്നെ വിലയിരുത്തലായും മാറുന്ന സർഗാത്മക ക്ലാസ്പ്രവർത്തനങ്ങൾ രൂപപ്പെടുന്ന നിലയിലേക്ക് വിലയിരുത്തൽ മാറണം.

### 1.2 പോർട്ട് ഫോളിയോ വിലയിരുത്തൽ

അതത് വിഷയങ്ങളുടെ പഠനപ്രവർത്തനത്തിലൂടെ കടന്നുപോകുമ്പോൾ രൂപപ്പെടുന്ന എല്ലാ ഉൽപ്പന്നങ്ങളും പോർട്ട്ഫോളിയോയിൽ ഉൾപ്പെടുത്തി വിലയിരുത്തണം. (റിഫ്ളക്ടീവ് ജേണൽ, ആക്ഷൻ റിസർച്ച്, കേസ്സ്റ്റഡി റിപ്പോർട്ട്, പഠനപ്രവർത്തന ഭാഗമായി ഉരുത്തിരിയുന്ന മറ്റ് എല്ലാ ഉൽപ്പന്നങ്ങളും) സ്വയം വിലയിരുത്താനുള്ള സാധ്യതകൾ തുറന്നിടണം. ടീച്ചർ എജ്യുക്കേറ്റർ/മെന്റർ/വിദഗ്ധർ എന്നീ തലത്തിൽ വിലയിരുത്തൽ മേഖലകൾ പരിമിതപ്പെടുത്താം.

### 1.3 യൂണിറ്റ്തല വിലയിരുത്തൽ

ഓരോ യൂണിറ്റിലെയും അധ്യാപകവിദ്യാർഥികളുടെ പഠനപുരോഗതി വിലയിരുത്തണം. ഇതിനായി ക്രിയാത്മകമായ തന്ത്രങ്ങൾ ഉപയോഗപ്പെടുത്താം. റേറ്റിങ് സ്കെയിൽ, ചെക്ക് ലിസ്റ്റ് എന്നീ ഉപാധികൾ

ഉപയോഗിച്ച് പഠനപുരോഗതി രേഖപ്പെടുത്താനും ഐ.ടി./ ഓൺലൈൻ സാധ്യത ഉപയോഗപ്പെടുത്തി ഏകീഭൃതമായ കാലയളവിൽ അപ്‌ലോഡ് ചെയ്യാനുമുള്ള സാധ്യതകൾ ഉൾപ്പെടുത്തണം.

### 1.4 ആത്യന്തിക വിലയിരുത്തൽ (ടേം ഇവാലുവേഷൻ)

ഉള്ളടക്കമേഖലകൾക്കും പ്രായോഗികാനുഭവങ്ങൾക്കും കാഴ്ചപ്പാടുകൾക്കും ഊന്നൽ നൽകിക്കൊണ്ട് വൈവിധ്യമുള്ള സർഗാത്മക ചോദ്യമാതൃകകൾ ഉപയോഗിച്ച് എഴുത്തുപരീക്ഷ നടത്താം. ചോദ്യബാങ്ക് സാധ്യതകൾ, ഓൺലൈൻ മാധ്യമം, ഗവേഷണ പ്രബന്ധങ്ങളുടെ കേസ് സ്റ്റഡി റിപ്പോർട്ടുകൾ, പ്രോജക്ട് സബ്മിഷനുകൾ, അസൈൻമെന്റുകൾ എന്നീ വൈവിധ്യമാർന്ന ഉപാധികളുടെ സാധ്യതകൾ പരിശോധിക്കണം.

## II. സാമൂഹിക - വൈകാരികമേഖലയിലെ വിലയിരുത്തൽ

കൃത്യനിഷ്ഠ, സൗന്ദര്യബോധം, സാമൂഹികശേഷികൾ, ജനാധിപത്യരീതിയിലുള്ള ഇടപെടൽ, അനുതാപം, ഭിന്നശേഷിക്കാരോടുള്ള പരിഗണന, വ്യത്യസ്തരോടും പരിമിതികൾ ഉള്ളവരോടുമുള്ള നിലപാട്, പ്രശ്നപരിഹരണം തുടങ്ങിയ സാമൂഹിക-വൈകാരിക മേഖലകൾ സമഗ്രമായി വിലയിരുത്തണം.

വൈജ്ഞാനികമേഖലയിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെടുത്തി ഈ മേഖലയിലെ വിലയിരുത്തൽ നടത്താം. കൂടാതെ ദിനാചരണം, ക്യാമ്പുകൾ, അധ്യയനയാത്രകൾ, വിവിധ ഇടപെടലുകൾ തുടങ്ങിയ പ്രവർത്തനങ്ങളിലാണ് ഈ മേഖലയിലെ വിലയിരുത്തൽ സാധ്യമാവുക. ഉചിതങ്ങളായ സൂചകങ്ങളും ഫോർമാറ്റുകളും ഇതിനായി വികസിപ്പിക്കണം.

## III. അധ്യാപനശേഷികളുടെ പ്രയോഗവൈദഗ്ധ്യം വിലയിരുത്തൽ

സ്കൂൾ അനുഭവപരിപാടിയുടെ ഭാഗമായി മനോഭാവങ്ങൾ, ധാരണകൾ, അധ്യാപന നൈപുണികൾ എന്നിവ വിലയിരുത്തണം. സ്കൂൾ അനുഭവപരിപാടി തത്സമയം സമഗ്രമായി വിലയിരുത്തണം. ആസൂത്രിതമായ പ്രവർത്തനപദ്ധതികളോടെ ഈ വിലയിരുത്തൽ കൃത്യപ്പെടുത്തണം. വിശകലന ക്ലാസുകൾ, നിരീക്ഷണ ക്ലാസുകൾ, ട്രൈ ഔട്ട് സാധ്യതകൾ, പ്രോജക്ടുകൾ, അന്വേഷണാത്മക പ്രവർത്തനങ്ങൾ, വിവരണാത്മകമായി നിരീക്ഷണങ്ങളും വസ്തുനിഷ്ഠമായ അഭിപ്രായങ്ങളും രേഖപ്പെടുത്തിയ മെന്ററിങ് റിപ്പോർട്ട് എന്നിവ വിലയിരുത്തലിന്റെ ഭാഗമായി പരിഗണിക്കാം. ഇതിനായി ഉചിതമായ സൂചകങ്ങൾ, സാമഗ്രികൾ, ഉപാധികൾ, സമയക്രമം എന്നിവ വിശദമായി പ്രതിപാദിക്കുന്ന ഒരു കൈപ്പുസ്തകം എസ്.സി.ഇ.ആർ.ടിയുടെ നേതൃത്വത്തിൽ തയാറാക്കണം. ഇത് നിരീക്ഷകർക്കും മെന്റർക്കും രേഖപ്പെടുത്തലുകൾ നടത്താവുന്നതും അധ്യാപകവിദ്യാർഥിക്ക് സ്വയം വിലയിരുത്തലിന് സാധ്യതകൾ തുറന്നിടുന്നതുമായിരിക്കണം. സ്കൂൾ അനുഭവപരിപാടിയുടെ നിരന്തര വിലയിരുത്തൽ സ്കോറുകൾ അതതുസമയം അപ്‌ലോഡ് ചെയ്യുന്നതിനുള്ള ഓൺലൈൻ സാധ്യതകളുള്ള ഏകീകൃത വെബ്പോർട്ടൽ വികസിപ്പിക്കണം. സ്കൂൾ അനുഭവപരിപാടി തത്സമയം ജില്ലാതല/ സംസ്ഥാനതല പരീക്ഷാബോർഡുകളുടെ വിലയിരുത്തലിന് വിധേയമാക്കാവുന്നതാണ്. സ്ഥാപനതലത്തിൽ സ്കൂൾ അനുഭവപരിപാടിയുടെ നടത്തിപ്പ്/ മോണിറ്ററിങ് എന്നിവയ്ക്കായി പ്രത്യേക സമിതികൾ രൂപീകരിക്കണം.

## IV. സ്ഥാപനങ്ങളുടെ തത്സമയ മോണിറ്ററിങും വിലയിരുത്തലും

അർഥപൂർണമായ പഠനം നടക്കുന്ന ഇടങ്ങളാകണം അധ്യാപകവിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഇതിനായി നിരന്തരവിലയിരുത്തലും പിന്തുണാസംവിധാനവും സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ടതുണ്ട്. ഇവയുടെ പ്രവർത്തനം നിരന്തവിലയിരുത്തലിന് വിധേയമാകണം. സ്ഥാപനമികവുകൾ കുട്ടികളുടെ മികവുകളുമായി താരതമ്യം ചെയ്ത് വിലയിരുത്തുന്ന രീതി അവലംബിക്കാവുന്നതാണ്. സ്ഥാപനങ്ങൾ അക്കാദമികപ്ലാനുകൾ തയാറാക്കണം. മികവാർന്ന പ്രവർത്തനമാതൃകകൾ പ്രത്യേക പോർട്ടലുകളിൽ അപ്‌ലോഡ് ചെയ്ത് വിനിമയം ചെയ്യാനും സ്വയം വിലയിരുത്താനും അവസരമൊരുക്കണം.

ഓരോ സ്ഥാപനവും മികവിന്റെ കേന്ദ്രങ്ങളാകുന്നതോടൊപ്പം പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്ന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യണം. ഈ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുകയും ജില്ലാതലത്തിൽ ഡയറ്റിന്റെ നേതൃത്വത്തിൽ മികവിന്റെ സെമിനാറുകൾ സംഘടിപ്പിച്ച് വിനിമയം ചെയ്യുകയും വേണം.

വിദ്യാഭ്യാസമനശ്ശാസ്ത്രം, ഉൾച്ചേർന്ന വിദ്യാഭ്യാസം എന്നീ മേഖലകളിൽ നൂതന പ്രോജക്ടുകളും പഠനോപാധികളും മാനേജ്മെന്റ് തന്ത്രങ്ങളും വികസിപ്പിക്കുന്ന ഗവേഷണ കേന്ദ്രങ്ങളായി അധ്യാപക വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരണം. ഈ പ്രവർത്തനങ്ങൾ പ്രത്യേക സൂചകങ്ങൾ ഉപയോഗിച്ച് വിലയിരുത്തലിന് വിധേയമാവുകയും വേണം. ഇതിനായി പ്രത്യേക സമിതികൾ രൂപീകരിക്കേണ്ടതുണ്ട്.

## V. പ്രായോഗിക പരീക്ഷാബോർഡ് സംവിധാനം

നിലവിലുള്ള പരീക്ഷാബോർഡ് സംവിധാനത്തിന്റെ ശക്തിദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ് സമഗ്രമായ പൊളിച്ചെഴുത്തിന് തയാറാവണം. സർഗാത്മകമായ ഇടപെടൽ സാധ്യതകളുടെയും സമയത്തെയും നിരവധി രേഖകളിലേക്കും അർഥശൂന്യമായ എഴുത്തുപണികളിലേക്കും നയിക്കുന്നതിൽ പരീക്ഷാബോർഡ് സംവിധാനത്തിന് ചെറുതല്ലാത്ത പങ്കുണ്ട്. തീർത്തും അപര്യാപ്തമായ സമയംകൊണ്ട് പഠിതാക്കളുടെ ഉൽപ്പന്നങ്ങൾ, പ്രകടനം, പഠനനിലവാരം എന്നിവ നിർണയിക്കേണ്ടിവരുന്നു, ഇതിനായി കൃത്രിമമായ മുന്നൊരുക്കങ്ങൾ നടത്തുന്നു, സ്വയം വിശകലനാത്മകമായ സമീപനത്തിന് പകരം സ്വന്തം പ്രവൃത്തികൾക്കും വീഴ്ചകൾക്കും ന്യായീകരണങ്ങൾ ചമയ്ക്കുന്നു, ശാസ്ത്രീയമായ ധാരണയോ വിശകലനമോ കൂടാതെ ബോർഡംഗങ്ങൾ പ്രതികരിക്കുന്നു, രേഖപ്പെടുത്തിയ പ്രതികരണങ്ങൾക്കെതിരെ സ്ഥാപനങ്ങൾ പ്രതികരിക്കുന്നു, മാനകീകരണപ്രക്രിയയ്ക്ക് സ്ഥാപനങ്ങൾക്കിടയിലും സ്ഥാപനങ്ങളിലെ അധ്യാപകപരിശീലകർക്കിടയിലും വളരെ കാലമായി നിലനിൽക്കുന്ന പ്രവർത്തന സംസ്കാരത്തിലെ അന്തരത്തെ സ്വാധീനിക്കാൻ കഴിയുന്നില്ല തുടങ്ങി പ്രായോഗിക പരീക്ഷാ ബോർഡിന്റെ നിലനിൽപ്പുതന്നെ ചോദ്യം ചെയ്യപ്പെടുന്ന നിരവധി ആക്ഷേപങ്ങൾ ഉയർന്നുവരുന്നു. ഇവ പരിഗണിച്ചുകൊണ്ടാണ് മാനകീകരണപ്രക്രിയ തയാറാക്കേണ്ടത്.

പാഠ്യപദ്ധതിനടത്തിപ്പ്, മാർഗരേഖ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ, സ്ഥാപനങ്ങളുടെ തനതുപ്രവർത്തനങ്ങൾ എന്നിവ യഥാസമയം മോണിറ്റർ ചെയ്യുന്നതിനും സഹായകമായ രീതിയിൽ നിലവിലുള്ള പരീക്ഷാബോർഡിനെ പരിവർത്തിപ്പിക്കേണ്ടതുമുണ്ട്. കോഴ്സിന്റെ ആരംഭത്തിൽത്തന്നെ പരീക്ഷാബോർഡുകൾ (ജില്ലാതലം/സംസ്ഥാനതലം) രൂപീകരിക്കണം. ഓൺലൈൻ സംവിധാനത്തിലൂടെ പ്രസ്തുത പ്രവർത്തനങ്ങൾ, സ്ഥാപനങ്ങൾ രേഖപ്പെടുത്തുകയും ബോർഡുകൾ നിരന്തരം ഇവ മോണിറ്റർ ചെയ്യുകയും പ്രത്യേക പിന്തുണാ സംവിധാനങ്ങൾ നൽകുകയും വേണം. ഇതിൽ പിന്തുണ ആവശ്യമുള്ള സ്ഥാപനങ്ങളിൽ പ്രായോഗിക ബോർഡ് സന്ദർശനം നടത്തണം. സന്ദർശനകേന്ദ്രങ്ങൾ ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആനുപാതികമായി നിശ്ചയിക്കാവുന്നതാണ്. സംസ്ഥാന ബോർഡുകൾക്കും ഇതേ മാതൃക പിന്തുടരാവുന്നതാണ്.

## VI. മൂല്യനിർണയത്തിന്റെ രേഖപ്പെടുത്തലും തൊഴിൽമേഖലയിലെ വൈദഗ്ധ്യം നിശ്ചയിക്കലും

സെമസ്റ്റർരീതിയിൽ നാലു ഘട്ടങ്ങളിലായി മൂല്യനിർണയം നിർവഹിക്കപ്പെടുന്നു. സെമസ്റ്റർ ഒന്ന്, മൂന്ന് മൂല്യനിർണയം ജൂൺ-നവംബർ മാസങ്ങളിലും സെമസ്റ്റർ രണ്ട്, നാല് മൂല്യനിർണയപ്രക്രിയ ഡിസംബർ -മെയ് മാസങ്ങളോടെയും പൂർത്തിയാവണം. അധ്യാപക വിദ്യാർഥികളുടെ മികവുകൾ 9 പോയന്റ് ഗ്രേഡിങ്ങിൽ സമഗ്രവും നിരന്തരവുമായി വിലയിരുത്തൽ, നിശ്ചിത കാലയളവിലുള്ള പഠനനേട്ടങ്ങൾ ടേം വിലയിരുത്തൽ എന്നിങ്ങനെ നിർവഹിക്കപ്പെടുന്നു. ഇങ്ങനെ ആകെയുള്ള പേപ്പറുകളിൽ ഓരോന്നിനും മൊത്തമായി മിനിമം സി.പ്ലസ് ഗ്രേഡ് നേടിയ കുട്ടി ഡി.എൽ.എഡ്. സർട്ടിഫിക്കറ്റിന് യോഗ്യത നേടുന്നു.

ഒരു പ്രൊഫഷണൽ കോഴ്സായ ഡി.എൽ.എഡിന്റെ മൂല്യനിർണയത്തിൽ തിയറിയേക്കാൾ പ്രാധാന്യം പ്രായോഗികതയ്ക്ക് നൽകണം എന്ന് ഡോ. വെങ്കിടേഷ് മൂർത്തി റിപ്പോർട്ട് ആവശ്യപ്പെടുന്നു. എൻ.സി.എഫ്.ടി.ഇ. 2014 നിർദേശ പ്രകാരം താഴെ പറയുന്ന വിധം വിലയിരുത്തൽ മാനദണ്ഡം നിശ്ചയിക്കാം.

# 5 പാഠ്യപദ്ധതി രൂപീകരണവും നടപ്പാക്കലും

2018–19 അക്കാദമികവർഷം മുതൽ പരിഷ്കരിച്ച എലിമെന്ററി അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതി തയാറാക്കി നടപ്പാക്കേണ്ടതുണ്ട്. ഇതിനായി സമയബന്ധിതമായി പരിപാടികൾ ആസൂത്രണം ചെയ്യണം.

**രൂപീകരണപ്രക്രിയ**

- പരിചയസമ്പന്നരും പ്രഗത്ഭരുമായ ടീച്ചർ എജ്യുക്കേറ്റർമാർ, വിദ്യാഭ്യാസ വിദഗ്ധർ എന്നിവരടങ്ങിയ ടീം രൂപീകരിക്കുന്നു.
- ഇവർക്കുവേണ്ടി വിദഗ്ധർ നയിക്കുന്ന ക്ലാസുകൾ. ക്ലാസിൽ ഓരോ വിഷയത്തിന്റെയും ഉള്ളടക്കം, നൂതനപ്രവണതകൾ, വിനിമയതന്ത്രങ്ങൾ എന്നിവ നിർദേശിക്കണം. എസ്.സി.ഇ.ആർ.ടി. നടത്തിയ അവസ്ഥാപഠനത്തിലെ കണ്ടെത്തലുകൾ, എൻ.സി.ടി.ഇ. മാർഗനിർദേശങ്ങൾ എന്നിവ ചർച്ചചെയ്യണം.
- ഒരു പേപ്പറിന് 3 പേരെയെങ്കിലും കണ്ടെത്തണം. ഇവർ അതത് വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ളവരായിരിക്കണം. ഇവരെ നയിക്കുന്നതിന് വിദഗ്ധരുണ്ടായിരിക്കണം.
- വിഷയങ്ങളുടെ ഉള്ളടക്കം, പ്രക്രിയ എന്നിവ വായനയിലൂടെയും ചർച്ചയിലൂടെയും കണ്ടെത്തണം. പ്രക്രിയകളും തന്ത്രങ്ങളും ട്രൈ ഔട്ട് നടത്തി മെച്ചപ്പെടുത്തണം.
- മികച്ച ലൈബ്രറി, ഐ.ടി. റഫറൻസ് സൗകര്യം ഉള്ളിടത്താണ് പാഠ്യപദ്ധതി നിർഹണപ്രക്രിയ നടത്തേണ്ടത്.
- എഴുതുക, ചർച്ചചെയ്യുക, മാറ്റം വരുത്തുക, ഈ പ്രക്രിയ തുടർച്ചയായി നടക്കണം
- എഴുതി തയാറാക്കിയത് ഒരു കോർ ടീം എഡിറ്റ് ചെയ്യണം. ഇതിനായി ഒരു കോർ ടീമിനെ കണ്ടെത്തണം.

**അധ്യാപകപരിശീലനം**

- എസ്.സി.ഇ.ആർ.ടി.യുടെ നേതൃത്വത്തിൽ കോർ ഗ്രൂപ്പ് പരിശീലനാസൂത്രണം നടത്തുന്നു. പരിശീലനസാമഗ്രികൾ തയാറാക്കുന്നു.
- ഓരോ വിഷയത്തിനും സംസ്ഥാനതലപരിശീലനം.
- ജില്ലാതലത്തിലോ മേഖലാതലത്തിലോ എല്ലാ വിഷയത്തിനും മുഴുവൻ ടീച്ചർ എജ്യുക്കേറ്റർമാർക്കും ഡയറ്റിന്റെ നേതൃത്വത്തിൽ പരിശീലനം.
- പരിശീലനപരിപാടികൾ സംസ്ഥാനതലത്തിൽ മോണിറ്ററിങ് ചെയ്യണം. ഇതിനായി ഒരു പഠനസംഘത്തെ നിയോഗിക്കുകയും ഇവരിൽ നിന്നു റിപ്പോർട്ട് ആവശ്യപ്പെടുകയും വേണം. പരിശീലനത്തിന്റെ ഫലപ്രാപ്തിയെക്കുറിച്ചുള്ള പഠനത്തിന്റെ അടിസ്ഥാനത്തിൽ ഭാവിപരിപാടികൾ ആസൂത്രണം ചെയ്യണം.

## പാഠ്യപദ്ധതി അവലോകനസമിതികൾ

പാഠ്യപദ്ധതി നവീകരണത്തിനായി / അവലോകനത്തിനായി അഞ്ച് പ്രധാന സമിതികൾ രൂപീകരിക്കേണ്ടതുണ്ട്. ഭാഷ, ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, അധ്യാപക നൈപുണികൾ എന്നീ മേഖലകളിലെ നവീകരണത്തിനുള്ള നിർദേശങ്ങൾ ഈ സമിതികൾ നൽകും. ഓരോ വിഷയത്തെയും സമഗ്രമായി സമീപിക്കുക. അധ്യാപകസഹായികൾ തയാറാക്കുക, റഫറൻസ് സാമഗ്രികൾ തയാറാക്കുക എന്നിവ ഈ സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കാം. കേരളത്തിലെ അധ്യാപകവിദ്യാഭ്യാസത്തെ കുറിച്ച് കുറഞ്ഞ കാലയളവിൽ പൂർത്തീകരിക്കുന്ന പഠനം നടത്താൻ ഈ സമിതിയെ നിയോഗിക്കാം.

# ഉപസംഹാരം

പ്രൈമറി അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതി (ഡി.എഡ്) പരിഷ്കരിക്കുന്നതിനു മുന്നോടിയായി എസ്.സി.ഇ.ആർ.ടി., ഡയറ്റുകളുടെ സഹായത്തോടെ കേരളത്തിലെ 14 ജില്ലകളിൽ നടത്തിയ പഠനങ്ങളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലാണ് ഡി.എഡ് പാഠ്യപദ്ധതി നവീകരണം 2017 - സമീപനരേഖ തയാറാക്കിയിട്ടുള്ളത്. നിലവിലുള്ള അധ്യാപക വിദ്യാഭ്യാസത്തിന്റെ മികവുകൾ, പ്രശ്നങ്ങൾ എന്നിവ പരിശോധിക്കുകയും പുതുതായി രൂപീകരിക്കേണ്ട അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ അവതരിപ്പിക്കുകയുമാണ് ഇവിടെ ചെയ്തിരിക്കുന്നത്. പാഠ്യപദ്ധതിപരിഷ്കരണത്തിന്റെ പശ്ചാത്തലം, മാറുന്ന അധ്യാപകവിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്, വിഷയസമീപനങ്ങൾ, അധ്യാപക വിദ്യാഭ്യാസത്തിന്റെ ഘടനാപരമായ മാറ്റം, അധ്യാപകനൈപുണികൾ, അധ്യാപകനൈതികത, വിലയിരുത്തൽ സമീപനം, പാഠ്യപദ്ധതി അവലോകനം എന്നീ മേഖലകളെയെല്ലാം അഭിസംബോധന ചെയ്ത് കേരളത്തിലെ അധ്യാപക വിദ്യാഭ്യാസത്തെക്കുറിച്ച് സമഗ്രമായ ഒരു ചിത്രം അവതരിപ്പിക്കാനാണ് ഈ സമീപന രേഖയിൽ ശ്രമിച്ചിരിക്കുന്നത്. 2018-19 അധ്യയനവർഷം മുതൽ നടപ്പാക്കാൻ പോകുന്ന DEl.Ed പാഠ്യപദ്ധതി തയാറാക്കുന്നതിനുള്ള ആശയപരമായ അടിത്തറ ഈ സമീപനരേഖയിൽനിന്നു രൂപപ്പെട്ടു വരേണ്ടതുണ്ട്. കേരളത്തിലെ അധ്യാപകർ, വിദ്യാഭ്യാസവിചക്ഷണർ, സാമൂഹിക ശാസ്ത്രജ്ഞർ, രാഷ്ട്രമീമാംസകർ മുതലായവരുടെ ശ്രദ്ധാപൂർവമായ ഇടപെടലുകളിലൂടെ ഈ സമീപനരേഖയിലെ കാഴ്ചപ്പാടുകളെ സമ്പുഷ്ടമാക്കുകയും അധ്യാപകവിദ്യാഭ്യാസ പാഠ്യപദ്ധതി രൂപപ്പെടുത്തുകയും ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു.